ഓം

# അരുണോദയം.

പുസ്തകം 2. } 1104 കുംഭം. { ലക്കം 10.

## ഒരു നിരീക്ഷണം.

പാരമാമാഹ്ലാദംമെത്തുന്ന ചിത്തത്തിൽ
സാരമാംതത്വത്തെ ഷേക്കുവാനോ?
ഭാരമായ് തോന്നുന്നാജീവിതക്ലേശത്തിൻ-
കാരണമാരാഞ്ഞുകൊള്ളുവാനോ?
കായാഭിമാനിയാംമാനുഷൻപോറുന്ന്
പേയായസംസാരനിസ്സാരത്വം
മായാവിയായീട്ടുമീശന്റെചേഷ്ടയി-
ലായാസമെന്നിയേകാട്ടുവാനോ?
മോഹനഗാത്രത്തെ കൈക്കൊണ്ടിപ്പൈതൽതാൻ
ലോചനഗോചരമായീടുന്നു.

അപ്പനുമമ്മയുംബന്ധുജനങ്ങളു-
മിച്ചാരുരൂപത്തെവാഴ്ത്തീടുന്നു.
"വാനിലുലാവുന്നാവാർതിങ്കൾതൻബിംബം,
മാനസോല്ലാസിയാംരാജഹംസം,
വീണാനിനാദത്തിൻ മാധുര്യപൂരത്തെ
വീണാക്കിതീക്കുന്നവേണുഗാനം,
ചന്ദനച്ചാറണിച്ചാരുവാംമേനിയിൽ
മന്ദമായ് വീയുംകുളിർപവനൻ.

പത്തനംതന്നിൽനല്ലൈശ്വര്യമേറുന്ന
പത്തരമാററുള്ള തങ്കക്കുടം.
ആസന്നസൌഭാഗ്യസൂചകഹാരമേ!
ആചന്ദ്രതാരമേവാഴ്ക്കവാഴ്ക.

UNIVERSITY LIBRARY 14 APR. 1929 MADRAS

രാരാരോ,രാരാരോ,എന്നുണ്ണിരാരാരോ,
രാരാരോ,എന്നുണ്ണിരാരിരാരോ,"
ഇത്തരമായവർപാടിയുമാടിയും
ചിത്തരസേനസുഖിച്ചീടുന്നു.
കൈതവമെന്നതറിയാത്തൊപൈതലോ
കൈകാലടിച്ചുകരഞ്ഞീടുന്നു.

സന്തോഷമേകത്ര,സന്താപമന്യത്ര,
എന്തോയിതിൽപൊരുളാരറിഞ്ഞു?
എന്തിനുവാവിട്ടുകേഴവതിപ്പൈത-
ലെന്തിതിൻമുൻപുപിൻപെന്നുമൊന്നും
ചിന്തിയാതെന്തുവാനാഹ്ലാദിച്ചീടുന്നു
തന്തയുംതള്ളയുംമററുള്ളോരും,
ജീവിതശൃംഖലയ്ക്കുണ്ണിയാംകണ്ണിയൊ-
ന്നീവിധംക്രൂട്ടിത്തൊടുത്തുവെന്നോ?
കന്മഷച്ചാററിൽകുഴച്ചുനവരസ-
നിർമ്മിതമായകറിക്കുളരട്ടന്തി
ജന്മമാംനാടകമാടിച്ചുകൊള്ളുവാ-
നന്മയിൽപ്രാർത്ഥിച്ചതൊത്തുവെന്നോ?
ഉററവരുല്ലസിച്ചുള്ളംകുളുർപ്പത-
ക്കററക്കിടാവുമറിയുന്നില്ലാ.

ഹാ!ഹാ!യിതെന്തൊരുബന്ധംജഗദീശ-
മാഹാത്മ്യംകീഴ്മേൽമറിഞ്ഞതോവാൻ?
സൃഷ്ടിസ്ഥിതിലയലീലയാലീലോകം
കെട്ടിപ്പുലർത്തുന്നമട്ടുകാട്ടി,
ബ്രഹ്മാണ്ഡത്തിങ്കലേതത്വങ്ങളെല്ലാമി-
പിണ്ഡാണ്ഡത്തിങ്കലുംചേർത്തിണക്കി,
ജീവജഡങ്ങളിലന്യോന്യവിഭ്രമ-
ഭാവഭേദങ്ങൾവരുത്തിവച്ചു,
സൂക്ഷിച്ചോർപ്പോർക്കെന്തോഒന്നുണ്ടെന്നുതോന്നിക്കും
സാക്ഷിത്വമെങ്ങുംവഹിച്ചുപോരും
കാലസ്വരൂപനാമീശന്റെലീലയിൽ
സ്ഥൂലാഭിമാനിയാംജീവനല്ലീ
നേടിവച്ചുള്ളതഴിപ്പാനോ,മേലിലും
നേടിയനുഭവിച്ചീടുവാനോ.
ശോകവുംഹർഷവുമംശിച്ചുമിശ്രമാം

ലോകപ്രയാണത്തിൽസക്തിയോടേ
മായയ്ക്കുമീശനുംമദ്ധ്യസ്ഥമായുള്ള
മാനുഷവേഷംധരിച്ചീവണ്ണം
മാതാപിതാക്കൾക്കുമദ്ധ്യസ്ഥനായ്നിന്നു
മോദത്തേനൽകുന്നുബാലരൂപം.

* * *

കൊള്ളാമിജ്ജന്മമെന്നാകിലോ,സന്തോഷം
കൊള്ളാതെമന്ദംഹസിച്ചീടാതേ.
ഉള്ളാളിദുസ്സഹതാപത്തോടെന്തയ്യോ
തുള്ളിത്തുടിച്ചുകരഞ്ഞീടുന്നു.

മർത്ത്യർക്കുമുന്നിട്ടുനില്ക്കുന്നദുഃഖത്തെ
പ്രത്യക്ഷമാക്കികൊടുത്തീടുന്നോ?
ഗർഭസ്ഥനായുള്ളവൃത്തമായുള്ള-
ദുർഭരവിഭ്രമതാപഭാരം

തിങ്ങിക്കവിഞ്ഞതിമോഹിതനായിട്ട്
വീങ്ങിവിലപിച്ചീടുന്നതല്ലീ?
ഈശൻകൊടുത്തതോ,താനായെടുത്തതോ
വേഷമിക്കാണ്മതഭിനയിച്ച്
ദോഷമണയാതെപിൻവാങ്ങികൊള്ളുവാൻ
ക്ലേശമെന്നോർത്തോതാൻ രോദിക്കുന്നു.

മാതാപിതാക്കളോ ജാതിക്രമംപോലെ
ജാതകർമ്മങ്ങൾനടത്തീടുന്നു.
ഭൂതപിശാചാദിബാധകൾനീങ്ങുവാൻ
പൂതമാംമന്ത്രവുമോതിക്കുന്നു.
ഭൂതിയുംഖ്യാതിയുമൊക്കെയറിയുവാൻ
ജാതകം ചാർത്തിത്തുടങ്ങീടുന്നു.

പണ്ടങ്ങൾതീർക്കുന്നു,കണ്ടങ്ങൾ ചാർത്തുന്നു
കണ്ടാലുമാഹന്തമോഹബന്ധം
രണ്ടുദിവസങ്ങൾകൊണ്ടവരാദ്യന്തം-
കണ്ടുമനോരാജ്യംകൊണ്ടീടുന്നു.

നന്നുനന്നീവകയെങ്കിലുംവേണ്ടുന്ന-
തൊന്നുമേചിന്തിപ്പാൻഭാവമില്ലാ.
ഓരാണ്ടോ,യിപ്പിള്ളക്കർമ്മഫലംപോലെ
നൂറാണ്ടോജീവിക്കാമെന്നിരിക്കെ

ന്നൂറാണ്ടുതന്നെയെന്നുള്ളിലുറച്ചവർ
ക്കൂറാണ്ടുജീവിതംഘോഷിക്കുന്നു.

ഒന്നിനുമീതേമറെറാന്നെന്നരീതിയിൽ
വന്നടിഞ്ഞീടുന്നുമോഹപൂരം
മായാവിനിശ്ചിതമായനിയമ,മ-
മേയഗുണമെന്നുതോന്നുമല്ലോ.

ആമയമാററുവാൻകാമിതപൂർത്തിക്കായ്
പാമരരീതിയിൽപ്രാൎത്ഥിക്കുന്നു.

താമസസമ്മിശ്രമായഫലത്തിൽനി-
സ്സീമമായ് പിന്നീടുദുഃഖിക്കുന്നു.

സ്ഥൂലമാം ചിന്തയിൽ സൂക്ഷ്മതകിട്ടായ്ക-
മൂലമിബ്ബാലകജീവിതത്തെ
നാനാമുഖങ്ങളാമൈഹികസൌഖ്യങ്ങൾ-
ക്കാരാമമായിട്ടുകല്പിക്കുന്നു.

രാജയോഗങ്ങളുണ്ടാകയാലെന്നുണ്ണി
രാജാവാമല്ലെങ്കിൽമന്ത്രിയാവാം
സംഗീതസാഹിത്യചിത്രകലകളിൽ
തിങ്ങീടുംകീർത്തിയുംപെററുകൊള്ളും.

വാജിമുതലായവാഹനരാജിയാൽ
രാജിതനായ്വരുമിക്കുമാരൻ

മാനവാരാധിതനായീടുമൊട്ടേറെ-
സ്ഥാനമാനങ്ങളുംവന്നിണങ്ങും.

"ഉണ്ണികമഴ്ന്നുനീന്തിത്തുടിച്ചാലും
കണ്ണുകൾക്കാനന്ദമേകിയാലും
മുട്ടുകാൽനിന്നുംനടന്നുമിടയ്ക്കിടെ
തട്ടിത്തടഞ്ഞുടൻവീണുംകേണും.

കൊച്ചുചുവടുകൾവച്ചുംപലതരം
പിച്ചുകൾകാണിച്ചുകേളിചെയ്തും

എന്നുണ്ണിമേന്മേൽവളന്നുസുഖിച്ചാലു-
മെങ്ങൾക്കുകൌതുകപാത്രമായി"
പാലോട്ടുതേന്മഴപെയ്യുകണക്കിന്നെ
താലോലിച്ചീടുന്നുപൈതൽതന്നെ

* * *

ഈശവിലാസമനാദരിച്ചീടുമൊ-

രാശാവലയംവളൎന്നുപോയാൽ
സാധിതമാകയില്ലൊന്നുമേമൎത്ത്യൎക്കു
ബാധിതമാസ്സതുമെന്നുംകാണ്മൂ.
ഇത്തത്വസാരത്തെപ്രത്യക്ഷമാക്കുന്നി-
തത്രനാംകാണ്മൊരുബാലജന്മം
ആററുനോററുണ്ടായഗൎഭമൊട്ടുവിലേ-
യ്യേററുവാൻവയ്യാത്തമാറാപ്പായി.
പേററുനോവത്യന്തമേററ ജനനിയോ-
ടേററുവാങ്ങീടുന്നമാത്രതന്നിൽ.
പോററുവാനാകരുതാഞ്ഞോ ശിശ്ശുവിനെ
ധാത്രീതൻവക്ഷസ്സിലൎപ്പിക്കുന്നു.
അപ്പൊഴുതുണ്ടായമാതാവിൻക്ലേശമോ
അപ്പുറമൊന്നുംപറഞ്ഞിടേണ്ട.
അൎഭകനൽഭൂതമായെന്നുമോദവും
അൎഭകബോധവുമില്ലവൾക്കു്.
മോഹിതയായിട്ടുവീഴുന്നു,പൈതലോ
ബോധരഹിതംകരഞ്ഞീടുന്നു.
ഒന്നുമറിയാത്തോരെല്ലാമറിഞ്ഞവ-
രെന്നുള്ള രീതിയിൽമററുള്ളോരും.
അല്പനിമിഷംകൊണ്ടൊക്കെ തെളിഞ്ഞുപോ-
യത്ഭുതമത്ഭുതമെന്നേവേണ്ടു.
ചൊന്നചടങ്ങുകളെല്ലാമെചെയ്തിട്ടു-
മുന്നോട്ടുമുന്നോട്ടുയാത്രയായി.
കിഞ്ചിൽസമയവുംപോകാതെവെവ്വേറെ
കൊഞ്ചിക്കുഴയിച്ചുപാട്ടിലാക്കി
പെററവ, രുററവർ, മററവ, രെന്നൊക്കെ
പ്രത്യേകംപ്രത്യേകം തൊട്ടുകാട്ടി.
ആൎജ്ജിതകൎമ്മങ്ങൾക്കൊക്കംകൊടുക്കുവ-
നാക്കിയക്രുററുകാരെന്നപോലെ
വാസനതങ്ങൾക്കുപററാത്തതെങ്കിലോ
ശാസനചെയ്തുതുംകീഴടക്കി.
ഒന്നുകുറവായിതൊന്നുമറവായി-
തെന്നുള്ള തൊന്നുമേവന്നിടാതേ
കൂടെപ്പയററുവാൻവേണ്ടുന്നകോപ്പുകൾ
കൂട്ടുന്നമോദത്താൽസജ്ജമാക്കി

നന്മയേനൽകുന്നാസന്താനമായിട്ടു
നന്ദനൻതന്നെവളൎത്തീടുന്നു.
മൎത്ത്യന്റെകാമിതമെവ്വിധമായാലും
മറെറാന്നിനായതുകീഴ്പ്പെടുന്നു.

*       *       *       *

വസ്തുപ്രതിബിംബമേററുകൊണ്ടീശ്വര-
വത്തിനിയായിട്ടുംമായതാനോ
മൎത്ത്യക്കിണങ്ങിയമാതൃകയായ് നടി-
ച്ചത്യന്തംജീവനെമോഹിപ്പിപ്പൂ.
വസ്തുതയോൎക്കാതെബദ്ധനാംജീവനോ-
മുക്തനേപോലനുവൎത്തിക്കുന്നു.
സ്ഥൂലശരീരത്തെതാങ്ങാക്കിതാനനു-
കൂലങ്ങൾകൎമ്മങ്ങൾചെയ്തീടുന്നു.
ജീൎണ്ണിക്കുംമുൻപായിതീരാത്തകൎമ്മങ്ങൾ
ഊനിക്കിടപ്പതുമേററിക്കോൾവാൻ
അന്യശരീരത്തെകൈക്കൊണ്ടുപിന്നെയും
മന്നിടംതന്നിൽപിറന്നീടുന്നു.
ജീവന്മാർകോടാനുകോടിക്കണക്കിനു-
ണ്ടീവിധംമാറിമറഞ്ഞിടുന്നു.
ഏകനവരിലീബാലസ്വരൂപത്തി-
ലാഗതനെന്നവരോൎക്കുന്നില്ലാ.
മായതന്നായതവൃത്തിപ്പുകച്ചയാ-
ലായതുവിസ്മൃതപ്രായമായി.
ഓമനയെന്നവരൊക്കെയുമാഹ്ളാദി-
ച്ചോരാണ്ടുലാളിച്ചകോമളാംഗൻ
ഹാ! മാററമില്ലാത്തൊരീശ്വരലീലയിൽ
നാമാവശേഷനായെന്നോവേണ്ടൂ.
മാറത്തടിച്ചിതാമാതാവുകേഴുന്നു
മാറാത്തഖേദത്താൽമററുള്ളോരും.
ആശിച്ചകാൎയ്യങ്ങൾസാധിയ്ക്കാതാകയാൽ
ക്ലേശിച്ചുകേഴുന്നുകൂട്ടത്തോടെ
ബാലശരീരത്തെവിട്ടൊരുജീവൻതൻ
ഭാവിയാംബന്ധത്തിനെന്നപോലെ.

ഓടാട്ടിൽ കേശവമേനോൻ.

# പുലിയൻകുന്നിലെ വേട്ട. (തുടർച്ച)

"അസ്തമിച്ചിതുസൂര്യനട്ടത്തുമുഹൂർത്തവും
ഉത്തരംപറയേണമുത്തമേ! സുഭദ്രേ! നീ"

"കുഞ്ഞിക്കു അമ്പലത്തിൽ പോണ്ട മുറയെന്താ കുറച്ച്സ്സായി മൂത്തിരിക്കുന്നത്."

ഇങ്ങിനെ അമ്പലത്തിൽ പോകാൻ പുറപ്പെട്ട കങ്കമ്മയെ ഇടത്തിൽ തറവാട്ടിലമ്മ അധിക്ഷേപിച്ചു.

"ഞാനെന്റെ പണിയെല്ലാം തീർത്തിരിക്കുന്നല്ലോ മുത്തശ്ശി!" എന്നു കങ്കമ്മ ആവലാതിപ്പെട്ടു.

മു:—"ഉം! പണി!—മിണ്ടാണ്ടിരിക്ക്. എന്നി പോയി എപ്പൊ മടങ്ങി വരുന്നത്. നേരം ഇരുട്ടായിട്ട്. പശുക്കളെ കറക്കണം. കളരീന്നു വരുന്ന കുട്ടികൾക്കു പാല്ക്കഞ്ഞി കൊടുക്കണം. എന്തെല്ലാം, എന്തെല്ലാം പണി."

കങ്കമ്മ:—പശുവിനെ മാത്രു കറക്കും. ഏട്ടനും മററും പാല്ക്കഞ്ഞി ശരിയാക്കി വെച്ചിട്ടുണ്ട്. വന്നാൽ അമ്മ കൊടുത്തോളും.

മുത്തശ്ശി:—അമ്മ! എണീട്ടുനടക്കാനാവാത്ത അമ്മ. അവളെ ഏല്പിച്ചാൽ ചെതായി! അവൾക്കു ഒന്നിനും അരുത്.

അമ്മ:—ഇല്ലമ്മേ; അപ്പക്കു പാൽക്കഞ്ഞി ഞാൻ കൊടുത്തോളാം. കുട്ടികളല്ലെ? പിടിച്ചു കൂട്ടിലിടുംപോലെവെച്ചാൽ എപ്പോഴും നില്ക്കോ! പോയ്യോട്ടെ.

മുത്തശ്ശി:— ഹും! പൊയ്ക്കോട്ടെ. വാല്യക്കാരത്തി ആ പുലിയങ്കാട്ടൂടെ. ഒത്ത നിരസന്ധ്യക്കു. ഇങ്ങെന്താ?

അമ്മ.—ദേവനെ തൊഴാനല്ല്യോ!

മു:—ഉം. അമ്മക്കും മകക്കും തോന്ന്യ തൊഴില്. രാവിലെ പോയാമതീന്ന് ഞാമ്പറയും. ഒരുന്നാളും കാലത്ത് പോവൂല്ല. ദിവസം മൂന്നൊത്ത സന്ധ്യക്കു. ഇതെന്തൊരു മാതിരി! കഷ്ടം.

അമ്മ:—ഇതാ. കുഞ്ഞി! വേഗം വരണേ!

കങ്കമ്മ അന്നു അത്യുത്സാഹത്തോടെ അമ്പലത്തിലേക്കു പുറപ്പെട്ടു. കുളിക്കാൻ പോകുന്ന അവൾ എന്തിനാണ് തലമുടി ചീകിമിനുക്കുന്നതും ഉടുപുടവയിൽ അഴുക്കു പററീട്ടുണ്ടോ എന്നു സൂക്ഷിച്ചുനോക്കുന്നതും? അവൾ ഏതൊ ഒരദൃശ്യശക്തിയാൽ പ്രേരിതയെന്നപോലെ അതിവേഗത്തിൽ നടന്നു പുലിയൻകാട്ടിലെ പെരുവഴിയിലെത്തി. അവളുടെ കരുവാളിച്ച കണ്ണുകൾ അത്യാർത്തിയോടെ നാലുഭാഗവും പാഞ്ഞു. ഹൃദയം അതിവേഗത്തിൽ ഇടിച്ചു. കയ്യിലുണ്ടായിരുന്ന "വാകപ്പൊടിയും പൊട്ടിക്കാച്ചികരി"യും നിലത്തു വീണു പോയത് അവൾ

അറിഞ്ഞതേ ഇല്ല. വല്ലദിക്കിൽനിന്നും ഉണക്കച്ചുള്ളിയോ മരങ്ങളുടെ കൊമ്പുകളോ ഒച്ച ഉണ്ടാക്കിയാൽപോലും അവളുടെ ശ്രദ്ധ അവിടെ എത്തുന്നു. കഷ്ടം! അവൾ എന്തൊരലഭ്യപദാൎത്ഥത്തെയാണ് ഉത്ര ഉൽക്കണ്ഠയോടെ അന്വേഷിക്കുന്നത്? ഏതാണ്ടു മൂന്നുനാലുനാഴിക അവൾ കാരണമില്ലാതെ അവിടെയെല്ലാം തിരഞ്ഞു നടന്നു. ഒടുവിൽ ശേഷിച്ച ആശയും നശിച്ചു രണ്ടുകയ്യും തുടിക്കുന്ന മാറത്ത് അമൎത്തു പിടിച്ചു.

"കഷ്ടം! എന്നെ ചതിച്ചല്ലോ ഈശ്വരാ! ഹാ! എന്തൊരുവാക്കു!"

ഇത്രയും അവളുടെ ഉള്ളിലൊതുങ്ങാതെ പുറത്തു പുറപ്പെട്ടു. അവൾ മുമ്പോട്ടുനടന്നു തുടങ്ങി. പെട്ടെന്നു തന്റെ മുമ്പിൽ ഒരമ്പു വന്നുവീണു. ആ യുവതിയുടെ കണ്ണും കരളും ഒരുമിച്ചു അതിന്മേൽ പതിഞ്ഞു. ആ അമ്പു പരമാനന്ദമയമായ ഒരോൎമ്മ അവളിൽ ഉൽപാദിപ്പിച്ചുവെങ്കിലും അതേസമയത്ത് ആപൽക്കരമായ മറ്റൊരോൎമ്മയും അവളുടെ ഉള്ളിൽ ജനിപ്പിച്ചു. ഒന്നാമത്തേത് അന്നു തന്റെ മുമ്പിൽ വന്നുവീണ അമ്പിന്റെ കഥയായിരുന്നു. രണ്ടാമത്തേത് വേടന്മാരുടെ ആ വാസസ്ഥാനമായ ആ കാട്ടിൽ അമ്പിന്റെ പതനം ദുൎല്ലഭമായിരിക്കയില്ലെന്നും അത് സന്തോഷിക്കത്തക്ക യാതൊരടയാളവും കാണിക്കുന്നില്ലെന്നുമായിരുന്നു. എന്നാൽ അവളുടെ മനസ്സു വളരെനേരം ബുദ്ധിമുട്ടേണ്ടിവന്നില്ല. പെട്ടെന്നു ഒരു യുവാവു അവളുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു. ആയാളുടെ മന്ദസ്മേരമധുരമായ മുഖം ആ ഇളംവെളിച്ചത്തിൽ പ്രശാന്തമായി പ്രകാശിച്ചു. യുവതിയുടെ മങ്ങിയ മുഖം പ്രഭാതത്തിൽ വിടരുന്ന പനിനീർപ്പൂപ്പോലെ പ്രസന്നമായി. അവൾ രണ്ടടി മാറി മുഖം താഴ്ത്തി നിലവായി. അവരിരുവരും അല്പനേരം മൌനമവലംബിച്ചു ഒടുവിൽ യുവാവ് ഇങ്ങിനെ പറഞ്ഞു.

"ഇന്നെന്താ കുറെ കാലത്തെ?"

കുങ്കമ്മ;—കാലത്തേയോ? നേരംവൈകിയില്ലേ?

ചന്തു:—ഇന്നേക്കു അഞ്ചാറു ദിവമായി ഞാനിവിടുന്നുപോയിട്ട്. തിടുക്കമായ ചില കാൎയ്യങ്ങളുണ്ടായിരുന്നു. അതിനാൽ പുലിയൻകുന്നിലെ വേട്ടക്കു വഴക്കംവന്നു.

കു:—നിങ്ങളീ ശനിപിടിച്ച ദേശത്ത് എന്തിനു വന്നു? ചതിയന്മാരുമായുള്ള ചങ്ങാതിത്തം മാനവും മൎയ്യാദയുമുള്ളവൎക്കു നാശമാണ്.

ചന്തു:—ചതിയന്മാരോടു ചതി. വെട്ടിനുതട്ട്. എന്നാലേ കാൎയ്യം നടക്കു.

കു:—നേരം പോയി. എന്തൊരു കഷ്ടമാണ്? അമ്പലത്തിൽ പോകുന്നതിലും അരിശമായിത്തുടങ്ങി.

ചന്തു:—ആൎക്ക്?

കു:—വീട്ടിലുള്ളവൎക്കു.

ചന്തു:—(മന്ദഹസിച്ചുകൊണ്ടു) എന്തിന്ന്?

കു:—ഞാനറിയില്ല. പോട്ടെ ഞാൻ.

ചന്തു:—വരട്ടെ. നില്ക്കൂ. ഇത് വരെ എന്തായിരുന്നു അന്വേഷിച്ചത്?

കു:—(ലജ്ജിച്ചു മുഖം താഴ്ത്തിക്കൊണ്ടു്) ആ അമ്പ്

ചന്തു:—ഏതമ്പ്—എന്തിനാണ് അമ്പിനേയുംമററും തിരഞ്ഞു ബുദ്ധിമുട്ടുന്നത്?

കു:—ഞാനൊന്നിനേയും തിരഞ്ഞു ബുദ്ധിമുട്ടാറില്ല

ചന്തു:—പക്ഷെ. ഇന്നു ബുദ്ധിമുട്ടി. മനസ്സാക്ഷിയെ വഞ്ചിക്കണ്ട.

കു:—അയ്യോ! നേരം വൈകി. ഞാൻ പോകുന്നു. നാം തമ്മിലുള്ള സംസാരം ഒരത്യാപത്തിന്നു കാരണമായിരിക്കും. പുരുഷന്മാർ ധൃതികൊണ്ടു പെട്ടെന്നു ആലോചനയില്ലാതെ പ്രവൃത്തിക്കുമായിരിക്കാം സ്ത്രീകൾ അങ്ങിനെയല്ല. അതിനാൽ ഇതിലെ വൈഷമ്യം ആലോചിക്കേണ്ടത് ഞാനാണ്. എൻെറ കുഡുംബക്കാരുടെ സ്വഭാവം എനിക്കു നല്ലവണ്ണം അറിയാം. ഞാൻ പോട്ടെ.

അതുവരെ മുഗ്ദ്ധയായി തോന്നപ്പെട്ട ആ യുവതിയുടെ പ്രൌഢമായ ഭാവവും യുക്തിയുക്തമായ വാക്കും കേട്ടപ്പോൾ യുവാവിന്നു അവളുടെ നേരെ തോന്നിയ ബഹുമാനവും സ്നേഹവും പതിമടങ്ങു വർദ്ധിച്ചു.

ചന്തു:—അതാ പെണ്ണുങ്ങളുടെ 'പായ്യാരം' പുറപ്പെടുന്നു! കുഡുംബക്കാർ! പുല്ല്! ചുണയുള്ള ചെറുപ്പക്കാൎക്കു ഈ മാതിരി വാക്കെല്ലാം പുച്ഛമാണ്.

യുവതി ഹാസ്യരസത്തിൽ ഒന്നു പുഞ്ചിരികൊണ്ടു.

കുങ്കമ്മ:—ചെറുപ്പത്തിൻെറ ചോരത്തിളപ്പാണ് ഇങ്ങിനെയെല്ലാം തോന്നിക്കുന്നത്.

ചന്തു:—ഏതായാലും ഞാൻ കാൎയ്യമായിട്ടാണ് ചോദിക്കുന്നത്. അവരവരുടെ ആന്തരം പറഞ്ഞാൽ മതി. അഭിപ്രായത്തിന്നു ഞാൻ ആവശ്യപ്പെട്ടിട്ടില്ല. വൈഷമ്യങ്ങളെല്ലാം ആലോചിക്കേണ്ടതു ഞാനാണ്.

കു:—രണ്ടാളും ഇതിൽ ഒത്ത അവകാശികളാണ്. അഭിപ്രായത്തിന്നു അങ്ങും ഇങ്ങും അവകാശമുണ്ട്. ഉള്ളത് ഇല്ലാതേയുമായോ?

ചന്തു:—അതാ. പിന്നെയും നേരമ്പോക്കു. അഭിപ്രായത്തിനു അവകാശമില്ലെന്നു ഞാൻ പറഞ്ഞില്ല. ആ ഭാരമെല്ലാം ഞാനേറെറാളാം. എന്നെ വിശ്വസിക്കുമോ?

കു:—ഞാൻ—ഞാൻ—വിശ്വസിക്കുകയോ?

ചന്തു:—അതെ വിശ്വസിക്കുമോ? എന്നെ ആന്തരമായി വിശ്വസിക്കുമോ?

യുവതി (ഒട്ടൊരു പരിഭ്രമത്തോടെ കാഞ്ചനകാന്തിവിശേഷം വഴിഞ്ഞു തുളുമ്പുന്ന ആയാളുടെ മുഖത്ത് നിന്നിമേഷയായി നോക്കി. താണ സ്വരത്തിൽ) എൻെറ പ്രിയപ്പെട്ട (അർദ്ധോക്തിയിൽനിൎത്തി നെടുവീൎപ്പിട്ടു വീണ്ടും തുടൎന്നു പറഞ്ഞു) നിങ്ങളെന്നെ നിൎബ്ബന്ധിക്കരുത്. അയ്യോ! പാടില്ല. സത്യമായിട്ടും നിങ്ങളുടെ നന്മക്കുവേണ്ടി ഞാനെൻെറ മനസ്സാക്ഷിയെ വഞ്ചിക്കുകതന്നെ ചെയ്യും.

ചന്തു:—ആപത്തിന്നു മാറുകാട്ടിക്കൊടുക്കുക ഞങ്ങളുടെ തൊഴിലാണ്. വരാനിരിക്കുന്ന ആവലാതിയെ ഭയന്നു ന്യായമായ കാൎയ്യത്തിൽനിന്നു പിൻമാറുന്ന ഒരാളെ ഞാൻ ബഹുമാനിക്കില്ല.

ക:—എന്തുചെയ്യാം! നിങ്ങളുടെ ബഹുമാനം സമ്പാദിക്കാൻ എനിക്കു ഭാഗ്യമില്ലാതെ പോയല്ലോ!

പെട്ടെന്നു ഒരു പുലി ചാടി അവരുടെ മുമ്പിൽ കടന്നു. ഉത്തരക്ഷണത്തിൽ ചന്തു വില്ലു കലച്ചു പുലിയുടെ പൂക്കറിക്കു ലക്ഷ്യമാക്കി ഒരമ്പയച്ചു. പുലി ഗത്യന്തരമില്ലാതെ അമ്പു പുറപ്പെട്ട സ്ഥലത്തേക്കു കുതിച്ചുചാടി. പുലിയുടെചാട്ടത്തെ ആദ്യമേ കരുതി അതിന്നനുസരിച്ചു ഉക്കിൽ ചെരുകിയ വെട്ടുകത്തി അതിൻെറ കഴുത്തിന്നുനേരെ ഓങ്ങിയിരുന്ന ചന്തു നിഷ്പ്രയാസം അതിനെ രണ്ടായി വെട്ടിയിട്ടു. പുലിയുടെ ചീറലും ചാട്ടവും കണ്ടു പരിഭ്രമിച്ചു കങ്കമ്മ "അയ്യോ!" എന്ന ദയനീയസ്വരത്തോടെ പുറകോട്ടു ചാഞ്ഞു. ചന്തു "സ്വന്തമെയ്, വികലമായപോലണഞ്ഞ്" അവളെ താങ്ങിയെടുത്തു. അഴിഞ്ഞുലഞ്ഞ തലമുടി പാറി ചിന്നിച്ചിതറി വിയൎപ്പുതുള്ളികളണിഞ്ഞ ആ മുഖം ആയാൾ തൻെറ മാറിൽ ചരിച്ചുവെച്ചു. അവളുടെ മിന്നിത്തിളങ്ങുന്ന ശരീരം ആയാളുടെ ബലമേറിയ ദേഹത്തിൽ പററിച്ചേൎന്നു. സന്ധ്യാദേവി ആ കാമുകീകാമുകന്മാൎക്കു മൌനാനുവാദം കൊടുത്തപോലെ പരിതസ്ഥലം നിശ്ശബ്ദമായി.

പടവീട്ടിൽ ചന്തു കങ്കമ്മയുടെ വിയൎത്തുചുകന്ന നെററിയിൽ ഇദംപ്രഥമമായി തൻെറ ചുംബനപ്രേമമുദ്ര പതിച്ചു. അവൾ ഞെട്ടിയുണൎന്നു കണ്ണു തുറന്നു. തൻെറ കാഞ്ചനകരവല്ലികളാൽ പ്രിയതമൻെറ കണ്ഠത്തിൽ പ്രണയമാല ചാൎത്തി.

ചന്തു:—കിതപ്പു മാറിയില്ലല്ലോ. വെള്ളം കുടിക്കണോ?

ക:—വേണ്ട. എൻെറ ജീവൻ അവിടത്തേക്കു എത്ര പ്രാവശ്യം കടപ്പെട്ടിട്ടുണ്ട്?

ചന്തു:—(മന്ദഹസിച്ചുകൊണ്ട്) നിൻെറ ജീവനെ രക്ഷിക്കാൻ ഞാനാണല്ലൊ കടപ്പെട്ടവൻ. അതിന്നു ഇടവരുത്തിയതിന്നു ഞാൻ ജഗദീശ്വരനോടു നന്ദിപറയുന്നു.

യുവതി പതുക്കെ ഒന്നു ചിരിച്ചു.

ചന്തു:—ആട്ടെ ഇനി വീട്ടിൽ പോവുക. നേരം വൈകി. നമുക്കു നാളെ കാണാം.

അവളുടെ കണ്ണുകളിൽ വെള്ളം നിറഞ്ഞു. ചന്തു തന്റെ കയ്യിലെ വിലപിടിച്ച മോതിരം ഊരി അവളുടെ കൈക്കിട്ടുവിച്ചു. അവളുടെ ഗണ്ഡസ്ഥലത്തു പ്രേമപൂൎവ്വം ചുംബിച്ചു.

(തുടരും) ശ്രീമതി, കടത്തനാട്ടു് കെ. മാധവിഅമ്മ.

# അൎത്ഥാലങ്കാരനിരൂപണം. (തുടൎച്ച)

പറഞ്ഞവകൂടാതെ, അവാന്തരവൈചിത്ര്യമപേക്ഷിച്ചു് ഉപമയ്ക്കു വേറെയും പല ഭേദങ്ങൾ വരാവുന്നതാണ്. അവയിൽ മുഖ്യമായവയെ നിൎദ്ദേശിക്കുന്നു.—

"ഒന്നിന്നനേകവിധമാ യുപമാനങ്ങൾചേൎക്കിലാം
മാലോപമയതുംധൎമ്മ ഭേദാഭേദങ്ങളാൽദ്വിധാ"

ഒരു ഉപമേയത്തെ ഒന്നിലധികം ഉപമാനത്തോടു ഉപമിക്കുന്നതായാൽ അതിനെ മാലോപമയെന്നു പറയും. അതിൽ സാധാരണധൎമ്മം ഒന്നുതന്നെയായും വെവ്വേറെയായും വരാവുന്നതിനാൽ അതിന്ന രണ്ടുവക ഭേദം കാണും.

ധൎമ്മഭേദത്തിന്നുദാഹരണം:—

ഭ്രമരഹിതംകചമതുപോൽ
സരസഹിതംസുഭ്രൂവിന്റെകചമതുപോൽ
സാഹിത്യംവിലസുന്നു
സ്വക്ഷരപീയൂഷമധരമെന്നതുപോൽ (സാഹിത്യവിലാസം)

ഇതിൽ ഭ്രമരഹിതം, സരസഹിതം, സ്വക്ഷരപീയൂഷമെന്നിങ്ങനെ സാധാരണധൎമ്മം ഓരോ ഉപമാനവാക്യത്തിലും വെവ്വേറെ നിൎദ്ദേശിച്ചിരിക്കുന്നു. എന്നാൽ അവ ശ്ലിഷ്ടമാണെന്നുകൂടി ധരിക്കണം.

വേറെ ഉദാ:—

ഹാ! മൺകുടത്തിലെരിയുന്നമണിപ്രദീപം,
ഭീമശ്മശാനഭുവിനട്ടരസാലപോതം,
ധൂമത്തിൽവെച്ചമലർ, കുപ്പയിലിട്ടസാള-
ഗ്രാമം, ഗ്രഹപ്പിഴയിൽമങ്ങിയെഴുന്നഭാഗ്യം,
പങ്കത്തിലാണ്ടചെറുദന്തി, മൃഷാപവാദ-
ത്തിങ്കൽപ്പതിച്ചസുയശസ്സിവയെന്നപോലെ,

വങ്കല്ലറക്കകമിരുന്നിട്ടുമായുവാവീ–
മങ്കക്കൊടിക്കഥപുരോഭുവിലക്ഷ്യമായി. (അനിരുദ്ധൻ)

ഇവിടെ 'വങ്കല്ലറക്കകമിരുന്നിട്ടു' മെന്ന ഉപമേയധർമ്മമായ ബിംബത്തിന്നു, 'മൺകുടത്തിലെരിയുന്ന', 'ഭീമശ്മശാനഭുവിനട്ട' എന്നിങ്ങനെയുള്ള അനേകം പ്രതിബിംബങ്ങളെ പ്രയോഗിച്ചിരിക്കുന്നു.

അഭേദത്തിന്നു:—

"കാർകൊണ്ടുമിണ്ടാത്തൊരുകൊണ്ടൽപോലെ
കല്ലോലമില്ലാതെഴുമാഴിപോലെ
കാററിൽപ്പെടാദ്ദീപവുമെന്നപോലെ
നിഷ്പന്ദമായ് പ്രാണനടക്കിവെച്ചും" (കുമാരസംഭവം)

ഇവിടെ നിഷ്പന്ദത്വമെന്ന ഒരേ ധർമ്മമാണ് എല്ലാ ഉപമാനങ്ങളിലും അന്വയിക്കുന്നതു. സാധാരണധർമ്മം ഗമ്യമായും വരാം.

ഉദാ:— നീരിൽമുക്കിയൊരുകൊള്ളിപോലെയും
മാരിപെയ്യുമൊരുകൊണ്ടൽപോലെയും
നാരിമാരുടയകുന്തൽപോലെയും
ശൌരിതൻവരനിവേദ്യമായിതോ! (ഉമാകേരളം)

ഇവിടെ കാർഷ്ണ്യമായ സാധാരണധർമ്മം ഗമ്യമാകുന്നു.

വേറെ ഉദാ:—

മുങ്ങുന്നൂസൂരിയാകുംദ്വിജനു മധമനാംശൂദ്രനുംവാപിയൊന്നിൽ
തങ്ങുന്നൂബർഹിവാഴുംതരുചിരലതയിലക്കാക്കയുംചെന്നുപിന്നെ
ശ്ശൂദ്രാദ്യന്മാരോടൊപ്പംക്ഷിതിസുരവരരുംതോണിയിൽകേറിടുന്നു–
ണ്ടോർത്താലുംനീയിവയ്ക്കൊത്തൊരുഗണിക,രമിപ്പിക്കുകെല്ലാവരേയും
(മൃച്ഛകടികം)

ഇവിടെ, നീ, വാപി, ലത, തോണി ഇവയ്ക്കൊത്തൊരു ഗണികയെന്ന മാലോപമയിൽ സർവ്വോപഭോഗ്യത്വരൂപമായ സാധാരണധർമ്മം എടുത്തുപറഞ്ഞിട്ടില്ലെങ്കിലും മററുള്ള മൂന്നു പാദങ്ങളാലും അക്ഷിപ്തംതന്നെ.

അതിരിക്കട്ടെ, ഭ്രമരഹിതംകചമതുപോൽ—എന്നിങ്ങിനെ ധർമ്മഭേദത്തിന്നു കൊടുത്തിരിക്കുന്ന ഉദാഹരണത്തിൽ 'വിലസുന്നു' എന്നു പറഞ്ഞിരിക്കയാൽ അതുതന്നെ ധർമ്മാഭേദപ്രകാരത്തിനും ഉദാഹരണമാവുകയില്ലേ എന്നു ശങ്കിക്കുന്നുവെങ്കിൽ പറയാം; 'വിലസുന്നു'വെന്ന പദംകൊണ്ടു നിർദ്ദേശിച്ചിരിക്കുന്ന വിലാസാഖ്യധർമ്മം എല്ലാ ഉപമാനങ്ങൾക്കും യോജിക്കുന്നതാണെങ്കിലും അതിന്നു പ്രത്യേകിച്ചു ചമൽക്കാരമൊന്നുമില്ലാത്തതിനാൽ അതിനെഉപമാസാധകമായി സാധാരണധർമ്മമായി വിവക്ഷിക്കുന്നതുതന്നെ യുക്തമല്ല. ഭ്രമരഹിതത്വം മൃ

തലായവയ്ക്കു ചമല്ക്കാരമുള്ളു; അതുകൊണ്ടു പ്രകൃതത്തിൽ അവയെ സാധാരണധൎമ്മമാവൂ. കാവ്യം സുന്ദരീകചംപോലെ വിലസുന്നു എന്നു പറഞ്ഞാൽ വല്ല ചമല്ക്കാരവും തോന്നുമോ? അതുകൊണ്ടാണ് അതിനെ ഗണിക്കാതെ ഭേദപ്രകാരത്തിന്നു ഉദാഹരിച്ചിരിക്കുന്നതു. ആകയാൽ ഉഭയോദാഹരണം.

നേരററുപൂക്കും പുതുവല്ലിപോലെ
താരങ്ങൾചേരുന്നൊരുരാത്രിപോലെ
സൈപരംവിഹംഗംപെട്ടമാറുപോലെ
പാരംവിളങ്ങീസതിഭൂഷയാലെ (കുമാരസംഭവം)

ഇത്യാദിയാണെന്നു ധരിക്കണം. ഇവിടെ 'നേരററുപൂക്കും' ഇത്യാദികൾ ഭേദത്തിന്നും, 'പാരംവിളങ്ങി' എന്നതു അഭേദത്തിന്നും ഉദാഹരണമായിക്കൂടെന്നില്ല. പാരംവിളങ്ങി' എന്നിങ്ങിനെ നിൎദ്ദേശിച്ചിരിക്കുന്ന ശോഭാതിശയത്തിന്നു സാധാരണധൎമ്മത്വ വിവക്ഷയുണ്ടെന്നു വിചാരിക്കേണ്ടിയിരിക്കുന്നു.

"രശനോപമ,പൂൎവ്വോപമേയംപിന്നുപമാനമായ്
കല്പിച്ചുമറെറാന്നതിനോട്ടപമിപ്പതിതുംഢധാ"

പൂൎവ്വോപയിലെ ഉപമേയത്തെ ഉത്തരോപമയിൽ, ഉപമാനമായ്ക്കല്പിച്ചു അതിനോട്ടു മറെറാന്നുപമിക്കുന്നതായാൽ അതിനെ രശനോപമയെന്നു പറയും. 'മറെറാന്നു' എന്നു പ്രത്യേകിച്ചു എടുത്തുപറഞ്ഞിരിക്കുന്നതുകൊണ്ടു ഉത്തരോപമയിലെ ഉപമേയം പൂൎവ്വോപമയിലെ ഉപമാനമാവരുത്—മുമ്പു നിൎദ്ദേശിച്ചതിൽ നിന്നു ഭിന്നമായിരിക്കണം—എന്നു താല്പൎയ്യം. ആകയാൽ അംബുജംപോലെ നിന്നാസ്യം നിന്നാസ്യംപോലെയംബുജം" ഇത്യാദി ഉപമേയോപമയിൽ അതിവ്യാപ്തി വരുന്നില്ല. ഇങ്ങനെയല്ലാതെ, "പൂൎവ്വോപമയിലെ ഉപമേയത്തെത്തന്നെ ഉത്തരോപമയിൽ ഉപമാനമായി പല ഉപമകളേയും നിബന്ധിക്കുന്നതു രശനോപമ" എന്നിങ്ങനെ സാഹിതീ സൎവ്വസ്വത്തിൽ പറഞ്ഞിരിക്കുന്ന പ്രകാരമായാൽ 'അംബുജംപോലെ നിന്നാസ്യം'—ഇത്യാദി മുന്നുദ്ധരിച്ച ഉപമേയോപമകൂടി രശനോപമയാണെന്നാവും.

ഇതും മുൻപറഞ്ഞതുപോലെ രണ്ടുവിധത്തിൽ വരും.

ധൎമ്മഭേദത്തിന്നു ഉദാഹരണം:—

മൊഴിയധരംപോൽമധുരം
മൊഴിപോലത്യുജ്ജ്വലമാംമേനി
മിഴിമേനിപോലതിരതി
മിഴിപോലത്യന്തദുസ്സഹംവിരഹം (ഭാഷാഭൂഷണം)

ഇതിൽ പൂൎവ്വോപമയിൽ ഉപമേയമായി നിൎദ്ദേശിച്ചിരിക്കുന്ന മൊഴിയെ ഉത്തരോപമയിൽ ഉപമാനമാക്കിയിരിക്കുന്നു. അതിൽ ഉ

പമേയമായ മേനിയെ അടുത്തതിൽ ഉപമാനമാക്കിയിരിക്കുന്നു. അതിലേ ഉപമേയമായ മിഴിതന്നെ അടുത്തതിൽ ഉപമാനം. സാധാരണധൎമ്മമാകട്ടെ ഓരോ ഉപമയിലും വെവ്വേറെതന്നെ.

ധൎമ്മാഭേദത്തിന്നു:—

അലകംപോലെനിൻചില്ലി, ചില്ലിപോലെവിലോചനം
വിലോചനംപോലെചിത്തംപ്രൌഢേ,കുടിലമെത്രയും (സ്വ)

ഇവിടെ കൌടില്യമെന്ന ഒരേധൎമ്മംകൊണ്ടുതന്നെ എല്ലാ ഉപമകളേയും നിൎവ്വഹിക്കുന്നു.

"സാംഗംപരസ്പരാപേക്ഷമുപമാസമുദായമാം
സൎവ്വശാബ്ദൈകദേശാൎത്ഥവൈചിത്ര്യംകൊണ്ടുരണ്ടിതു"

അവയവങ്ങളും അവയവിയുമെന്നപോലെ പരസ്പരാപേക്ഷയുള്ള ഉപമാസമുദായത്തെ സാംഗോപമയെന്നു പറയും. ഉപമ, സാമാന്യമായി രൂപകംപോലെതന്നെ നിരംഗമായും സാംഗമായും വരാം. അതിൽ നിരംഗമായ കേവലോപമയെയാണ് ഇതുവരെ വിവരിച്ചിരിക്കുന്നതു. സാംഗത്തിലാകട്ടെ സൎവ്വഭാഗങ്ങളും ശാബ്ദമായും ഏകദേശം മാത്രം ആൎത്ഥമായും വരാവുന്നതിനാൽ അതിന്നും രണ്ടു ഭേദമുണ്ടു. അതിൽ ആദ്യത്തേതിനെ സമസ്തവസ്തുവിഷയമെന്നും രണ്ടാമത്തേതിനെ ഏകദേശവിവൎത്തിയെന്നും പറയും. ഏതിൽ സമസ്തവസ്തുക്കളും എല്ലാഉപമാനരൂപാംഗങ്ങളും (വിഷയ)ശബ്ദോപാത്തങ്ങളായിരിക്കുന്നുവോ അതു സമസ്തവസ്തുവിഷയം. ഏകദേശത്തിൽ=ഏതാനുമൊരംശത്തിൽ വിവൎത്തിക്കുന്നതു=സ്വരൂപഗോപനംത്താൽ പ്രകാരാന്തരേണവൎത്തിക്കുന്നതു=ഏകദേശവിവൎത്തി.

സമസ്തവസ്തുവിന്നു ഉദാഹരണം:—

"കലാനിധികണക്കാസ്യം നിലാവോടൊക്കുമേസ്മിതം
വിലാസിനിവിളങ്ങുന്നിതലംപൂൎണ്ണിമപോലെനീ" (സ്വാ)

ഇതിൽ എല്ലാ അംശങ്ങളും വെവ്വേറെ ശബ്ദംകൊണ്ടു നിൎദ്ദേശിച്ചിരിക്കുന്നു.

വേറെ ഉദാ:—

"രസയ്ക്കുതൻവിത്തപദിക്കിനാത്ത-
രസത്തൊടുംപോയിനനെന്നപോലെ
രസംശരത്താൽപ്പരമംശുവാൽപ്പോൽ
അസംശയംനേക്ക്ഹരിച്ചുകോമവാൻ" (രഘുവംശം)

ഏകദേശവിവൎത്തിക്കു—

തളിരുപോലധരംസുമനോഹരം
ലളിതശാഖകൾപോലെഭുജദ്വയം

കിളിമൊഴിക്കുതതൌകുസുമോപമം
മിളിതമജ്ജലമാംനവയൌവനം. (ശാകുന്തളം)

ഇവിടെ ശകുന്തളയ്ക്കുള്ള ലതാസാദൃശ്യം അംഗോപമകളാൽ ആക്ഷിപ്തമാകുന്നുവെന്നല്ലാതെ ശബ്ദംകൊണ്ടു നിർദ്ദേശിച്ചിട്ടില്ല.

വേറെ ഉദാ:—

പരമഴകൊടുകാതിൽച്ചേർത്തനീപപ്രസൂനം
പരിചൊടുമഴയേററിട്ടദ്ര്യരുകുന്നനീരിൽ
ഒരുമലമുഴകിട്ടായൌവരാജ്യാഭിഷിക്തൻ
വരവരതനയൻപോലേററവുംമിന്നിടുന്നു." (മൃച്ഛകടികം)

ഇവിടെ അംഗിയായ യൌവരാജ്യാഭിഷിക്തനരവരതനയോപയാൽ നീപപ്രസൂനത്തിൽ മന്ത്രകലശോപമ ഗമ്യമായിരിക്കുന്നു.

കൂടാതെ:—

"സാംഗത്തിലൊന്നുമറെറാന്നിന്നുപായവിധിയാവുകിൽ
പരമ്പരിതമാംമാലാശുദ്ധശ്ലിഷ്ടാദിനാലതു"

സാംഗോപമയിൽ ഒരു ഉപമ മറെറാരുപമയ്ക്കു ഉപായരൂപമായിട്ടാണ് സ്ഥിതിചെയ്യുന്നതെങ്കിൽ അതിനെ പരമ്പരിതോപമയെന്നു പറയുന്നു. ഇവിടെ പരമ്പരയെന്നതു അന്യോന്യോപായതാരൂപമാണ് അതോടുകൂടിയതു പരമ്പരിതം. അതു ശുദ്ധമായും ശ്ലിഷ്ടമായും വരാവുന്നതിനാൽ മുൻപറഞ്ഞ മാലാരൂപം കേവലമെന്നീരണ്ടു പ്രകാരത്തോടുകൂടി ആകെ നാലുവിധം സംഭവിക്കും. അതിൽ കേവലശുദ്ധപരമ്പരിതത്തിന്നു ഉദാഹരണം:—

"പദ്മിനിക്കൊത്തനിൻപദ്മതുല്യമാംമുഖമോമലെ
ആസ്വദിച്ചാസ്വദിച്ചാനന്ദിപ്പതെന്നളിപോലെഞാൻ" (സ്വ)

ഇവിടെ വക്താവിൽ ഭ്രമരോപമാസിദ്ധിക്ക് ഉപായഭൂതമായിട്ടാണ്, മററുള്ള ഉപമസ്ഥിതി ചെയ്യുന്നതു. സാവയോപമയിലാകട്ടെ ഒന്നിന്നു മറെറാന്നു സമത്ഥകമാവാമെന്നല്ലാതെ ഒന്നിൻെറ സിദ്ധിക്കു മറെറാന്നു ഉപായഭൂതമായിരിക്കയില്ല. മുൻപറഞ്ഞ പൂണ്ണിമോപമയ്ക്കു ചന്ദ്രോപമയും ചന്ദ്രികോപമയും സാധകമാണെങ്കിലും ഉപായഭൂതമാണെന്നു പറഞ്ഞുകൂടാ. ഔജ്ജ്വല്യാദിഗുണസമ്യത്തത്താൽ നായികയെ പൂണ്ണിമയോടു ഉപമിക്കുന്നതിന്നു വിരോധമില്ലല്ലോ. ഇവ വെവ്വേറെ ശബ്ദങ്ങളെക്കൊണ്ടു നിർദ്ദേശിച്ചിരിക്കയാൽ ശുദ്ധം അതായയതു അശ്ലിഷ്ടം

വേറെ ഉദാ:—

ചക്രവാകംകണക്കീഞാൻദയിതാചക്രവാകിപോൽ
ധാരിണീരാത്രിപോൽഞങ്ങൾക്കഹോവിശ്ലേഷകാരിണീ (സ്വ)

ഇവിടെ അഗ്നിമിത്രനേയും മാളവികയേയും ചക്രവാകത്തോടും ചക്രവാകിയോടും ഉപമിച്ചിരിക്കുന്നതുകൊണ്ടാണ്, ധാരിണിക്കു രാത്രിയോടുള്ള ഉപമ സിദ്ധിക്കുന്നതു. അതുപോലെ, ധാരിണിയെ രാത്രിയോടു ഉപമിച്ചിരിക്കുന്നതുകൊണ്ടാണ് മററുള്ള ചക്രവാകാദ്യുപമ സിദ്ധിക്കുന്നതും ഇങ്ങനെ ഇവ പരസ്പരം ഉപായഭൂതങ്ങളായി സ്ഥിതിചെയ്യുന്നു.

വേറെ ഉദാ—

"ജ്വാലാജാലംകണക്കിങ്ങരിബലജലധൌബാഡവത്തീയ്യുപോലി-
ങ്ങാലോലാസ്രൃങ്ങൾതൂകുംമമഗുരുവരനാംനാഥനായിട്ടിരിക്കെ.
മാലേന്തീടുന്നതെന്തേകൃപ,രണമതിനായ്പോകപോകുന്നുനീയും
ചാലേവില്ലോടുതാതൻമരുവുമളവിലങ്ങേതുമേഭീതിവേണ്ട"

(വേണീസംഹാരം)

കേവലശ്ലിഷ്ടപരമ്പരിതത്തിന്നു:—

"ദേവേന്ദ്രതുല്യതേഭൂപഭൂവിലുള്ളസുരാലയേ,
ദേവന്മാരെന്നപോൽത്തന്നെക്ഷീബന്മാർവിലസുന്നതെ" (സ്വ)

ഇതിൽ സ്വർഗ്ഗംപോലെയുള്ള മദ്യശാലയിൽ എന്നിങ്ങനെ സുരാലയശബ്ദത്തിലുള്ള ശ്ലിഷ്ടോപമ ക്ഷീബ(കള്ളുകുടിയ)ന്മാരുടെ ദേവോപമാസിദ്ധിക്കു ഉപായഭൂതമായിരിക്കുന്നു. അപ്രകാരം 'സുരാലയത്തിലെ ശ്ലിഷ്ടോപമ സിദ്ധിക്കു ദേവേന്ദ്രോപമയും കാരണഭൂതമായിട്ടാണ് സ്ഥിതിചെയ്യുന്നതു. ആകയാൽ പരമ്പരിതം. സുരാലയോപമാകട്ടെ 'സ്വർഗ്ഗംപോലെയുള്ള സുരാലയം' എന്നിങ്ങനെ ഭിന്നശബ്ദങ്ങളെക്കൊണ്ടു എടുത്തുപറയാതെ രണ്ടർത്ഥത്തിന്നും വാചകമായ ഒരേ ശബ്ദംകൊണ്ടു കാണിച്ചിരിക്കയാൽ അതു ശ്ലിഷ്ടവുമാകുന്നു. മാലാരൂപമല്ലായ്കയാൽ ഈവകയൊക്കയും കേവലവുമാണ്

മാലാരൂപമായ ശുദ്ധപരമ്പരിതത്തിന്നു.

തിയ്യോടൊക്കുംബ്രഹ്മചര്യത്തിന്നുപേമാരിപോലെയും
നെയ്യോടൊക്കുന്നഗാർഹസ്ഥ്യന്നുതീജ്വാലപോലെയും
കാരിരുമ്പൊത്തസന്യാസവൃത്തിക്കത്യുഗ്രമായിട്ടും
വിദ്യുച്ഛക്തികണക്കുംനീവിലസുന്നുവിലാസിനി". (സ്വ)

ഇവിടെ വിലാസിനിക്കു പേമാരിയോടും തീജ്വാലയോടും (ഇരുമ്പിനെ ദ്രാവകമാക്കുന്ന) താദൃശവിദ്യുച്ഛക്തിയോടുമുള്ള ഉപമാസിദ്ധിക്കു തിയ്യോടൊക്കും ബ്രഹ്മചര്യമിത്യാദി പൂർവ്വപൂർവ്വോപമകൾ ഉപായങ്ങളാവുകയാൽ പരമ്പരിതം. വിലാസിനിയായ ഒരേ ഉപമേയത്തിന്നു ബഹൂപമാനസംബന്ധമുള്ളതിനാൽ മാലാരൂപം. ഉപമാനോപമേയങ്ങൾ ശ്ലിഷ്ടങ്ങളല്ലായ്കയാൽ ശുദ്ധം.

മാലാരൂപമായശ്ലിഷ്ടപരമ്പരിതത്തിന്നു—

മഹീഭൃത്തുകളിൽ ഭൂപമഹാമേരുവിനൊപ്പവും

കാവ്യേനീവൃഷപൎവ്വാവുപോലെയുംവിലസുന്നിതേ. (സ്വ)

ഇതിൽ 'മഹീഭൃത്ത്' 'കാവ്യ' എന്നീ ശബ്ദങ്ങളെക്കൊണ്ടു ശ്ലേഷവിധയാ ഉപസ്ഥാപിതങ്ങളായ പൎവ്വതങ്ങൾക്കും രാജാക്കന്മാൎക്കുതമ്മിലും ശുക്രന്നും കാവ്യത്തിന്നും തമ്മിലുമുള്ള ഉപമകൾ രാജാവിന്നു മഹാമേരുവിനോടും വൃഷപൎവ്വാവിനോടുമുള്ള ഉപമകൾക്ക് ഉപായമായിട്ടാണിരിക്കുന്നത്. മഹീഭൃൽകാവ്യശബ്ദങ്ങളിലെ ഉപമശ്ലിഷ്ടമാകയാൽ ശ്ലിഷ്ടപരമ്പരിതം ഭൂപന്നു ബഹൂപമാനസംബന്ധമുള്ളതുകൊണ്ടു മാലാരൂപം.

അതിരിക്കട്ടെ, ഇവിടെ ഉപമാനോപമേയങ്ങളെ വെവ്വേറെ നിൎദ്ദേശിക്കായ്കയാൽ പൎവതങ്ങളെപ്പോലെയുള്ള രാജാക്കന്മാരെന്നും ശുക്രനെപ്പോലെയുള്ള കാവ്യമെന്നുമിങ്ങനെ ഉപമാപ്രതീതിയുണ്ടാവുന്നതുതന്നെ എങ്ങിനെയാണ് എന്നൊരു ആക്ഷേപത്തിന്നു ഇടയുണ്ടു്. ഈ വിഷയത്തിൽ ജഗന്നാഥപണ്ഡിതൻ—'വിദ്വന്മാനസഹംസം എന്നിങ്ങനെയുള്ള ശ്ലിഷ്ടരൂപകസ്ഥലത്തു ഏകശബ്ദോപാദാനത്താൽ 'മാനസമായമാനസരസ്സ്' എന്നിങ്ങനെ ഭിന്നാൎത്ഥങ്ങൾക്കു അഭേദാദ്ധ്യവസായം തോന്നുന്നതുപോലെതന്നെ 'മഹീഭൃത്ത്' ഇത്യാദിയിൽ ഏകശബ്ദവാച്യതാരൂപമായ സാധാരണധൎമ്മത്താൽ സാദൃശ്യാദ്ധ്യവസായമുണ്ടാവുന്നതിന്നും വിരോധമില്ല. എന്നു മാത്രമല്ല ഈ മാതിരിസ്ഥലങ്ങളിൽ 'മഹാമേരുവിനൊപ്പവും' എന്നിങ്ങനെയുള്ള പ്രയോജ്യോപമയ്ക്കു പ്രയോജകംതന്നെ താദൃശസാദൃശ്യാദ്ധ്യവസായമാണല്ലോ' എന്നിപ്രകാരം സമാധാനിക്കുന്നു.

വിശേശ്വരപണ്ഡിതനാകട്ടെ,—ഏകപദോപസ്ഥാപ്യങ്ങളായ അൎത്ഥങ്ങൾക്കു പരസ്പരം ഭേദാനുദയമെങ്ങിനെയാണ്? 'വിദ്വന്മാനസഹംസ' ഇത്യാദിയിൽ മനസ്സിന്നും മാനസസരസ്സിന്നും അഭേദാനുദയമല്ലേ വരുന്നുള്ളു. അതുകൊണ്ടാണ് "തളിരുപോലധരം—"എന്നിങ്ങനെയുള്ള അശ്ലിഷ്ടസ്ഥലങ്ങളിൽ മാത്രം ഉപമയ്ക്കു ഏകദേശവിവൎത്തിതാം പ്രാമാണികന്മാർ സ്വീകരിച്ചിരിക്കുന്നതു. അല്ലെങ്കിൽ അവൎക്കു, ശ്ലിഷ്ടസ്ഥലവും കൂടി ഏകദേശവിവൎത്തിക്കു ഉദാഹരണമായി സ്വീകരിക്കാമായിരുന്നുവല്ലോ. അങ്ങിനെയാണെങ്കിൽ ഈവക ശ്ലിഷ്ടപരമ്പരിതസ്ഥലത്തു ഉപമതന്നെ സിദ്ധിക്കുന്നതു എങ്ങിനെയെന്നു ചോദിക്കുന്നുവെങ്കിൽ, പറയാം—അഭേദജ്ഞാനത്താൽതന്നെയാണ്. എന്നാൽ ധൎമ്മാഭേദജ്ഞാനം ധൎമ്മിരൂപകത്തിന്നല്ലാതെ, ധൎമ്മ്യുപമയ്ക്കു പ്രയോജകമാവുകയില്ലെന്നും വിചാരിക്കേണ്ട. ബിംബപ്രതിബിംബസ്ഥലത്തിലും മററും അഭേദജ്ഞാനത്തിന്നു സാധാരണ്യനി

യാമകത്വം എല്ലാവരും സമ്മതിച്ചിട്ടുണ്ടല്ലോ. പക്ഷേ, ബിംബപ്രതിബിംബങ്ങൾക്കു സാധാരണധമ്മത്വം സാദൃശ്യബുദ്ധിയാൽത്തന്നെയാണെന്നു ശഠിക്കുന്നതായാൽ അതു സമ്മതിച്ചേക്കാം. എങ്കിലും അവിടെ മാനസികമായ സാദൃശ്യജ്ഞാനമേ സംഭവിക്കൂ; ഇവിടെയാകട്ടെ, അതു പോരതാനും. ശാബ്ദബോധവിഷയമായ സാദൃശ്യജ്ഞാനം, ഉപമോപസ്ഥാപകപദങ്ങളില്ലായ്കയാലും, വിശേഷിച്ചു "നാമാത്ഥയോരഭേദാന്വയഃ" (നാമാത്ഥങ്ങൾക്കു ഭേദാന്വയമേവരു) എന്നുള്ള ന്യായത്താലും സംഭാവ്യവുമല്ല. ആകയാൽ പരിമ്പരിതപ്രകാരത്തിൽ ശ്ലിഷ്ടോപമ ദുസ്സാധമാണെന്നുതന്നെ അഭിപ്രായപ്പെടുന്നു.

ഉപമയ്ക്കു ഇതുകൂടാതെ വേറെ പലേ ഭേദങ്ങളും കല്പിക്കാവുന്നതാണ്. ഒന്നാമതായ് ഉപമയെ ശ്രൌതിയെന്നും ആത്ഥിയെന്നും രണ്ടായിപ്പിരിക്കാം. 'പോലെ' മുതലായ ശബ്ദങ്ങളോടുകൂടിയതു ശ്രൌതി; 'എതിരിടുന്നു,' കലഹിക്കുന്നു', 'സ്പദ്ധിക്കുന്നു' മുതലായ ശബ്ദങ്ങളോടുകൂടിയതു ആത്ഥി. ഉദാഹരണം പ്രസിദ്ധമാകയാൽ ഇവിടെ എടുത്തെഴുതുന്നില്ല. കൂടാതെ,

> നായപോൽമാനിയീമത്ത്യൻ നരിയെപ്പോലെ ശാന്തനാം
> നിശ്ചലൻമക്കടംപോലെ ക്ഷീബനെപ്പോൽവിവേകിയാം. (സ്വ)

ഇവിടെ മാനി, ശാന്തൻ, നിശ്ചലൻ എന്നിവയ്ക്കു വിപരീതലക്ഷണയാൽ മാനഹീനൻ, ക്രൂരൻ, ചപലൻ എന്നിങ്ങനെ അത്ഥം കല്പിക്കേണ്ടതായിരിക്കുന്നു. ആകയാൽ ഇതിനെ ലക്ഷ്യധമ്മികോപമയെന്നു പറയും. വാസ്തവത്തിൽ, ഇതു മുൻപറഞ്ഞ അനുഗാമി മുതലായ ധമ്മവൈജാത്യപ്രകാരത്തിൽ ഗണിക്കേണ്ടതാണെന്നേയുള്ളു.

> "യഥാനീഗുണവാൻലോകെ തഥാനിൻരിപുനിഗ്ഗുണൻ" (സ്വ)

ഇതു വിപരീതോപമ.

> "ദാനംചെയ്കിഹനീനിന്നെപ്പോലെയാവുകയെന്നിതാ
> ധനിയെബ്ഭിക്ഷുശിക്ഷിച്ചീടുന്നു യാചിക്കയല്ലെടോ" (സ്വ)

ഇതു അഭിന്നധമ്മികോപമ.

> "രഥോദ്ധൂതരജസ്സാലും മേഘാഭേദങ്ങളാലുമെ
> ഭൂമിപോൽവ്യോമവും വ്യോമംപോലെഭൂമിയുമാക്കിനാൻ" (സ്വ)

ഇതു പരസ്പരോപമ.

> "റൌക്കയാംഹരിതസൂയ്യപടത്താൽ
> മേൽക്കണിഞ്ഞതകളിർകൊങ്കകൾരണ്ടും
> അക്കാന്തിയിൽവിളങ്ങിനശീമ-
> ച്ചക്കപോലെഹൃദയംകവരുന്നു." (ഉമാകേരളം

ഇതു കല്പിതോപമ.

ചന്ദ്രബിംബത്തിയിന്നിന്നു ചണ്ഡമാംവിഷംപോലെ
ചന്ദനച്ചാറിൽനിന്നു ചെങ്കനൽക്കട്ടപോലെ
ഇന്നതിക്രൂരമായവചസ്സീവക്ത്രത്തിങ്കൽ-
നിന്നല്ലോപുറപ്പെട്ടു ശങ്കരാ! ശിവ ശിവ! (സ-ച)

ഇതു അസംഭാവിതോപമയെന്നു ദണ്ഡി; കല്പിതോപമയെന്നു പണ്ഡിതരാജൻ. വാസ്തവത്തിൽ ഇതു ഉൽപ്രേക്ഷയാണെന്നു തൽപ്രസ്താവത്തിൽ പറയാൻപോകുന്നതുമുണ്ട്.

വടക്കുനോക്കിയന്ത്രത്തിൽ വടക്കേസൂചിനോക്കിട്ട
സ്സ്ഫുടംസതികളമ്മട്ടു തുടരുംകാന്തർതൻപദം.

ഇതു വാക്യാർത്ഥോപമ, മുൻപറഞ്ഞപോലെ കല്പിതയുമാണ്.

ഇങ്ങിനെ ഉപമയ്ക്കു പലവക ഭേദങ്ങൾ വരാമെങ്കിലും അവ അസംഖ്യേയങ്ങളാകയാലും വിശേഷിച്ചു വിച്ഛിത്തിവിശേഷശാലികളല്ലായ്കയാലും, ഇവിടെ ഗണിച്ചിട്ടില്ല; അല്പം വൈചിത്ര്യം തോന്നുന്ന ഏതാനും ചിലതുമാത്രം ദിക്പ്രദർശനത്തിന്നായി എടുത്തു കാണിച്ചുവെന്നേയുള്ളൂ. (തുടരും)

മതിരാശി, പി. കൃഷ്ണൻ നായർ, വ്യാകരണസാഹിത്യശിരോമണി.

# നചികേതസ്സ്.

എട്ടാം ലക്കത്തിൽനിന്ന് തുടർച്ച.

മൂന്നാം രംഗം.

സർവ്വസ്വദാനം.

ദാനശാല.

വാജശ്രവസൻ, പത്നി, ആചാര്യൻ ഇവർ പ്രവേശിക്കുന്നു.

വാജ:—ആചാര്യന്റെ ആജ്ഞപ്രകാരം ഞാൻ സർവ്വസ്വദാനത്തിന്നൊരുങ്ങിയിരിക്കുന്നു. ദാനം വാങ്ങുവാൻ ബ്രാഹ്മണർക്കു പ്രവേശിക്കാം.

ബ്രാഹ്മണർ:—(പ്രവേശിച്ചിട്ട്) ശുഭമസ്തു, ദീർഘായുരസ്തു.

നചികേതസ്സ്:—(പ്രവേശിക്കുന്നു).

ചെഞ്ചുരുട്ടി ആദി.

(ഭജായെ ബദൽമേദഹൌനാസെ എന്ന മട്ട്)

പദം. 4. ഭജേമായേ! ചിന്മയേ! ശ്രീഹാസേ!
അജസുന്ദരി! ഹേ ഗുണാവാസേ! ശ്രീഹാസേ! (ഭജേ)

ഭക്തസേവാത്തതോഷേ! ഭവ്യവേഷേ! സൽഭൂഷേ!
ഭാഗ്യസന്ദാനകരമഞ്ജീരോൽഘോഷേ!
ഭാഷേ! ഭഞ്ജിതദോഷേ! ഭുവനാണ്ഡഭൂഷേ!
ഭജനീയേ! യജനീയേ! മഹനീയേ! (ഭജേ)

(അച്ഛനേയും ബ്രാഹ്മണരേയും നമസ്കരിക്കുന്നു).

വാജ:—വത്സ! ദീൎഘായുഷ്മാനായിരിക്ക

ബ്രാഹ്മണർ:—സൎവ്വവിജയിയായിഭവിക്ക.

നചി:—(തൊഴുതുകൊണ്ടു വിചാരം).

പദ്യം. 14. ഗൎവ്വംവെടിഞ്ഞച്ഛനതുച്ഛശീലൻ
സൎവ്വസ്വവുംനൽകുവതേററവാങ്ങാൻ
പൎവ്വത്തിലേചന്ദ്രസുധക്കു സൎവ്വ-
ഗീൎവ്വാണർപോലിദ്വിജർ വന്നൊരുങ്ങി.

അഭീഷ്ടത്തിലധികം ദാനംകിട്ടുന്ന ഈ അവസരം മഹാന്മാരായ ഈ ബ്രാഹ്മണരുടെ ആശീർവ്വാദകോലാഹലത്തിൽ ഉണ്ടാവുന്ന ആനന്ദക്കണ്ണുനീരിൽ തൃപ്തിയാംവണ്ണം എനിക്കു കുളിക്കാം.

വാജ:—അല്ലയോ മഹാബ്രാഹ്മണരേ,

പദ്യം. 15. പിശുക്കുകാട്ടാതെതരുന്നിതാഞാൻ
പശുക്കളെയ്യായിരമെണ്ണിയിപ്പോൾ;
ശിശുക്കളോടും മമ പത്നിയോടും
വിശുദ്ധലോകത്തിലിരിക്കണം നാം.

ബ്രാഹ്മണർ:—അങ്ങയുടെ കളങ്കമററ ബുദ്ധിക്കു അനുസരിച്ച ലോകം അങ്ങേക്കു സിദ്ധിക്കും.

വാജ:—നിങ്ങളുടെ അനുഗ്രഹത്തിനാണ് അത്യന്തം ശക്തിയും ശുദ്ധിയും വേണ്ടത്; ദാനം ഈയ്യുള്ളവൻെറ ഇഷ്ടംപോലെ വല്ലതും ചെയ്യു, എന്നേ വരൂ. (ആചാൎയ്യനോടു) ഭഗവൻ! പുരോഹിത! ഇനി ഇവനെകൊണ്ടു ദാനം തുടങ്ങിക്കണം.

ആചാ:—സങ്കല്പങ്ങളെല്ലാം ഞാൻ പറഞ്ഞുതന്നതുപോലെ ധ്യാനിച്ചുറപ്പിക്കുക.

വാജ:—ധ്യാനിക്കാം (കണ്ണടച്ച് തൊഴുതിരിക്കുന്നു).

ആചാ:—(പത്നിയോടു) താംബൂലം എടുത്ത് കയ്യിൽ കൊടുക്കൂ.

പത്നി:—(അങ്ങനെ ചെയ്യുന്നു).

ആചാ:—അല്ലയോ വാജശ്രവസ്! ഇനി ഞാൻ ചൊല്ലിത്തരുന്ന ശ്ലോകംചൊല്ലി ആദ്യം ഈ താംബൂലദാനം ചെയ്യണം. ശ്ലോകം കേൾക്കു.

"താംബൂലംശ്രീകരംഭദ്രം വിഷ്ണുപ്രീതികരംശുഭം
യസ്മാദസ്യപ്രദാനേന അതഃശാന്തിം പ്രയച്ഛമേ"

വാജ:—(അങ്ങനെ ചൊല്ലി താംബൂലദാനം ചെയ്യുന്നു).

ബ്രാഹ്മ:—പ്രയച്ഛതു (എന്നു വാങ്ങി അനുഗ്രഹിക്കുന്നു)

ആചാ:—കൊമ്പും, കുളമ്പും, വാലും സ്വർണ്ണംകൊണ്ടു കെട്ടിച്ച് രത്നമാലയണിയിച്ച് പൂജിച്ച് തയ്യാറാക്കിയ അയ്യായിരം പശുക്കളേയും ഇങ്ങട്ടു വരുത്തുക.

വാജ:—(സ്വകാര്യം) ആരുണ്ടവിടെ? കൊമ്പും കുളമ്പും സ്വർണ്ണംകൊണ്ടു കെട്ടിയ പശുക്കൾ അവിടെ നില്ക്കട്ടെ. കറവുമാറിയും പ്രസവമററും പുല്ലുതിന്നാതെയുമുള്ള രണ്ടായിരം പശുക്കളെ ഇങ്ങട്ട് ആട്ടി തെളിച്ചു കൊണ്ടുവരു.

നചികേ:—(കേട്ട് ഞെട്ടിക്കൊണ്ട് ആത്മഗതം) കഷ്ടം! മഹാപാപം!! എന്താണീ കേൾക്കുന്നത്! ശിവ! ശിവ! രാമ! രാമ! ഇതാണോ സർവ്വസ്വദാനം!

പത്നി:—(ചിരിച്ചുകൊണ്ടു വിചാരം) ദാനം അസ്സൽതന്നെ എനിക്കിപ്പോൾ ശ്വാസംവന്നു.

പദ്യം 16. ചാവാനടുത്തൊരിപ്പശുക്കളൊവാം ദാനത്തിനെപ്പൊഴും;
ഈബാധപാപംകയ്യേൽപാൻ ഭൂവാനവർ സമർത്ഥരാം

ബ്രാഹ്മണർ:—(തെയ്യാറാക്കിയ പശുക്കളെ കണ്ടിട്ട്) അയ്യോ ഞങ്ങൾക്ക് ഈ ദാനം വേണ്ട വേണ്ട.

വാജ:—എന്താണ് അസംബന്ധം പറയുന്നത്, മൃത്യുഞ്ജയഹോമംകൊണ്ട് മനുഷ്യർക്ക് ആയുസ്സുണ്ടാക്കികൊടുക്കുന്നവരല്ലെ നിങ്ങൾ; അത്ര പ്രയാസമുണ്ടോ മൃഗങ്ങൾക്ക് ആയുസ്സുണ്ടാക്കികൊടുക്കുവാൻ. ദാനം വാങ്ങുവിൻ।

ആചാര്യ:—(ക്രോധത്തോടെ) അല്ലയോ വാജശ്രവസ്! അങ്ങുന്ന് കാണിക്കുന്ന ഈ കൃത്യം ആത്മവഞ്ചനമാണ്. ചാവാനടുത്ത പൈക്കളുടെ സൊല്ല വിട്ടൊഴിക്കുവാൻവേണ്ടി "സർവ്വസ്വദാനം" എന്നു പരസ്യപ്പെടുത്തി ബ്രാഹ്മണരായ ഞങ്ങളെ വഞ്ചിക്കുകയാണോ വേണ്ടത്? എങ്കിലും ഞാൻ എൻെറ ആത്മാവിനെ വഞ്ചിക്കുന്നില്ല. സത്യം ജയിക്കും സംശയമില്ല. ശ്ലോകംചൊല്ലി ദാനം ചെയ്യു. മഹാബ്രാഹ്മണരെ, ഈ കാമധേനുക്കളെ വാങ്ങുവാൻ നിങ്ങൾ അശേഷം മടിക്കേണ്ട.

"ഗവാമംഗേഷുതിഷ്ഠതിഭുവനാനി ചതുർദ്ദശഃ
യസ്മാദസ്യപ്രദാനേന അന്തഃശാന്തിംപ്രയച്ഛമേ"

വാജ.—(അങ്ങനെ ചൊല്ലി ദാനംചെയ്യുന്നു).

ബ്രാഹ്മണർ:—കഷ്ടം! കഷ്ടം പ്രയച്ഛതു (എന്നു വാങ്ങുന്നു).

ആചാ:—സ്വർണ്ണദാനം ചെയ്യു.

"ഹിരണ്യഗർഭഗർഭസ്ഥം ഹേമബീജം വിഭാവസോഃ
അനന്തപുണ്യഫലദം അതഃശാന്തിം പ്രയച്ഛമേ!

വാജ.—(അങ്ങനെ ചൊല്ലി ദാനംചെയ്യുന്നു)

ബ്രാഹ്മണർ:—(മേടിച്ചു പോകുന്നു).

നചികേ:—(വിചാരം)

പദ്യം. 1.

എന്തിനാണച്ഛനിപ്പാപം
ഹന്ത! നേടുന്നു ദൈവമേ!—
പന്തിയിൽ, ചങ്ങലക്കെട്ടിൽ
ദന്തിവീരൻ കണക്കിനെ.

പന്തിയിൽപെട്ട ആനക്കും ധനത്തിൽപെട്ട മനുഷ്യനും ആത്മസുഖം എവിടെ? അതിലും അധികം ആത്മവഞ്ചനം എന്ന ചങ്ങലക്കെട്ടിലാണല്ലോ അച്ഛൻ കുടുങ്ങുവാൻപോകുന്നത്! ഈ കാര്യം ഞാൻ തുറന്നുപറഞ്ഞാൽ അച്ഛൻ വടിയെടുക്കും! എന്നെ അടിക്കും!! കാര്യം മനസ്സിലാക്കുകയുമില്ല; ഞാൻ എന്താണ് വേണ്ടത് ദൈവമേ!

വാജ:—ആരുണ്ടവിടെ?

പദ്യം. 18.

വാലൊടിഞ്ഞുമിരുകണ്ണുപൊട്ടിയും
കാലൊടിഞ്ഞുമിരുകാതുമററുമേ!
പാലൊരിത്തിരിതരാത്തപൈക്കളേ
മാലൊഴിപ്പതിനു കൊണ്ടുവാ ജവാൽ.

നചികേ:—(ഭാവഭേദത്തോടെ വിചാരം) ശിവ! ശിവ! കേട്ടതേമതി! കേട്ടതേ മതി!

പദ്യം. 19.

മാനംനടിച്ചു മദമാണ്ടതിനീചനീചം
ദാനംതുടന്നിതുവിധംശുഭമർത്ത്യജന്മം
നൂനംവൃഥാജനകനിന്നുവിലക്കുവിററി-
ട്ടാനന്ദമററനരകത്തെയെടുക്കയത്രേ!

എന്തുവന്നാലും ശരി! ഇനി എന്റെ അഭിപ്രായം തുറന്നുപറയാഞ്ഞാൽ ഈ മഹാപാപങ്ങളുടെ ഒരു ഓഹരിക്ക് ഞാനും അവകാശിയാകേണ്ടിവരും.

(പ്രകാശം) അച്ഛ! ഈ സർവ്വസ്വദാനത്തിൽ അങ്ങുന്ന് എന്നെ ആർക്കാണ് കൊടുക്കുവാൻ വിചാരിക്കുന്നത്?

വാജ:—(ക്രോധിച്ച് വടിയെടുത്തുകൊണ്ട്) എടാ പട്ടുവിഡ്ഢി! മിണ്ടാതിരിക്കൂ!

പതി:—(മകനെ തലോടിക്കൊണ്ട്) ഓമനേ! എന്റെ പൊന്മകനെ അച്ഛൻ ആർക്കെങ്കിലും കൊടുക്കുമൊ? വേണ്ടാത്തതു പറയൊല്ലെ!

നചികേ:—അമ്മേ! അസത്യമായ വിചാരവും, വാക്കും കർമ്മവും എനിക്കറിഞ്ഞുകൂടാ.

അണിയറയിൽ

കണ്ണും കാതും പൊട്ടിയ പശുക്കളെ കണക്കില്ലാതെ ഇവിടെ കൊണ്ടുവന്നിരിക്കുന്നു.

പതി:—(അണിയറയിൽ നോക്കിക്കൊണ്ട്) ഹൊ! ഹൊ! ബ്രാഹ്മണർ മഹാ ഭാഗ്യവാന്മാർതന്നെ പശുക്കൾ അനവധിയുണ്ട്. ഈ കൂട്ടത്തിൽ ഒററക്കണ്ണോ ഒററക്കാതോ പൊട്ടിയത് ഒന്നും പെട്ടുപോയിട്ടില്ലല്ലൊ?

(അണിയറയിൽ)

പദ്യം. 20. ഒരുകൺകാതുമേതാനും ശരിയായൊരുപയ്യിനേ
കരുടൻതപ്പിയാൽപോലുമൊരുഭാഗത്തുമില്ലിതിൽ

വാജ:—അസ്സൽ! അസ്സൽ!! മഹാബ്രാഹ്മണരെ! ദാനം വാങ്ങുവിൻ.

ബ്രാഹ്മണർ:—അയ്യോ! ഈ ദാനം ഞങ്ങൾക്കു വേണ്ടയോ വേണ്ട.

പദ്യം. 21. ശ്രേയസ്സിന്നായല്ലനിൻപാപദാനം
പ്രായശ്ചിത്തംകൊണ്ടുമേപോവതല്ല;
കായംവാക്കും, ചിത്തവുംതമ്മിൽ വക്രി–
ച്ചീയത്നംനീഹന്ത! ചെയ്യാതിരിക്കൂ.

നചികേ:—(വിറച്ചുകൊണ്ടു വിചാരം) കൈതിരുമ്മിക്കൊണ്ട്.

ശാന്തം പാപം! ശാന്തം പാപം!

പദ്യം. 22. ശാന്തം പാപം! ശാന്തമീവിപ്രവൃന്ദ–
സ്വാന്തംപോലുംഹന്ത! കത്തിജ്വലിപ്പാൻ;
ഭ്രാന്തൻതാതൻവിത്തഗർവ്വിഷ്ഠനയ്യോ!
താൻതൻമെയ്യിൽഖഡ്ഗമേല്പിക്കയത്രേ!

(പ്രകാശം) അച്ഛാ! ഈ സർവ്വസ്വദാനത്തിൽ അങ്ങുന്ന് എന്നെ ആർക്കാണ് കൊടുപ്പാൻ ഭാവിക്കുന്നത്?

വാജ:—(വടിയോങ്ങിക്കൊണ്ടു) എടാ! അധികപ്രസംഗി! നിന്നോടല്ലെ മിണ്ടാതിരിപ്പാൻ പറഞ്ഞതു. കടന്നുപോ!

പതി:—(മകനെ കെട്ടിപ്പിടിച്ച്)

എന്തൊരു പരിഭ്രമമാണ് മകനെ! ഇതു്? നിനക്കുവേണ്ടിയല്ലെ അച്ഛൻ അനവധി മുതലും, ഈ പുണ്യവും സമ്പാദിക്കുന്നത്! അങ്ങനെയിരിക്കെ നിന്നെ അച്ഛൻ ആൎക്കെങ്കിലും കൊടുക്കുമോ?

നചികേ:—അമ്മക്കു ദാനത്തിൻെറ തത്വം മനസ്സിലായിട്ടില്ല.

വാജശ്ര:—മഹാബ്രാഹ്മണരെ. ഈ പശുക്കളെ ദാനം വാങ്ങുവാൻ നിങ്ങൾ എന്തിന്ന മടിക്കുന്നു? കൎമ്മവിപാകപ്രായശ്ചിത്തദാനം വാങ്ങി മനുഷ്യരുടെ രോഗം മാററുന്ന മഹാന്മാരല്ലെ നിങ്ങൾ; ഈ മൃഗങ്ങളുടെ രോഗം മാററുവാനാണോ നിങ്ങൾക്ക് സാഹസം?

ബ്രാഹ്മണർ:—അല്ലയോ വാജശ്രവസ! ദ്രവ്യത്തിലുള്ള അതിലോഭമായ തിമിരംമൂലം അന്ധനായ ഭവാൻ, മനശ്ശുദ്ധികരങ്ങളായ സൽകൎമ്മതത്വ പ്രകാശങ്ങളെ ഇങ്ങിനെ അപഹസിക്കുന്നത് ഒട്ടും അയുക്തമല്ല.

ആ ചാ:—വാജശ്രവസ! ബ്രാഹ്മണകുലത്തിൽ ജനിച്ച ഭവാൻ എന്തൊരു മൂഢനാണ്?

പദ്യം. 23. യോഗക്ഷേമംനൽകിനിന്നേപ്പുലത്തി-
ത്യാഗംശീലിപ്പിപ്പൊരീലക്ഷ്മിയേനീ
ഹാ!ഗൎവ്വംപൂണ്ടിന്നുനിന്ദിപ്പതെന്തീ-
യാഗസ്സിന്നായല്ലയാഗാദികൎമ്മം,

മഹാബ്രാഹ്മണരെ! സത്യസ്വരൂപിണിയും ചിദ്രൂപിണിയുമായ ആ ഈശ്വരിയിൽ ത്രിവിധകരണങ്ങളും സമൎപ്പിച്ചുകൊണ്ടു നിങ്ങൾ ദാനം വാങ്ങുവിൻ.

ബ്രാഹ്മണർ:—(ദാനം വാങ്ങുവാൻ ഒരുങ്ങുന്നു)

നചികേ:—(വിറച്ചുകൊണ്ട്) ഛെ! എന്തൊരു നീചകൃത്യമാണിത്.

പദ്യം. 24. ക്രൂരോദൎക്കംകറിനനരകക്കുണ്ടിലങ്ങാണ്ടിരിപ്പാ-
നോരോകോണിപ്പടിയുടെപണിക്കച്ഛനോങ്ങിത്തുടങ്ങി;
ആരോടാണീവ്യഥപറവുഞാനെത്രകാലംപൊറുപ്പൂ;
ധീരോദാത്തക്കീൎത്തിനമരുകൈകാങ്കിലേ സൌഖ്യമുള്ളൂ.

അച്ഛ! അങ്ങുന്ന് ആൎക്കാണ് എന്നെ കൊടുപ്പാൻ വിചാരിക്കുന്നത്

വാജ:—(ക്രോധത്തോടെ) എടാ! തെമ്മാടി! ഞാൻ നിന്നേ അന്തകനു കൊടുപ്പാനാണ് വിചാരിക്കുന്നതു്.

നചികേ:—ശരി! അച്ഛൻ പറഞ്ഞതു ശരി!! അന്തകസന്നിധിയിലേക്ക് അച്ഛൻ വേഗം എനിക്കു വഴികാണിച്ചുതരണം.

വാജ:—(പെട്ടെന്നു വിറച്ചിരുന്ന് വ്യസനിച്ചുകൊണ്ട്) അയ്യോ! എന്താണ് പൊന്മകനേ! നീ പറയുന്നത്? ഞാൻ അന്ധാളിച്ചു അനത്ഥത്തിന് അസത്യം പറഞ്ഞുപോയി!

നചികേ:—അച്ഛൻ പറഞ്ഞത് അനത്ഥമെങ്കിലും അസത്യമല്ല.

പദ്യം. 25. മനസ്സിലേസത്യവിചാരമേ സ-
ജ്ജനംപുറത്തേക്കുവിടുന്നുവാക്കായ്;
അനത്ഥമോ, വല്ലശുഭാത്ഥമോ പ്രാ-
ക്തനസ്വകമ്മം മനമാന്നയിപ്പൂ.

അച്ഛൻെറ കമ്മഫലമായ അനത്ഥം എന്നെ നരകത്തിലേക്കുതന്നെയാണ് ചാടിക്കേണ്ടതു്. ആകയാൽ ഈ പറഞ്ഞവാക്കും എത്രയും സത്യമത്രെ. അതുകൊണ്ടു അന്തകൻെറ സന്നിധിയിലേക്കു എനിക്കു വേഗം വഴികാണിച്ചുതരണം.

ആചാ:—വത്സാ! നചികേതസ്സേ! നീയാണ് സവ്വസ്വദാനംചെയ്യുന്ന മഹാത്യാഗി. ദീഘായുഷ്മാനായിരിക്കു.

വാജ:—(കരഞ്ഞുകൊണ്ട്)

ചെഞ്ചുരുട്ടി ചെമ്പട.

പദം. 5. പറഞ്ഞുപോയ് കോപത്താലേ
പാപവാക്കെന്നോമലേ!
പാഴ്മൊഴിയതിക്കാലേ
പൊറുക്കനീവഴിപോലെ
കാലനായേകാൻനിന്നേ
കരുതുമോഞാൻ,നീതന്നേ
കുലമിതിലെനിക്കൊന്നേ
കുളുർമതിയെന്നോക്കുന്നോൻ (പറഞ്ഞു)

നചികേ:— തോടി. ചെമ്പട.

പദം. 6. സത്യമേ ജയിപ്പൂതാത! സത്യമേ! ജയിപ്പൂതേ!
മിത്ഥ്യകൊണ്ടിനിയുംസത്യം
മറച്ചുമറിപ്പതാണപത്ഥ്യം (സത്യമേ!)

വാജ:— മറിച്ചിക്കാര്യംവിട്ടൊന്നുമേഞാൻചെയ്യാം;

വിരുത്തം. നീ സമ്മതിക്കുമകനേ!

നചികേ:— സത്യമൊന്നിൽനില്പൂലോകം
സത്യമൊന്നിൽനിൽക്കയാം
കൃത്യകാലംതരുവതിന്നു
കപടമേവിടെകതിരവന്നു (സത്യമേ)

വാജ:— മകനേ!നിൻവാക്കുസത്യമേ!
വിരുത്തം. സകലംഞാൻദാനംചെയ്യാംസത്യമേ!

അല്ലയോ മഹാബ്രാഹ്മണരെ! ഞാൻ ചെയ്തുപോയ അപരാധം ഭവാന്മാർ പൊറുക്കേണമേ! എന്റെ സർവ്വസമ്പത്തുകളും വാങ്ങി നിങ്ങൾ ഈ അഗതികളേ അനുഗ്രഹിക്കേണമെ!

(സർവ്വസ്വദാനം ചെയ്യുന്നു)

ബ്രാഹ്മണർ:—സ്വസ്ത്യസ്തു. ശുഭമസ്തു. ദീർഘായുരസ്തു. സർവ്വമംഗളമസ്തു.
(എന്നു അനുഗ്രഹിച്ചുപോകുന്നു)

വാജ:—ഭഗവൻ! പുരോഹിത! എന്റെ അപരാധം ക്ഷമിച്ച് ഈ ദക്ഷിണവാങ്ങി അനുഗ്രഹിക്കേണമേ!

(ദക്ഷിണചെയ്തു നമസ്കരിക്കുന്നു)

ആചാര്യൻ:—(ഹർഷാശ്രുതൂകി മേടിച്ച് അനുഗ്രഹിച്ചുകൊണ്ട്)

പദ്യം. 26. ഇരുണ്ടപൂർവ്വാദ്രിയിൽനിന്നുദിച്ചു-
വരുന്നചന്ദ്രൻ ഭവദീയപുത്രൻ;
നിരന്തരംനിൻനിരയാന്ധകാരം
നികൃന്തനംചെയ്തമൃതംതരട്ടെ. (പോകുന്നു)

നചികേ:— സത്യദാനശ്രദ്ധതന്നെ
പദം മുൻമട്ട്. പഥ്യമീശനെത്തുയും;
ഭക്തദാസനീശനച്ഛ-
ഹൃദയംസദയം നൽകെന്നച്ഛ! (സത്യമേ)

വാജ:—വത്സ! ഞാൻ സർവ്വസ്വവും ദാനംചെയ്തുകഴിഞ്ഞു. എനിക്ക് ഒന്നും വേണ്ട. എനിക്ക് ഇഹലോകത്തിൽ ഇനി വേണ്ടുന്നത് എന്റെ പൊന്മകന്റെ പ്രാണൻ മാത്രമാണ്; അതുകൊണ്ടു അന്തകലോകത്തേക്കു വഴികാണിക്കുവാൻ ഇനി നിർബ്ബന്ധിക്കരുത്.

നചികേ:—അച്ഛൻ ഇനിയും സത്യം മറച്ചുവെക്കരുത്. അച്ഛൻ എന്നെ അന്തകനു ദാനം ചെയ്തു കഴിഞ്ഞിരിക്കുന്നു. ദാനംചെയ്ത ധനം മടക്കിയെടുക്കുന്നതു മഹാപാപമാണ്. ആകയാൽ അന്തകലോകത്തേക്കുള്ള വഴി അച്ഛൻ കാണിച്ചുതരികതന്നെ വേണം.

പത്നി:— ആനന്ദഭൈരവി. രൂപകം.
പദം. 7. അരുതിതരുതിതെന്മകനിനി
നരകയാത്രയെചൊല്ലിടായ്കനീ
വയററിൽപത്തുമാസംജനനി
വഹിച്ചതോർത്തുദഹിപ്പൂമേനി. (അരുതി)

നചികേ:— തനയപ്രേമപ്പൂവിൻഗന്ധം
ജനനി! സത്യവാക്യബന്ധം;
ജനിച്ചാൽമരണം ഹാ! നിർബ്ബന്ധം
ജനകനാവട്ടെസത്യസന്ധൻ.

അരുതിതരുതിതെൻജനനിനീ
നരകയാത്രയെ തടഞ്ഞിടായ്കിനി.

പത്നി:—പൊന്മകനെ! നീ ഇങ്ങിനെ പറഞ്ഞാൽ ഞാനെന്തുചെയ്യും

നചികേ.—അമ്മ ഒട്ടും വ്യസനിക്കാതിരിക്ക. അച്ഛൻ സത്യമായിട്ടും എന്നെ പറഞ്ഞയക്കട്ടെ. അമ്മ അതിന്നു അനുവദിക്കണം.

വാജ:—(കരഞ്ഞു തലക്കടിച്ചുകൊണ്ടു) ശിവ! ശിവ!

പദ്യം. 27. ത്യാഗത്തിന്നുള്ള വിത്തങ്ങളിലതിരുകവി-
ഞ്ഞുള്ള ഭോഗേച്ഛമൂലം
ഹാ ഗർവ്വംപൂണ്ടുദാനത്തിലുമധികമഹാ-
പാപിയായ്കോപിയായ്ഞാൻ;
ആഗസ്സിൻലേശമേശാത്തൊരു മമ സുതനേ
നിർദ്ദയം ദൈവമേ! ദുഃ-
ര്യോഗത്താൽ കാട്ടുതീയ്യിൽ തളിരിനുസമമായ്
കാലനായേകുമാറായ്.

(മോഹിച്ചുവീഴുന്നു.)

നചികേ:—(തലോടിക്കൊണ്ട്)

ആശ്വസിക്കു! അച്ഛ! ആശ്വസിക്കു!! മനസ്സിൻെറ ഈ ചാപല്യം സത്യം ഉദിച്ചുവരുന്ന പ്രഭാതത്തിലെ ഒരു അന്ധകാരശകലം മാത്രമാണ്. ധൈര്യപ്പെട്ടിരിക്കയാണ് വേണ്ടത്.

വാജ:—പൊന്മകനേ! മഹാപാപിയായ ഇവനെ, നിൻെറ ഈ അച്ഛനെ എല്ലാ നരകങ്ങളിൽനിന്നും ഉദ്ധരിക്കേണമെ!

നചികേ:—(കണ്ണുനീർതൂകി തൊഴുതുകൊണ്ട്)

പദ്യം 28. സർവ്വഭൂതപതിയായനശ്വരൻ
സർവ്വമംഗളതലോട്ടമീശ്വരൻ
സർവഘോരനരകക്ഷയംകരൻ
സർവ്വദാഗതിനമുക്കശങ്കരൻ.

അച്ഛൻ ധൈര്യം അവലംബിച്ചു എനിക്കു അന്തകലോകത്തേക്കു വഴി കാണിച്ചുതരണം.

വാജ:—(മകനെ പുൽകികരഞ്ഞുകൊണ്ട്)

പദ്യം 29. എന്നോമൽസുത! തെക്കുനോക്കിനട-
കൊണ്ടാലും, ഭവാനെങ്ങുമേ
ചെന്നോളംചെറുതും തടസ്ഥമൊരുകാ-
ലത്തും വരാനിന്നയം;
കുന്നോളം കുതുകത്തിൽനിന്നൊഴികിടും-
വാത്സല്യഗംഗാഝരം
തന്നോളങ്ങളിൽനീന്തി നില്പോരുയമൻ
നിന്നേപ്പുലത്തേണമേ!

നചികേ:—(നമസ്കരിക്കുന്നു.)

വാജ പതി } ഉണ്ണി! സർവ്വവിജയിയായി മടങ്ങിവരിക.

(തിരശ്ശീലവീഴുന്നു)

മൂന്നാംരംഗം കഴിഞ്ഞു. (തുടരും)

നീലേശ്വരം, കട്ടമത്ത് കുന്നിയൂര് കുഞ്ഞിക്കൃഷ്ണക്കുറുപ്പ്.

# ഹിന്ദുക്കളുടെ ഉപാസനാരഹസ്യം.

എട്ടാം ലക്കത്തിൽനിന്ന് തുടർച്ച.

## III.

ജഗത്തിന്റെ സാമഞ്ജസ്യരക്ഷക്കുവേണ്ടി.

മഹിഷാസുരൻ, സുംഭൻ, നിസുംഭൻ തുടങ്ങിയ ദൈത്യദാനവന്മാരേ സംഹരിച്ച് ജഗത്തിൽ ശാന്തിയേ സ്ഥാപിച്ച് സാമഞ്ജസ്യരക്ഷചെയ്യുന്നതിനായിട്ട്, യഥാകാലം അദ്ദേഹത്തിന്റെ ഇച്ഛാമയമായ രൂപം ആവിർഭവിക്കുന്നു. ഇവയെ അനിശ്ചിതമായ ആവിർഭാവമെന്നു പറയുന്നു. എന്തെന്നാൽ, ഇവയുടെ ആവിർഭാവത്തിന്നു സമയനിർദ്ദേശമില്ല. പ്രയോജനമുണ്ടാകുമ്പോഠം ആവിർഭവിച്ചിട്ട് ആ കാര്യം നിർവ്വഹിച്ചുശേഷം തിരോഭവിക്കുന്നു.

നിത്യൈവസാജഗന്മൂർത്തിസ്തയാസർവ്വമിദംതതം
തഥാപിതത്സമുല്പത്തിർബ്ബഹുധാശ്രൂയതാംമമ
ദേവാനാംകാര്യസിദ്ധ്യർത്ഥമാവിർഭവതിസായദാ
ഉൽപന്നേതിതദാലോകേസാനിത്യാപ്യഭിധീയതേ. (മണ്ഡീ)

മേധസ്സഋഷി പറയുന്നു; ആ ദേവി നിത്യയാകുന്നു. അനന്തകോടി ബ്രഹ്മാണ്ഡംതന്നെ അവിടുത്തേ രൂപം. അവിടുന്ന് സ്ഥാവര

ജംഗമാത്മകമായ വിശ്വത്തെ സൃഷ്ടിച്ചു. എങ്കിലും അവിടുത്തേക്ക് നമ്മേപ്പോലെ ഉൽപത്തിമുതലായവയൊന്നുമില്ല. അപ്രകാരമെങ്കിലും ലോകത്തിൽ അവിടുത്തെ ഉൽപത്തി തുടങ്ങിയവയെ ഏതുപ്രകാരത്തിലും ഞാൻ കീർത്തിക്കാം. അതിനെ എന്റെ സന്നിധിയിൽനിന്ന് നീ ശ്രവിക്കുക! നിന്റെ സ്മരണയ്ക്കുവേണ്ടി ഇനിയും പറയുന്നു. അവിടുന്നു നിത്യവസ്തു. എന്നാൽ ദേവകാര്യത്തിനുവേണ്ടി എപ്പോഴം ആവിർഭവിക്കുന്നു, അപ്പോഴം ലോകത്തിൽ അവിടുത്തെ ഉൽപന്നയെന്നു പറയുന്നു. ഗീതയിലും ഭഗവാൻ ഇപ്രകാരം അരുളിച്ചെയ്തിരിക്കുന്നു.

യദായദാഹിധർമ്മസ്യ ഗ്ലാനിർഭവതിഭാരത!
അഭ്യുത്ഥാനമധർമ്മസ്യ തദാത്മാനംസൃജാമ്യഹം. (4. 7.)

എപ്പോഴം ധർമ്മത്തിനു ക്ഷയവും അധർമ്മത്തിന് അഭ്യുത്ഥാനവും സംഭവിക്കുന്നു, അപ്പോഴം ഞാൻ (മായയെ അവലംബിച്ച്) ജന്മഗ്രഹണം ചെയ്യുന്നു.

ജഗത്തിന്റെ സാമഞ്ജസ്യരക്ഷയ്ക്കുവേണ്ടി ഭഗവാൻ ഏതേതുരൂപങ്ങളെ സ്വീകരിക്കുന്നു, അവയെല്ലാം അനിയതമായ ആവിർഭാവത്തിൽ പെട്ടവയാകുന്നു. അവയിലുള്ള വ്യത്യാസമെന്തെന്നാൽ, ഈ ചില രൂപങ്ങൾക്ക് ബാല്യകൌമാരാദികളായ അവസ്ഥകളുണ്ട്. അതുപോലെ ചില രൂപങ്ങൾക്ക് കൌമാരാദിഭാവങ്ങളില്ല. ഇതിൽ ആദ്യം പറയപ്പെട്ട അനിശ്ചിതമായ അവതാരത്തിന്, സതി, വാമനൻ, രാമൻ, കൃഷ്ണൻ ഇത്യാദികളും, രണ്ടാമത്തേതിന് കാളി, ദുർഗ്ഗാ, ജഗദ്ധാത്രി, താരാ, നൃസിംഹം, ത്രിപുരാരി, എന്നിവയും ദൃഷ്ടാന്തങ്ങളാണ്. ഇവ ബ്രഹ്മാണ്ഡത്തിന് ഉപകാരാർത്ഥമായിട്ട് അല്പകാലത്തേക്ക് ഈ മൂർത്തികളിൽ അഭിവ്യക്തമാകുന്നു.

4. ഉപാസകന്മാരുടെ കാര്യത്തിനായിട്ട്.

ശാസ്ത്രം പറയുന്നു,

ചിന്മയസ്യാദ്വിതീയസ്യ നിഷ്കളസ്യാശരീരിണഃ
ഉപാസകാനാം കാര്യാർത്ഥം ബ്രഹ്മണോരൂപകല്പനാ.

ചിന്മയവും അദ്വിതീയവും കലാശൂന്യവും അശരീരിയുമായ ബ്രഹ്മം, ഉപാസകന്മാരുടെ ഉപാസനാസൌകര്യത്തിനു വേണ്ടി ശരീരപരിഗ്രഹം ചെയ്യുന്നു.

ത്വമേവസൂക്ഷ്മാസ്ഥൂലാത്വം വ്യക്താവ്യക്തസ്വരൂപിണീ
നിരാകാരാപിസാകാരാകസ്ത്വാംവേദിതുമർഹതി
ഉപാസകാനാംകാര്യാർത്ഥം ശ്രേയസേജഗതാമപി
ദാനവാനാംവിനാശായ ധത്സേനാനാവിധാസ്തനൂഃ
(മഹാ: നി: ത: 4. ഉ:)

അവിടുന്നുതന്നെ സൂക്ഷ്മവും സ്ഥൂലവും; വ്യക്തവും അവ്യക്തവും; എപ്പോൾ അവിടുന്ന് സൂക്ഷ്മം, അപ്പോൾ അവ്യക്തമായി മനോബുദ്ധികൾക്ക് അഗോചരമായിരിക്കുന്നു. എപ്പോൾ അവിടുന്ന് സ്ഥൂലം, അപ്പോൾ അവിടുന്ന് വ്യക്തഭാവത്തെ അവലംബിക്കുന്നു. അവിടുന്ന് നിരാകാരയെങ്കിലും ആകാരമുള്ളവൾ. അവിടുത്തെ സ്വരൂപത്തെ അറിയുന്ന വിഷയത്തിൽ ആരുംതന്നെ സമർത്ഥരല്ല. അവിടുന്ന് ഉപാസകന്മാരുടെ ഉപാസനയ്ക്കുവേണ്ടി—ലോകമങ്ങളത്തിനുവേണ്ടി—ദാനവാദികളുടെ സംഹാരത്തിനുവേണ്ടി—യഥാകാലം ബഹുവിധരൂപങ്ങളെ ധരിക്കുന്നു.

അവിടുന്ന് വിശ്വരക്ഷയ്ക്കായിട്ട് ചിലപ്പോൾ ചതുർഭുജാ ചിലപ്പോൾ ദ്വിഭുജാ ചിലപ്പോൾ ഷഡ്ഭുജാ, ചിലപ്പോൾ അഷ്ടഭുജയുമായിട്ട് നാനാവിധ അസ്ത്രശസ്ത്രങ്ങളെ ധരിക്കുന്നു. ഈ രൂപങ്ങളൊന്നും കല്പനാസൃഷ്ടങ്ങളല്ല.

ചതുർഭുജാത്വംദ്വിഭുജാ ഷഡ്ഭുജാഷ്ടഭുജാതഥാ
ത്വമേവവിശ്വരക്ഷാർത്ഥം നാനാശസ്ത്രാസ്ത്രധാരിണീ.

(മഹാനിർവ്വാണതന്ത്രം. 4. 17.)

ഭഗവതീഗീതയിൽ ജഗദംബ ഹിമാലയനോടു പറയുന്നു,

അനഭിധ്യായരൂപംതു സ്ഥൂലംപർവ്വതപുങ്ഗവ!
അഗമ്യംസൂക്ഷ്മരൂപംമേ യത്ദൃഷ്ട്വാമോക്ഷഭാഗ്ഭവേൽ.
തസ്മാൽസ്ഥൂലംഹിമേരൂപം മുമുക്ഷുഃപൂർവ്വമാശ്രയേൽ
ക്രിയായോഗേനതാന്യേവ സമഭ്യർച്ച്യവിധാനതഃ
ശനൈരാലോമയേൽ സൂക്ഷ്മരൂപംമേപരമവ്യയം. (4. 20. 21.)

എൻെറ സ്ഥൂലരൂപത്തെ വേണ്ടവിധം ധ്യാനിക്കാതെ, യാതൊരുവനും എൻെറ ആ സൂക്ഷ്മരൂപത്തെ പ്രാപിക്കാൻ സാധിക്കയില്ല. ഈ സൂക്ഷ്മരൂപത്തെ ദർശിച്ചാൽ ജീവൻ സംസാരബന്ധത്തിൽനിന്നു വിമുക്തനായിട്ട് നിർവ്വാണം പ്രാപിക്കും. ആകയാൽ, മുക്തിയെ ആഗ്രഹിക്കുന്ന സാധകൻ ആദ്യമായി എൻെറ സ്ഥൂലരൂപത്തെ ഭജിക്കണം. ക്രമേണ വിധിപൂർവ്വകമായി എൻെറ സ്ഥൂലരൂപത്തെ അർച്ചനചെയ്തു് പരമവും അവ്യയവുമായ എൻെറ സൂക്ഷ്മരൂപത്തെ പ്രാപിയ്ക്കും.

സ്ഥൂലസൂക്ഷ്മങ്ങളായ ഈ രണ്ടു രൂപങ്ങളും അവിടുത്തേതുതന്നെ. ഇവിടെ ഉദ്ധരിച്ച വാക്യത്തിൽ, സൂക്ഷ്മരൂപഭജനം മാർഗ്ഗമായി ബ്രഹ്മത്തേ—പരമാത്മാവിനെ—ലക്ഷ്യമാക്കിയിരിക്കുന്നു. ഈ രൂപം മനുഷ്യരുടെ മനോബുദ്ധികൾക്ക് അഗമ്യം. അതുകൊണ്ടു് അവിടുത്തെ സ്ഥൂലരൂപത്തെ—ഈശ്വരസ്വരൂപത്തെ ആശ്രയിക്കുവാൻ ഉപദേശിക്കുന്നു. ഈ സകലരൂപങ്ങളും അവിടുത്തെ സ്വന്തം മനുഷ്യകൽപിത

മല്ല. ഇതിന്ന് അനേകം പ്രമാണങ്ങൾ ശാസ്ത്രങ്ങളിലുണ്ട്. "ബ്രഹ്മണോരൂപകല്പനാ" എന്നതുകൊണ്ട് മനുഷ്യരുടെ മിത്ഥ്യാസങ്കല്പമല്ല. ഇവിടെ "ബ്രഹ്മണഃ" എന്ന പദത്തിന്ന് കൎത്താവിൽ ഷഷ്ഠിവിഭക്തിയാണ്. കല്പന എന്നതിന്ന് സൃഷ്ടി എന്നുമാത്രം അൎത്ഥമാകുന്നു. ഈ സൃഷ്ടി, അവിടുത്തേ സ്വന്തമാകുന്നു. അവിടുന്ന് തന്നിൽ, സ്വന്തരൂപത്തെ സൃഷ്ടിക്കുന്നു. മററുള്ളിടത്തും ഇതേ അൎത്ഥത്തിൽതന്നെ കല്പനാശബ്ദത്തിൻെറ പ്രയോഗം കാണ്മാൻ കഴിയും. എങ്ങിനേയെന്നാൽ, "സൂൎയ്യാചന്ദ്രമസൌധാതാ യഥാപൂൎവ്വമകല്പയത്" വിധാതാവ് പൂൎവ്വകല്പത്തിൽ എപ്രകാരമൊ അപ്രകാരം സൂൎയ്യചന്ദ്രന്മാരെ സൃഷ്ടിച്ചു. വേദാന്തദൎശനത്തിൻെറ പ്രഥമാദ്ധ്യായത്തിലെ ദ്വിതീയപാദത്തിൽ 30-ാംസൂത്രം ഇപ്രകാരം കാണുന്നു. "അഭിവ്യക്തേരിത്യാശ്മരത്ഥ്യഃ" ഈ സൂത്രത്തിന്നു ഭാഷ്യകാരൻ പറയുന്നു,—അശ്മരത്ഥ്യമുനി പറയുന്നു, അനന്യമനസ്കരായ ഉപാസകന്മാൎക്ക് അനുഗ്രഹപ്രദാനം ചെയ്യുന്നതിന്നായിട്ട്, പരമാത്മാവ് അനന്തമാണെങ്കിലും ഓരോവിശേഷരൂപത്തിൽ പ്രത്യക്ഷപ്പെടുന്നു.

അടുത്ത സൂത്രത്തിലും കാണുന്നു, "അനുസ്മൃതേൎബ്ബാദരി" ബാദരിമുനി പറയുന്നു, അനുസ്മൃതിയ്ക്കു—ധ്യാനത്തിന്നു—വേണ്ടി പരമേശ്വരനെ ചിലപ്പോൾ പ്രാദേശപരിമാണത്തിലും ചിലപ്പോൾ ശിരശ്ചരണാദ്യവയവങ്ങളോടുകൂടിയും ആദേശിക്കുന്നു.

ശ്രുതി, സ്മൃതി, തന്ത്രം, പുരാണം, മുതലായ ആൎയ്യശാസ്ത്രങ്ങളിലെല്ലാം, ഉപാസകന്മാരുടെ ഹിതത്തിന്നുവേണ്ടി അവിടുത്തെ മൂൎത്തിസ്വീകരണത്തിൻെറ സംഗതികളെക്കുറിച്ചു പ്രതിപാദിച്ചിട്ടുണ്ട്. ഈ മൂൎത്തികളെല്ലാം കേവലം മനുഷ്യകല്പിതങ്ങളെന്നു വിചാരിക്കുന്നതു് വെറും ഭ്രമം മാത്രമാകുന്നു.

5. അവിടുത്തെ യഥാൎത്ഥസ്വരൂപത്തെ പ്രകാശിപ്പിക്കുന്നതിന്ന്.

അദ്ദേഹത്തിൻെറ യഥാൎത്ഥസ്വരൂപം സ്വയം വ്യക്തമാക്കാതെ മനുഷ്യൎക്ക് അതിനെ എപ്രകാരം അറിയാം? അദ്ദേഹത്തിൻെറ ഓരോ രൂപങ്ങൾ മാൎഗ്ഗമായി ഓരോ അതിദുൎജ്ജേയങ്ങളായ സ്ഥിതികളുടെ ചിത്രം പ്രകാശിക്കുന്നു. ആ ആകൃതികളെല്ലാം കണ്ടാൽതന്നെ അദ്ദേഹത്തിൻെറ ദുൎജ്ജേയാവസ്ഥയുടെ സുസ്പഷ്ടമായ സൂചന ഉണ്ടാകുന്നു. ഓരോ മൂൎത്തികൾവഴി നാനാപ്രകാരത്തിലുള്ള ഭാവവും ശക്തിയും പ്രകാശിക്കുന്നു. ത്രിഗുണാത്മികയായ പ്രകൃതിയുടെ—സത്വരജസ്തമോഗുണങ്ങൾ—അഥവാ—ശക്തിമാൎഗ്ഗമായിട്ട് അദ്ദേഹം, ബ്രഹ്മാണ്ഡത്തിൽ ബഹുവിധലീലാവിനോദങ്ങൾ ചെയ്യുന്നു. ഒരു മൂൎത്തിയിൽ ഒന്നും, ഒരു മൂൎത്തിയിൽ രണ്ടും, ഒരു മൂൎത്തിയിൽ മൂന്നും ഗുണങ്ങളുടെ പ്രകാശനമുണ്ടാകുന്നു. എന്നാൽ ഒരു മൂൎത്തിയിൽതന്നെ ത്രിഗുണങ്ങളുടേയും സമാവേശം കാണുന്നുണ്ട്. ഈ എല്ലാ ഗുണങ്ങളേയും അവലംബിച്ച്

അദ്ദേഹം അനന്തമായ ലീലചെയ്യുന്നു. ഇപ്രകാരം പ്രകൃതിസംഭൃതങ്ങളായ പിതൃമാതൃശക്തികളുടെ സദാതനമായ—എല്ലായ്പോഴുമുള്ള ലീലാദ്വാരാ ബ്രഹ്മാണ്ഡത്തിൻെറ സൃഷ്ടിസ്ഥിത്യാദികളായ സകല കാര്യങ്ങളും സാധിക്കുന്നു. ഏകനായ അവിടുന്ന് സ്വന്തം ശക്തിയായ പ്രകൃതിയെ അവലംബിച്ച് സ്ത്രീത്വശക്തിയെന്നും പുംസ്ത്വശക്തിയെന്നും രണ്ടു രൂപമായിട്ട് സ്ഥിതിചെയ്യുന്നു. ഒരു മൂർത്തിയെ ഒരേ ആധാരത്തിൽ, അർദ്ധനാരീശ്വരൻ, ഹരഗൌരി, ഇത്യാദിരൂപത്തിലും, ഒരു മൂർത്തിയെ പൃഥക്ഭാവത്തിൽ, ലക്ഷ്മി, വിഷ്ണു, കാളി, ശിവൻ ഇത്യാദിരൂപത്തിലുമായിട്ട് ഈ സകലരഹസ്യങ്ങളേയും കാണിച്ചിരിക്കുന്നു.

ഈ കാലത്ത് എന്തോ വലുതായ അവിശ്വാസമുണ്ടായിരിക്കുന്നു. തന്മൂലം, ഈ മൂർത്തികളെല്ലാം സത്യംതന്നെയോ എന്നു പലരും സന്ദേഹിക്കുന്നു. ലോകത്തിൽ മിക്കവരും ഇപ്പോൾ, പണ്ടേപ്പോലെ ശാസ്ത്രവചനങ്ങളെ സംശയശൂന്യരായി വിശ്വസിക്കുന്നില്ല. പ്രമാണങ്ങൾ കാണാതെ ആരും അല്പവും വിശ്വസിക്കുന്നില്ല. ഈ കാരണത്താൽ, ഈശ്വരൻെറ എല്ലാ രൂപഗ്രഹണത്തിൻെറയും കാര്യങ്ങളെ പറയുന്നതായാൽ, അതിൻെറ യാഥാർത്ഥ്യത്തിനുവേണ്ടി എന്തെങ്കിലും പ്രമാണംകൂടി ചേർക്കേണ്ടതാവശ്യമായിരിക്കുന്നു. ആര്യശാസ്ത്രങ്ങളിൽ ഈ എല്ലാ രൂപങ്ങളുടെ കഥകളും വർണ്ണിച്ചിട്ടുണ്ട്. പൂർവാചാര്യന്മാരായ ഋഷികളുടെ സൂക്ഷ്മദൃഷ്ടിയിൽ യാതൊന്നു തോന്നിയോ, അതിനെ അവർ ശാസ്ത്രങ്ങളിൽ പ്രകാശിപ്പിച്ചു. കേവലം മിത്ഥ്യാലാപംചെയ്ത് ലോകവഞ്ചനചെയ്വാനുള്ള യാതൊരുദ്ദേശവും അതിൽ കാണുകയില്ല. യാതൊരുവർ ജ്ഞാനബലത്താൽ ആന്തരലോകത്തിലെ സത്യത്തെ പ്രത്യക്ഷമാക്കി, അവരത്രേ ഋഷികൾ.

പലരുടേയും വിശ്വാസം, ഈ കാലത്തു കാണപ്പെടുന്ന സകല, ദേവീദേവന്മാരുടെ മൂർത്തികളെസംബന്ധിച്ച് വേദങ്ങളിൽ ഒരു പ്രസംഗംപോലും ഇല്ലെന്നാകുന്നു. ഈ അഭിപ്രായത്തിൻെറ നിസ്സാരതയേ വെളിപ്പെടുത്തുന്നതിനായിട്ട് ചില മന്ത്രങ്ങളെ താഴെ ഉദ്ധരിക്കുന്നു.

താമഗ്നിവർണ്ണാം തപസാ ജ്വലന്തീം
വൈരോചനീം കർമ്മഫലേഷുജുഷ്ടാം
ദുർഗ്ഗാം ദേവീം ശരണമഹം പ്രപദ്യേ
സുതരസിതരസേ നമഃ

കാളരാത്രീം ബ്രഹ്മസ്തുതാം വൈഷ്ണവീം സ്കന്ദമാതരം
സരസ്വതീമദിതിംദക്ഷദുഹിതരംനമാമഃ പാവനാം ശിവാം.

(ഋക്‌സംഹിത)

(തുടരും)

പി. ശേഷാദ്രി അയ്യർ ബി. ഏ., ബി. എൽ.

# കൈരളീപ്രാർത്ഥന. (തുടർച്ച)

23. ത്തുട്ടുടെ രുചിതള്ളും,"വെണ്മണി"ശ്രീതുടർന്നാ
"നടുവൊ"ട്ടുവിവയോളംനീണ്ടസാഹിത്യമാല്യം
പട്ടതയൊട്ടുധരിച്ചിക്കൈരളീകണ്ഠവക്ഷ-
സ്സ്ഥലഭുവിവിലസുന്നു മാലിനിത്തീണ്ടിടാതെ.

24. ചിത്താദരത്തൊടഥ"കുന്ദലതേന്ദുലേഖാ"
"മാർത്താണ്ഡവർമ്മ"മുഖഗദ്യകഥാ ഛലേന;
നീർത്താർമണം പെരുകികൈരളിപുഷ്പവാടി
ച്ചാർത്താൽ'വസന്തതിലകാ'യിതരായ് ലസിപ്പൂ.

25. ഉള്ളിൽപിയൂഷ'മുള്ളൂർ'മൊഴിഗഹന-
മഹോത്സുകയാം പച്ച്യയിൽതേൻ-
തള്ളിക്കൊള്ളുന്നു'കുണ്ടൂർ'മൊഴിമഹിതലെ
'പന്തളം'ശ്രീ:കുമാരൻ'
'വള്ളത്തോൾ'വാണിചാരുപ്രകൃതിയുടെനറും-
പുഞ്ചിരിക്കൊഞ്ചലിന്നെൻ-
തള്ളക്കിക്കൈരളിക്കിങ്ങിനെ'സുകൃതി'മണി-
'സ്സ്രഗ്ധരാംഗംജ്വലിപ്പൂ.

26. കൃതിജനമണിയപ്പൻ തമ്പുരാൻകൈരളിത്വൽ
പ്രതിനവഗുണവൃദ്ധിക്കുള്ള രാക്ഷാധികാരി;
അതിശുഭമതി പുന്നശ്ശേരി'യാറാരുമുമ്പാം
ശ്രുതിപെരുകിനവിദ്വന്മാലിനിശ്രീനിധേന്നീ.

27. അമ്മേ! സമസ്തസമകൈരളി: ഭേദമില്ല
നിന്മേനിയിൽകിമപിതെക്കുവടക്കുമെന്നും
സമ്മേളനത്തിലിതിലൊന്നുവടക്കുഭാഗ-
ത്തിൻമേനിയും ചെറുതുഞാൻ വെളിവാക്കിടുന്നു.

28. കവിനട്ടശംകരകവിയും
പടിയൊട്ടുകിനശാസ്ത്രസിന്ധു'ശങ്കര'കവിയും
'പുനവും,ബ്രഹ്മമഹിമ,ഹിതേ
തന്നിതുതേ'കോലഭൂമിട്ടന്മഹി!മഹിതേ!.

29. ആഗമോക്തവിധിപോലവെ ദൃശ്യം
രാഗമാധുരിയിൽനൂതനകാവ്യം
ഭാഗധേയമിഹതന്നതിനെന്നും
സ്വാഗതംപെരിയ'കോട്ടയമേ'തേ.

30. പ്രത്നചിത്രചരിത്രമാം ഗണിതാഗമത്തിനുദിവ്യസാ-
ദ്രത്നമാല’സുസംസ്കൃതം വിരമിച്ചുതാനണിയിക്കയാൽ
യത്നമെന്നിയെകൈരളിക്കൊരു മല്ലികാമലർമാല്യമായ്
ന്നുതരാജ്കവിന്ദുവാം‘കടത്തനാടി’നുകൈതൊഴാം.

31. ശ്രീമച്ശങ്കരവർമ്മനാമമെഴുമാഭൈക്ഷ്മാവല്ലഭ-
ന്നോമൽസൂനുമദീയമാതുലപദം‘(1)‘കുഞ്ഞുണ്ണിയാംപണ്ഡിതൻ’
ധീമാൻ(2)‘ശങ്കരവാര്യ്യ’മെന്ന പലസത്സാഹിത്യകാരകർക്കസു-
ക്ഷേമംനൽകിയഭൈമഭൂമിപകുലശ്രേയസ്സിനും കൈതൊഴാം.

32. രാമാ(3)ഖ്യൻമമമാതുലൻഗുരുവരൻ പിന്നീട്ടു(4)കുഞ്ഞമ്പുവെ-
ന്നീമന്നിൽപുകഴ്‌പൂണ്ടസൽകവിവരൻ മജ്ജ്യേഷ്ഠപാദംമഹാൽ;
ശ്രീമാനാം‘കവനോദ’‘യോദയ(5)മഹീഭൃത്താ’വഴചാദേവിതൻ-
പൂമച്ചാം‘(6)‘രവിവർമ്മദേവ’നിവരിൽ കൃത്താടിവാഗ്ദേവിയാം.

33. ‘സന്താനഗോപാലക’കാവ്യരത്ന-
സന്താനമേകീടിന ലക്ഷ്മിരാജ്ഞി
എൻതള്ളപോൽഭൈമനരേന്ദ്രവംശ’
ച്ചെന്താരിൽവാണീടിന വാണിയല്ലോ.

34. ‘ജനരഞ്ജിനി’കീർത്തികൊണ്ടു കേ. സീ,
സരസൻ‘കേസരി’ ഗദ്യകീർത്തികൊണ്ടും;
കളകൈരളിതന്റെവിഗ്രഹത്തിൽ
തെളിവിൽചാരുവസന്തമാല”ചാർത്തി.

35. ഭാസിക്കും“കൃഷ്ണവാര്യ്യ”പ്രഥിതകവി,പുകഴ്‌പ്പെട്ട കുട്ട്യപ്പനമ്പ്യാർ
കേ. സീ. എൻ. സൂരി“വാഴുന്നവര”ഥ“ചെറുവറ”ദ്വിജൻമാന്യ
[ശീലൻ
രാസിക്യംചേർന്നഭാഷാന്തരകൃതിചതുരൻനമ്പിയാരിങ്ങു‘പി. കേ.,.
ഹാസിദ്ധാം‘മാധവിസ്ത്രീ’മണിപുകളെഴുമാ‘ ലക്ഷ്മി’യാംകെട്ടിലമ്മ’

(1) കുഞ്ഞുണ്ണിക്കുറുപ്പ്:—ചണ്ഡികാസപ്തശതിസ്തോത്രം, രതിപ്രദീപിക, ഫലിതപദ്യങ്ങൾ, ഭാഷ.

(2) ശങ്കരവാര്യർ:—ഉദയചരിത്രം, ചമ്പുപ്രബന്ധം ദേവയാനീപരിണയം, ആട്ടക്കഥ, മുതലായവ.

(3) രാമക്കുറുപ്പ്:—സീതാസ്വയംവരം, രുക്മിണീസ്വയംവരം, യമകകാവ്യങ്ങൾ, സുഭദ്രാഹരണകാവ്യം സവ്ശരളപ്രമോചനം (വൈദ്യം) മുതലായവ.

(4) കുഞ്ഞമ്പുക്കുറുപ്പ്:—വൈദർഭീവാസുദേവം, ഉഷാനിരുദ്ധം, അംശുമതീധർമ്മഗുപ്തം (നാടകങ്ങൾ) മുതലായവ.

(5) ഉദയവർമ്മത്തമ്പുരാൻ കടത്തനാട്.

(6) രവിവർമ്മത്തമ്പുരാൻ:—പത്മിനി, രൂപകം, വിരഹവിലാപം മുതലായവ.

36. എണ്ണിക്കാട്ടിശ്ലാഘസംവേണ്ടചെററ–
"ഉണ്ണികൃഷ്ണൻ"നായരോ സുപ്രസിദ്ധൻ
ഖണ്ഡിച്ചോതാമിന്നുതൽകീർത്തിപുഞ്ജം
പൂർണ്ണേന്ദുശ്രീശാലിനീളേവസിപ്പൂ.

37. അക്കാംശുവാൽകാർമറവിങ്കലും തേ–
നറുംക്കാമ്പലിച്ചിടവെമുഗ്ദ്ധഭാവാൽ
വിഖ്യാതനാംശങ്കരവർമ്മരാജാ'
സൽക്കാവ്യകാരൻ കമലംകണക്കേ.

38. തന്നെയുമുത്തരകൈരളി–
തന്നേയുമദ്ധ്യോമറന്നസതസഭയിൽ
ചൊന്നൊരുശങ്കരവർമ്മന–
രേന്ദ്രനെക്കൈരളിമറക്കയില്ലാശ്ശു'

39. സമ്മാന്യസൽക്കവിമണന്തല"നീലകണ്ഠ–
ശർമ്മാവുമാ' രയിരു"നായർമികച്ചവിദ്വാൻ
നിർമ്മായസാഹിതിവിമർശനവീരസിംഹ
കർമ്മാവിരിപ്പുപുകളേന്തിനചന്തുനമ്പ്യാർ.

40. നിരുപമഫലിരംരസത്തേൻ
തെരുതെരെ നൽകാൻ"കുമാര""സുകുമാരർ"
വിരുതൻവിദ്വാൻ യം. കേ.
ഗുരുക്കളാവിവിധശാസ്ത്രഗദ്യകവി.

41. തെക്കുംവടക്കുമിനിയുംപലമാന്യകാവ്യ
നെയ്ക്കുംഭമിങ്ങിനെനിറഞ്ഞുവിളങ്ങിനിൽക്കെ
വായ്ക്കുന്നപൌരുഷവിളക്കൊട്ടുകീർത്തിശുഭ്ര–
ദിക്കുംഭിമൌലികളിൽമിന്നുകകൈരളിശ്രീ.

കട്ടമത്ത് കന്നിയൂര് കുഞ്ഞികൃഷ്ണക്കുറുപ്പ്.

# മലയാളികളുടെ രണ്ടാംകത്ത്. (തുടർച്ച)

"ശബ്ദലക്ഷണപരിജ്ഞാനം സർവ്വശാസ്ത്രേഷു വ്യാകരണാത്; ശബ്ദാർത്ഥനിർവ്വചനപരിജ്ഞാനം നിരുക്താത്." എന്നു ദുർഗ്ഗാചാര്യൻ പറയുന്നതു അനുസരിച്ചു, വ്യാകരണം പ്രധാനമായി പ്രതിപാദിക്കുന്നതു ശബ്ദവ്യവസ്ഥയെപററിയാണ്; എന്നാൽ ഇതോടൊന്നിച്ചു ശബ്ദാർത്ഥത്തെക്കൂടി ചിന്തിക്കേണ്ടതു അത്യാവശ്യമാകുന്നു. എന്തെന്നാൽ "അർത്ഥോഹിപ്രധാനം" പദങ്ങൾക്കു അർത്ഥപരമായുള്ള വ്യത്യാസങ്ങൾ ഒരു

ഭാഷയുടെ ജീവിതദശയിൽ പലപ്പോഴും ഉണ്ടാകാറുണ്ട്. ഇവയിൽ പ്രധാനമായി മൂന്നുതരത്തിലുള്ള മാററങ്ങൾ ഉണ്ടാകുന്നതായിക്കാണാം. അവ, അൎത്ഥം ചുരുങ്ങുക, അൎത്ഥം വ്യാപിക്കുക, അൎത്ഥം മാറുക, ഇത്രയുമാണ്. ഇതിൽ ആദ്യം പറഞ്ഞ രണ്ടിനും സംസ്കൃതത്തിൽ രൂഢി എന്നും യോഗമെന്നും പറയും. ചെളിയിൽ പലതും ഉണ്ടാകുന്നെങ്കിലും പങ്കജത്തിന്നു താമര എന്നൎത്ഥമുണ്ടായതു്, അൎത്ഥം ചുരുങ്ങുന്ന സമ്പ്രദായത്തിന്നു ഉദാഹരണമാണ്. "കുശാൻലാതീതികശലഃ" കുശ കണ്ടിക്കുന്നതിൽ മിടുക്കനായവൻെറ പേരായ കുശലശബ്ദം ഒടുവിൽ സാമൎത്ഥ്യത്തെക്കുറിച്ചു തുടങ്ങിയതു സംസ്കൃതത്തിൽ അൎത്ഥവ്യാപ്തിക്കുള്ള ഒരുദാഹരണമാകുന്നു. അൎത്ഥവ്യത്യാസമെന്നതിനും സംസ്കൃതഭാഷയിലുള്ള ഉദാഹരണങ്ങൾ പറയാം. 'അസുര' എന്നു് വേദത്തിൽ ഉപയോഗിച്ചിരിക്കുന്ന നാമത്തിന്നു ഓജസ്സുള്ളവൻ എന്നൎത്ഥമല്ലാതെ യാതൊരു നിന്ദാൎത്ഥവും ഉള്ളതായി തോന്നുന്നില്ല. എന്നാൽ സംസ്കൃതത്തിൽ അതിന്നു വളരെ മാററം വന്നുപോയിട്ടുണ്ട്. ആദിയിൽ 'അടക്കം' എന്നു അൎത്ഥം തരുന്ന ശമ് എന്ന ധാതുവിൽനിന്നും ക്രമേണ കൊല്ലുക എന്ന അൎത്ഥം മാറിവന്നു്, 'ശമിത്രൃ' കൊല്ലുന്നവൻ, 'ശമന' കാലൻ, എന്നിങ്ങിനെ പദപ്രയോഗം തുടങ്ങിയതു കാൺക. 'പ്രമാദം' എന്ന വാക്കും മലയാളത്തിൽ അൎത്ഥവ്യത്യാസം സംഭവിച്ചിട്ടുള്ളതാണ്. അനവധാവം എന്ന അൎത്ഥം ആദിയിൽ ഉണ്ടായിരുന്ന 'പ്രമാദം' വമ്പിച്ച പ്രഭുത്വമുള്ള, എന്നെല്ലാമുള്ള അൎത്ഥത്തിൽ പിരണ്ടു തുടങ്ങി. പറയുന്നതായാലും ശരിചെയ്യുന്നതായാലും ശരി പലകാൎയ്യങ്ങളും അത്ര ഗണ്യമാക്കാതെ ഇരിക്കുന്നതു വലിയ ആളുകളുടെ വലിപ്പത്തിൻെറ ലക്ഷണമാണല്ലോ. ഈ വഴിയിൽക്കൂടിയാണു പ്രമാദത്തിന്നു അൎത്ഥവ്യത്യാസം നേരിട്ടതു്. സാവധാനം എന്ന വാക്കിന്നു പതുക്കെ എന്ന അൎത്ഥവും ഇങ്ങിനെതന്നെ ഉണ്ടായി, സജീവമായി അഭിവൃദ്ധിയിൽ ഇരിക്കുന്ന ഭാഷകളിൽ ശതാബ്ദം തോറുമെങ്കിലും നിഘണ്ഡുക്കൾ അധുനികപ്രയോഗം അനുസരിച്ചു പ്രസിദ്ധീകരിക്കുന്നതിൻെറ സാരവും ഇതുതന്നെയാണു. ഇതിൽ പ്രമാദം പറയുന്നു വൈയ്യാകരണന്മാർ വെറുതെ ശഠിച്ചിട്ടു കാൎയ്യമില്ല.

'തടസ്സം' എന്ന പദത്തേപ്പററിയും എന്തൊചില കുററവും കുറവും പറയുന്നുണ്ട്. ആ വാക്കു മലയാളപദമായ 'തട' എന്നതിൽനിന്നും വന്നതല്ലെന്നു തോന്നുന്നു. 'തട' എന്ന മലയാളവാക്കിൻെറ അൎത്ഥം 'വെട്ടും തടയും' എന്നതിൽ ശരിയായ അൎത്ഥത്തിൽ സൂക്ഷിച്ചിട്ടുണ്ട്. തടയുക, എന്നതു ഇതിൻെറ ക്രിയാരൂപമാണു. തടങ്ങൽ, എന്നും, തടവു്, എന്നും മററും ഇതിൽനിന്നു നാമങ്ങളും ഉണ്ടായിട്ടുണ്ട്. 'തടം' എന്നു, ആലവാലമെന്ന അൎത്ഥത്തിൽ ഉപയോഗിക്കുന്ന നാമവും ജലമൊലിച്ചുപോകാതെ തടഞ്ഞു നിൎത്തുന്നതിന്നു സഹായിക്കയാൽ

മുൻപറഞ്ഞ മൂലപദത്തിൽനിന്നു കിളിത്തുതന്നെയാകാം. 'തടസ്സം' എന്നപദം സംസ്കൃതം മലയാളമായി വേഷം മാറിയിട്ടുള്ളതാണു. 'തടസ്ഥം' എന്ന വാക്കിനു സംസ്കൃതത്തിൽ രണ്ടിലും ചേരാതെ മദ്ധ്യഭാവം കൈക്കൊണ്ടു നില്ക്കുന്നവൻ എന്ന അർത്ഥമുണ്ട്. ഈ പൊരുളിൽ നിന്നായിരിക്കണം, പണ്ട്. തിരുവിതാംകൂറിൽ ഒരു ദേശത്തു ഇരുവർ തമ്മിൽ കലഹമുണ്ടായാൽ അവരെ, അക്രമത്തിനിടകൊടുക്കാതെ സൂക്ഷിക്കുന്നതിനും സമാധാനപ്പെടുത്തുന്നതിനും വിവരം പാർവ്വത്യകാരെന്ന ഉദ്യോഗസ്ഥനെ അറിയിക്കുന്നതിനും, ആയികരപ്രമാണികളിൽ ചിലരെ, 'തടസ്ഥർ' എന്ന സ്ഥാനപ്പേരു കൊടുത്തു നിയമിച്ചിരുന്നു. ഇവരുടെ പേർ 'തടസ്സ'രായി ഭേദപ്പെട്ടുതുടങ്ങി. ഇപ്രകാരമാണ് 'തടസ്സ' ശബ്ദത്തിന്റെ വരവു എന്നൂഹിക്കുന്നു. 'സ്ഥ' 'സ്സ' ആയി മാറിയതു്, മനുഷ്യർ മററുള്ള കാര്യങ്ങളിലെന്നപോലെ സംഭാഷണത്തിലും ശ്രമക്കുറവും, സുഖവും ഇച്ഛിക്കുന്നതുകൊണ്ടുതന്നെയാണ്. 'വയസ്സ' ശബ്ദവും ഇപ്രകാരം ഭേദപ്പെട്ടതത്രെ. അതിനാൽ ഈ പദങ്ങൾ തെററെന്നു ശഠിച്ചു ഉപയോഗിക്കാതെ ഇരിക്കുന്നതുകൊണ്ടു്, യാതൊരു ഫലവുമില്ല. സംസ്കൃതസന്ധിയിലുള്ള ധാരാളം ശബ്ദവ്യത്യാസം ഉച്ചാരണലാഘവത്തിനായി ഉണ്ടായിട്ടുള്ളതത്രെ.

'ദയവ്' എന്ന പദം മലയാളഭാഷയിൽ പാർപ്പുതുടങ്ങിയ നാൾമുതൽ, ആ ഭാഷയിലെ നിയമങ്ങളും ആചാരങ്ങളും എല്ലാം അനുസരിച്ചുപോയ ഒരു തനിമലയാളത്തുകാരൻതന്നെയാണ്. 'ദയ' എന്ന പദത്തിന് വിഭക്തിപ്രത്യയങ്ങൾ ചേർക്കുമ്പോഴും, മററും ചില പ്രത്യേകസന്ധിയിൽ, 'യ'കാരം ഇടക്കു വന്നു വീഴാറുണ്ടു്. ദയ, ദയയുടെ, ദയയിൽ, ദയയുള്ള ഇത്യാദി—എന്നാൽ ഈരണ്ടു യകാരങ്ങൾ അടുത്തടുത്തുച്ചരിക്കുന്നതിലുള്ള യത്നംകൊണ്ടു്, സാധാരണ മലയാളസന്ധിയിൽ ഇടനില കൈക്കൊള്ളാറുള്ള 'വ'കാരം ചേർത്തു, ദയവിന്റെ, ദയവിൽ, ദയവിനെ, ദയവുള്ള, എന്നിങ്ങനെയും ഉപയോഗിക്കാറുണ്ടു്. ഈ തരം പ്രയോഗത്തിനുശേഷം മലയാളഭാഷയുടെ സ്വഭാവമനുസരിച്ചു് വിഭക്തിപ്രത്യയം മാററി നാമപദം എടുത്തപ്പോൾ, 'വ'കാരം ദയ എന്നതിനോടു പററി ചേർന്നിരുന്നുപോയതാണ്. ഇതു മലയാളഭാഷയുടെ ഒരു ശൈലി ആയതുകൊണ്ടു്, പാണിനിമതക്കാർ കൈരളിയെ പിടിച്ചു കെട്ടി ചതുർവിധമായി പ്രഹരിക്കേണ്ടതാണ്. മുറ, മുറവ്, മറ, മറവ്, കുറ, കുറവ് ഇത്യാദി നാമങ്ങൾ മലയാളഭാഷയിൽ ഉള്ളതു് ഇതിന്നു് ഉദാഹരണങ്ങളാകുന്നു.

മലയാളഭാഷയെ, ഔചിത്യംകൂടാതെ, സംസ്കൃതവ്യാകരണംകൊണ്ടു് നിയന്ത്രിക്കുന്നതു വലിയ മോശമാണെന്നത്രെ എനിക്കു തോന്നുന്നതു്. എന്തെന്നാൽ, അവ്വണ്ണം തുടങ്ങുന്നതായാൽ ഇംഗ്ലീഷുഭാഷാവൈ

യ്യാകരണന്മാരും വഴക്കിന് മുതിൎന്നുതുടങ്ങും. പല ആംഗലഭാഷാപദങ്ങളും മലയാളവാക്കുകളായിത്തീൎന്നിട്ടുണ്ടു്. ആപ്പീസ്, സമൻ, പെൻസില്, റാന്തല് മുതലായ അനവധി വാക്കുകൾ കൈരളി കടം വാങ്ങിയിട്ടുള്ളതാണു്. റാന്തല് എന്ന മലയാളവാക്കു് ലാന്റേൺ എന്ന ആംഗ്ലേയപദത്തിൽനിന്നും ഉണ്ടായിട്ടുള്ളതാണെന്നു തോന്നുന്നു. 'ലാന്റേൺ' 'ലാന്തറ്'' ആയതിനുശേഷം 'ഹിംസ' എന്നുള്ള പദം സംസ്കൃതത്തിൽ തിരിഞ്ഞുവീണു്, 'സിംഹ'മായിത്തീൎന്നതുപോലെ 'റാന്തല്'' ആയിത്തീൎന്നതാകുന്നു. ഇതു 'പദവിപൎയ്യയമാണു്'. ഇങ്ങിനെയുള്ള പദങ്ങൾ പ്രയോഗത്തിൽ പ്രചുരങ്ങളായിത്തീൎന്നിരിക്കവേ, സാധുവല്ലെന്നു വാദിച്ചാൽ, അനവധി മലയാളവാക്കുകൾ നഷ്ടമായിപ്പോകാനിടയുണ്ടു്. ഇതുകൊണ്ടു്, ഇംഗ്ലീഷിനും മലയാളത്തിനും ഉള്ള അടുപ്പവും, മലയാളത്തിനും സംസ്കൃതത്തിനും ഉള്ള അടുപ്പവും സമമാണെന്നു പറയുന്നതായി ആരും അൎത്ഥമാക്കരുതു്. എങ്കിലും സംസ്കൃതത്തിന്റെവക, വൈരാഗ്യം, അവതാളം, സാവധാനം, സാധു എന്നു തുടങ്ങിയുള്ള അനവധി വാക്കുകൾ മലയാളത്തിനുള്ളവ, സംസ്കൃതവ്യാകരണപ്രകാരം പുറത്തുകടക്കേണ്ടതായിവരും. രാധ, പ്രാണൻ, ദാരം, (രാധാ—പ്രാണാഃ, ദാരാഃ) എന്നിങ്ങനെയുള്ള വാക്കുകൾ മലയാളമായിത്തീരാതെ തരമില്ല. സൂക്ഷ്മമായി പരിശോധിക്കുന്നപക്ഷം ശബ്ദസംബന്ധമായിട്ടുകൂടി ദ്രാവിഡഭാഷയായ മലയാളത്തിനും ആൎയ്യഭാഷയായ സംസ്കൃതത്തിനും തമ്മിൽ പല വ്യത്യാസങ്ങളുണ്ടെന്നു ഞാൻ സൂചിപ്പിച്ചുകൊള്ളുന്നു. സംസ്കൃതത്തിൽനിന്നു അസംഖ്യം വാക്കുകൾ നമുക്കു കടംവാങ്ങേണ്ടതായുണ്ടു്. എന്നാൽ, അവ മലയാളത്തുകാർ. ആരെയും, എന്തും അനുകരിക്കാനുള്ള ഭൂമികൾ, ചിലർ, അന്യസ്വത്തെന്ന അടിമത്തത്തോടേ ഉപയോഗിക്കുന്നതു ഭംഗിയാണെന്നു തോന്നുന്നില്ല. സംസ്കൃതപദങ്ങളെ വളരെ പാപ്പരാക്കി തമിഴർ ഉപയോഗിക്കാറുള്ളതുപോലെ നാം ചെയ്യുന്നില്ലെന്നുള്ളതും സന്തോഷത്തിന് വകയാണു്. ആവശ്യമില്ലാതെ അപ്രസിദ്ധങ്ങളായ സംസ്കൃതപദങ്ങൾവച്ചു മുഴപ്പിക്കുക, സമാസമായി പദങ്ങൾ തൊടുത്തി നീട്ടിയുപയോഗിക്ക, ഇവയെല്ലാം അവനവന്റെ സ്വഭാവഗുണം വിറവുതിന്നുന്നതിനുള്ള സാമൎത്ഥ്യം കാട്ടുക മാത്രമാകുന്നു. മലയാളത്തിൽ തീവണ്ടിപോലെ നീണ്ട സമാസപദങ്ങൾ ഉപയോഗിക്കുന്നതു്, പ്രൌഢശൈലിയാണെന്നു പലരും വിചാരിക്കുന്നുണ്ടു്. എന്നാൽ ഇതു പ്രൌഢശൈലിയല്ല, നേരെ മറിച്ചു ഒരുമാതിരി ഭ്രാന്തൻശൈലിയാണെന്നാണു് എനിക്കു തോന്നുന്നതു്. ഇതുപോലെതന്നെ മലയാളത്തിലുള്ള പ്രൌഢോപന്യാസങ്ങളെല്ലാം, സംസ്കൃതവ്യാകരണപ്രകാരം ഇരിക്കണം എന്നു പറയുന്നതിനും അൎത്ഥമില്ല. ആശയഗാംഭീൎയ്യംകൊണ്ടു സംസ്കൃതപ്രചുരമായ ശൈലിയുണ്ടാകുമെന്നു പറയുന്നതു് അതിലും ഭോഷ്കാണു്. സംസ്കൃതവാക്കുകളിലൊ, വല്ല വ്യാകരണാംശ

ത്തിലൊ, അല്ല പ്രൌഢമായ ആശയം ഇരിക്കുന്നതു്. "അർക്കാനലാദി വെളിവൊക്കെഗ്രഹിക്കുമൊരുകണ്ണിന്നുകണ്ണുമനമാകുന്നകണ്ണതിനുകണ്ണായിട്ടുന്നപൊരുൾതാൻ, എന്നുറക്കുമളവു്" എന്നു തുടങ്ങിയ വരികളിൽ സംസ്കൃതകോലാഹലമില്ലായ്കയാൽ ആശയത്തിനു് വന്നുകൂടിയിട്ടുള്ള ഗൌരവക്കുറവു് എന്താണെന്നറിയുന്നില്ല.

സംസ്കൃതവ്യാകരണത്തിൽ വിസ്മയനീയമായ നൈപുണ്യം സിദ്ധിച്ചിട്ടുള്ളവരിൽ ചിലരും മലയാളഭാഷയോടടുക്കുമ്പോൾ, ഔചിത്യം കുറഞ്ഞവരായിത്തീരുന്നുണ്ടെന്നു പറയാതെ നിർവ്വാഹമില്ല. എന്തെങ്കിലും ഒരു ബഹളമുണ്ടാകുമ്പോൾ, മൺവെട്ടി കൈവശമുള്ളവൻ അതും, ഉലക്ക കൈവശമുള്ളവൻ അതും, തെക്കൻകത്തി കൈവശമുള്ളവൻ അതും, ഉപയോഗപ്പെടുത്തുവാൻ മുതിരുന്നതു ലോകസ്വഭാവമാണു്. സംസ്കൃതഭാഷ മാത്രം പരിശോധിച്ചിട്ടുള്ള ചില വൈയ്യാകരണന്മാർ, ഉപകരണത്തിന്റെ ഔചിത്യം നോക്കാതെ മലയാളസാഹിത്യസമരത്തിൽ ഇറങ്ങുന്നതു വളരെ പരിഹാസ്യമായിട്ടുള്ളതാണു്.

മലയാളഭാഷയിൽ സിദ്ധമായിട്ടുള്ള പദങ്ങളെ ഉപയോഗിക്കുന്നവർ, പരിഷ്കൃതന്മാരല്ലെന്നും പണ്ഡിതന്മാരല്ലെന്നും സംസ്കൃതവ്യാകരണദൃഷ്ട്യാ നോക്കി ചിലർ പുച്ഛിക്കുന്നതു്, കഥയില്ലായ്മയുടെ സർവ്വജ്ഞതാലക്ഷണമാണു്. "തമാഹുഃ പണ്ഡിതം ബുധാഃ" എന്നു ഭഗവാനും, "വിദ്വാനാകുന്നതവൻ പണ്ഡിതശ്രേഷ്ഠനല്ലോ" എന്നു വിദുരരും പറയുന്നതു വ്യാകരണംപഠിച്ചവരെപ്പററി മാത്രമല്ല. വ്യാകരണം ഉരുക്കഴിച്ചവരിൽതന്നെ, പലതുകൊണ്ടും പലവിധത്തിലുള്ളവർ എത്രയെത്രയുണ്ടു്. ഇവയൊന്നിലുമല്ല, മഹാശയത്വവും മഹത്കൃതികളും ഇരിക്കുന്നതു്. മഹർഷിയായ പാണിനിയും രണ്ടായിരം നാവുള്ള അനന്തന്റെ അവതാരമെന്നു പറയുന്ന പതഞ്ജലിതന്നെയും ഒന്നുകൂടി വന്നാൽപോലും മലയാളഭാഷ, അവരുടെ സംസ്കൃതഭാഷാനിയമങ്ങൾക്കെല്ലാററിനും, ഒന്നുപോലെ അടിമപ്പെടുമോ എന്നു തോന്നുന്നില്ല. അങ്ങിനെയിരിക്കെ ഭാഷാബന്ധുവും, "ഭാഷാസ്നേഹി"യും ഭാഷാവിരോധിയുമെല്ലാം വേണ്ടവിധമല്ലാതെ രംഗത്തു ചാടിവീണു്, അഷ്ടകലാശം ചവുട്ടി പൊടിപൊടിച്ചതുകൊണ്ടു് എന്തു ഫലമാണുള്ളതു്.

ഇത്രയും പറഞ്ഞതിൽനിന്നു, ഭാഷക്കു നിയമം വേണ്ടേ എന്നു ഉറക്കെ ചോദിച്ചുകൊണ്ടു് ഭീരുക്കളായ ചിലർ "ഭാഷയിൽ അബദ്ധപ്രയോഗമുണ്ടാകുമേ!" എന്നു മുറവിളി കൂട്ടാം. ആദ്യമായി ഒന്നു മനസ്സിലാക്കണം. വ്യാകരണനിയമങ്ങൾ ഉണ്ടാക്കുന്നതു്, വേണ്ടവിധം നന്നായി ഭാഷയുടെ എല്ലാഅംശവും സൂക്ഷ്മമായി പരിശോധിച്ചുവേണം. അവ ഒത്തുചേർന്നു ഭാഷയുടെ വളച്ചു നിർത്തുന്ന ഇരുമ്പുകൂടായി തീരാ

തെ സൂക്ഷിക്കയും വേണം. പിന്നീട്ട, മൃതമല്ലാത്ത ഏതൊരു ഭാഷയിലും നാം അറിയാതെതന്നെ, ചില നിബന്ധനകളും മര്യാദകളും അഭിവൃദ്ധി പ്രാപിച്ചുകൊണ്ടിരിക്കുന്നു. രമണീയതചത്തിനും, നന്മക്കും, സത്യത്തിനും മനുഷ്യന് അത്യാഗ്രഹവും ഉണ്ട്. ഉത്തമസാഹിത്യകാരന്മാരുടെ ഗ്രന്ഥങ്ങളുമായി പരിചയംസമ്പാദിക്കേണ്ടതു പ്രധാനധൎമ്മമാകുന്നു.

എന്നു നിങ്ങളുടെ മലയാളി.

ഇതിനു മലയാളിക്കയച്ച കത്തിൽ ഞാൻ, താഴെക്കാണുന്നപ്രകാരം ഒരു കുറിപ്പും ചേൎത്തിരുന്നു.

"നിങ്ങരം ഇയ്യിടെ അയച്ചകത്തിൽ 'സാഹിത്യചന്ദ്രിക' എന്ന മാസികയിൽ എഴുതിയിട്ടുള്ള ഭാഷാബന്ധു, ഭാഷാസ്നേഹി, തുടങ്ങിയവരെ സൂചിപ്പിച്ചിട്ടുള്ളതായി എനിക്കു മനസ്സിലായി. എന്നാൽ അവരുടെ ശ്രമം, മലയാളഭാഷാശാസ്ത്രമെഴുതുന്ന ഒരാരംക്കു, പദോത്പത്തി മുതലായ കാൎയ്യങ്ങളിൽ വളരെ ഉപയോഗപ്രദമാണെന്നു മാത്രം വിചാരിച്ചാൽ മതി. മലയാളഭാഷ, ഇത്തരം അരിഷ്ടദശകരം പലതും വലിഞ്ഞുകയറി ജീവിക്കുകയാണു. "ചൂചൂകിരെ പന്തലകത്തെ"ന്നും "ചാലവും പിന്നിടേഹാഃ" എന്നും മററും ഉള്ള പ്രയോഗങ്ങരം ഉണ്ടായിരുന്ന കാലവും കഴിഞ്ഞുകൂടിയെല്ലാം. മലയാളഭാഷ തന്റെ സ്വഭാവഗതി അനുസരിച്ചുതന്നെ ഒഴുകിക്കൊണ്ടിരിക്കും ആ ഗതി അധഃപതനത്തിന്നുള്ളതുമല്ല.

മുതുകുളം, എം. കെ. ഗോപാലപിള്ള.

# വിചാരവീചി.

## സാഹിത്യപരിഷത്തും മഹാകവി വള്ളത്തോളും.

II

സാഹിത്യപരിഷത്തും മഹാകവി വള്ളത്തോളും തമ്മിൽ ഇപ്പോരം നിലനിന്നുവരുന്ന ബന്ധത്തെപ്പററി ചിലത് ഞങ്ങരം ഇതിന്നു മുമ്പ് ഒരു ലക്കത്തിൽ പ്രസ്താവിച്ചത് വായനക്കാർ ഓൎക്കുന്നുണ്ടായിരിക്കാം. അതിന്നുശേഷം മഹാകവിയുടെ ഒരു കത്തും, ശ്രീമാൻ പി. വി. കൃഷ്ണവാരിയരുടെ ഒരു മറുവടിയും ഞങ്ങരം പത്രങ്ങളിൽ വായിക്കുവാനിടയായി. ഇതു രണ്ടും വായിച്ചപ്പോരം ഞങ്ങളുടെ ആശങ്കകരം വൎദ്ധിക്കയാണുണ്ടായതെന്നുള്ള വാസ്തവം ഞങ്ങരം മറച്ചുവെക്കുന്നില്ല. പരിഷത്തും വള്ളത്തോളുമായി അടുക്കാൻ വട്ടമില്ലെന്നു മാത്രമല്ല അകലാൻ എളുപ്പമുണ്ടെന്നും ക്രമേണ പ്രത്യക്ഷപ്പെടുന്നുണ്ട്. ക്രിസ്തുമസ്സ്

കാലത്ത് സാഹിത്യപരിഷത്തു കൂട്ടുകയാണെങ്കിൽ മഹാകവി കോൺഗ്രസ്സിന്നു പോകയല്ലാതെ പരിഷത്തിൽ സന്നിഹിതനാകുന്നതല്ലെന്നും അദ്ദേഹത്തിൻെറ കത്തുകൊണ്ടു് തെളിയുന്നുണ്ടു്. സാഹിത്യപരിഷത്ത് ആദ്യം തുടങ്ങിയത് ഡിസമ്പർമാസത്തിലല്ലെങ്കിലും കഴിഞ്ഞ രണ്ടുകൊല്ലങ്ങളായി ആ മാസത്തിലാണു് സമ്മേളനം ഏൎപ്പാടുചെയ്തു കാണുന്നതു്. ഈ രണ്ടുകൊല്ലത്തിനിപ്പുറമാണു് മഹാകവി കോൺഗ്രസ്സിൽ സന്നിഹിതനാവാൻ തുടങ്ങിയതും. ഇതുരണ്ടും ആകസ്മികസംഭവങ്ങളാണെന്നല്ലാതെ മുൻകൂട്ടി ആലോചനചെയ്തു് വരുത്തിക്കൂട്ടിയതാണെന്ന് വരാനും ആലോചിച്ചുനോക്കുമ്പോൾ നിവൃത്തികാണുന്നില്ല. പരിഷത്ത് ഭാരവാഹികളും മഹാകവിയും ദൃഢനിശ്ചയത്തോടുകൂടിയവരാണെങ്കിൽ ഇരുകൂട്ടരേയും കൂട്ടിയിണക്കാനുള്ള ശ്രമവും ഫലവത്തായിത്തീരാൻ മാൎഗ്ഗം കാണുന്നില്ല. ഈ ഘട്ടത്തിൽ രണ്ടുകൂട്ടരോടും ഞങ്ങൾക്ക് ഒരപേക്ഷയുണ്ടു്. അതിന്നുമുമ്പായി ഞങ്ങളെ തെററിദ്ധരിക്കരുതെന്നു വായനക്കാരോടും ബഹുജനങ്ങളോടും ആദ്യമെ പറഞ്ഞുകൊള്ളട്ടെ. ഞങ്ങൾ ഒരു കക്ഷിയിലും ചേൎന്നവരല്ല. കക്ഷിമത്സരവും, വൎഗ്ഗമത്സരവും കൂടാതെ ഏകയോഗക്ഷേമമായി ഏവൎക്കും കൈകാൎയ്യം ചെയ്യാവുന്ന ഒരു രംഗം ഏതെങ്കിലുമുണ്ടെങ്കിൽ അതിലൊന്നാണു് സാഹിത്യമെന്നു ഞങ്ങൾ സൎവ്വാത്മനാ വിശ്വസിക്കുന്നുമുണ്ടു്. അങ്ങിനെയുള്ള സാഹിത്യത്തിൻെറ പേർ പറഞ്ഞ് മത്സരങ്ങൾ വൎദ്ധിപ്പിക്കുന്നതു് ശുഭോദൎക്കമാണെന്നും ഞങ്ങൾ വിചാരിക്കുന്നില്ല. ഉൽപതിഷ്ണുക്കളും യാഥാസ്ഥിതികന്മാരും ഏതുകാലത്തും ഏതു സമുദായത്തിലും ഉണ്ടാവാറുണ്ടു്. പരിഷ്കൃതരാജ്യങ്ങളെന്നു് പേരിനെ അൎഹിക്കുന്ന ഏതു രാജ്യവും അതിലുള്ള പൊതുസ്ഥാപനങ്ങളിലും ഇരുകൂട്ടൎക്കും പ്രാതിനിധ്യവും അനുവദിച്ചുകൊടുക്കാറുണ്ടു്. തൽക്കാലം ഒരു കൂട്ടരുടെ പ്രാബല്യമനുസരിച്ച് കാൎയ്യങ്ങൾ അവരുടെ അഭിപ്രായഗതിപോലെ നടക്കുന്നതും പതിവാണു്. എന്നാലും യാഥാസ്ഥിതികനും ഉൽപതിഷ്ണുവിനും തൻെറ അഭിപ്രായം പ്രകടിക്കുന്നതിന്നു് അങ്ങിനെയുള്ള പൊതുസ്ഥാപനങ്ങൾ പ്രതിപ്രന്ധമായി തീരാറില്ല. ഒരു കൂട്ടർ സഹകരണത്യാഗം അനുഷ്ഠിച്ചതുകൊണ്ടു് മറെറ കൂട്ടർ നാമാവശേഷമായിത്തീരുന്നതുമല്ല. ഇതിന്നൊക്കെ പുറമെ ലോകം ചിലപ്പോൾ ഇതിൽ ഏതെങ്കിലും ഒന്നിനോടും ചിലപ്പോൾ രണ്ടിനേയും വകവെക്കാതെയും മുന്നോട്ടുപോകുന്നുണ്ടെന്നുള്ള സംഗതിയും നമുക്ക് വിസ്മരിക്കുവാൻ തരമില്ല. ഇന്നു നമുക്കു അനുകൂലമായ ലോകം നാളെ ശുൎപ്പകനെപ്പോലെ നമ്മുടെ നേരെ തിരിയുവാനും മടിക്കുന്നതല്ലെന്നുള്ളതിലേക്ക് ദൃഷ്ടാന്തങ്ങളും ചരിത്രത്തിൽ ദുർല്ലഭമല്ല. പൊതുസ്ഥാപനങ്ങളുടെ കൈകാൎയ്യകൎത്തൃത്വം വഹിക്കുന്നവർ മേല്പറഞ്ഞ തത്വങ്ങൾ ഗ്രഹിക്കാതെ സ്വാൎത്ഥംകൊണ്ടോ, ചാപല്യംകൊണ്ടോ, വൈരംകൊണ്ടോ അക്രമം

പ്രവൎത്തിക്കുന്നതായാൽ അവസാനം അനൎത്ഥവും അപായവുമാണ് ഫലമായുണ്ടാവുന്നതെന്നു പറവാൻ വലിയ ദീൎഘദൎശിത്വം വേണമെന്നു തോന്നുന്നില്ല.

ഭാഷാപോഷണം മലയാളികളുടെ എല്ലാവരുടേയും ഒരു പൊതുക്കാൎയ്യമാകയാലും അതിലേക്കായി ഏൎപ്പെടുത്തിയിട്ടുള്ള സാഹിത്യപരിഷത്തിന്നു് ഭാഷാസാഹിത്യത്തിൽ മുന്നണിയിൽ നില്ക്കുന്ന മഹാകവി വള്ളത്തോളിനെപ്പോലുള്ളവർ അകന്നുനിൽക്കുന്നതോ, അവരെ അകറ്റുന്നതോ, തത്ഭാരവാഹികളുടെ ഉദ്ദേശങ്ങൾക്ക് വിരുദ്ധമായതിനാലും, പരിഷത്ത് ഒരു പ്രയോജനമുള്ള ഒരു സ്ഥാപനമായി കാണേണമെന്ന് ഞങ്ങൾക്കു ആഗ്രഹമുള്ളതിനാലും ഞങ്ങൾ ഇത്രത്തോളം പറവാനൊരുങ്ങിയതാണ്. ദേശാഭിമാനവും ഭാഷാഭിമാനവും പരസ്പരം വിരുദ്ധമാവേണമെന്നില്ല. താൻ ആദ്യമായി ഒരു ഭാരതീയനും രണ്ടാമത്. ഒരു കേരളീയനും അതല്ല, താൻ ആദ്യമായി പ്രപഞ്ചത്തിലെ ഒരംഗവും, രണ്ടാമത് ഭാരതത്തിലെ ഒരംഗവും, മൂന്നാമത് കേരളത്തിലെ ഒരംഗവും എന്ന് മഹാകവിതന്നെ പറയുന്നതായാലും അദ്ദേഹം പെറ്റുവളൎന്നതു് കേരളത്തിലാണെന്നും ആദ്യമായി സംസാരിച്ചഭാഷ മലയാളഭാഷയാണെന്നും ഉള്ള സംഗതി അദ്ദേഹത്തിന്നും വിസ്മരിക്കാൻ തരമില്ല. കോൺഗ്രസ്സ് ഭാരതത്തെ മുഴുവൻ ബാധിക്കുന്ന ഒരു സ്ഥാപനമാകയാലും അതു് തുടങ്ങിയമുതല്ക്കു് ഇതുവരെ ക്രിസ്തുമസ്സ് കാലത്ത് നടത്തിവന്നതിനാലും ഇപ്പോൾ അതിൻെറ സമ്മേളനകാലം മാറ്റേണമെന്ന് പറയുന്നത് ന്യായവും അല്ല. അങ്ങിനെ പറഞ്ഞാൽ നടക്കുന്നതുമല്ല. അതിൽ പങ്കുകൊള്ളേണമെന്ന് ആഗ്രഹിക്കുന്നവൎക്ക് സാഹിത്യപരിഷത്തിൽ പങ്കുകൊള്ളുവാൻ സൌകൎയ്യമുണ്ടാകാതിരിക്കത്തക്കവണ്ണം അപ്പോഴാണ് സാഹിത്യപരിഷത്ത് കൂടേണ്ടതെന്ന് നിൎബ്ബന്ധവുമില്ല. അങ്ങിനെ ശഠിക്കുന്നതിന്നു അൎത്ഥവുമില്ല. എല്ലാവൎക്കും കല്പനയുള്ള കാലമായതുകൊണ്ടാണ് അങ്ങിനെ നിശ്ചയിച്ചിട്ടുള്ളതെന്ന് പറയുന്നതായാൽ അതുപോലെ ഈസ്റ്റർ കല്പനയും ഉണ്ടെന്നു സമാധാനവുമുണ്ട്. ഇനി ഇതൊന്നും ശരിയാവുന്നില്ലെങ്കിൽ കേരളീയൎക്കു എല്ലാംകൊണ്ടും ആഘോഷകാലമായിക്കരുതുന്ന ഓണക്കാലവുമുണ്ട്. ഈ വക സംഗതികൾ പരിഷത്ത് ഭാരവാഹികളും മഹാകവി വള്ളത്തോളും ഗാഢമായി ആലോചിച്ചാൽ കൊള്ളാമെന്ന് ഭാഷാപോഷണതല്പരന്മാരെന്ന നിലയിൽ ഞങ്ങൾ അവരോട് അപേക്ഷിച്ചുകൊള്ളുന്നു.

II

## കേരളസൎവ്വകലാശാല.

രങ്കനാഥൻകമീഷൻ മദിരാശി സൎവ്വകലാശാലക്കാൎക്ക് സമൎപ്പിച്ച റിപ്പോൎട്ടു് ഒരു വിധത്തിലും രണ്ടു വിധത്തിലുമല്ല ജനങ്ങൾക്ക് ഇച്ഛാഭംഗത്തിന്നു ഇടയാക്കീട്ടുള്ളതു്. പല പ്രകാരേണയും പലൎക്കും

നിരാശയ്ക്കു കാരണമാക്കിത്തീൎത്ത ഈ റിപ്പോൎട്ട് മലയാളികൾക്ക് ഒരു വമ്പിച്ച ദോഷത്തെ ചെയ്തിട്ടുണ്ട്. കുറച്ചുകാലമായി ഒരു കേരളസൎവ്വകലാശാലക്കു അത്യന്തം മോഹിച്ചും അല്പം അതിന്നായി പ്രയത്നിച്ചുംപോന്ന മലയാളികളായ പരിശ്രമികൾക്ക് മൎമ്മഭേദകമായ ഒരു റിപ്പോർട്ടാണ് ഇതു് എന്നുതന്നെ വേണം പറയുവാൻ. മദിരാശി സൎവ്വകലാശാലകൊണ്ടു അധികമായി വല്ലവൎക്കും ഉപയോഗപ്പെടുന്നുണ്ടെങ്കിൽ അതു തമിഴൎക്കും തെലുങ്കൎക്കുമാണ്. മലയാളികൾ എത്രയോ ദൂരെച്ചെന്ന് പഠിച്ചുപാസ്സാകുന്നുണ്ടെന്ന് കരുതി ആ കലാശാല മലയാളികൾക്കും മതിയെന്നു പറവാൻ പാടില്ല. സൎവ്വകലാശാലയുടെ നടത്തിപ്പും, അതിൻെറ വകയായ പല പരിശ്രമങ്ങളുടെ ഇന്നത്തെ സ്ഥിതിയും, കലാശാലകൊണ്ടു് മലയാളസാഹിത്യത്തിന്നോ ഭാഷക്കൊ ഉണ്ടായ സഹായവും പ്രോത്സാഹവും ഒക്കെ ഓൎത്താൽ ഈ കലാശാല കൊണ്ടു് കേരളീയൎക്ക് എന്താണൊരു ഗുണം എന്ന് അത്ഭുതപ്പെടുകയെ തരമുള്ളു. തമിഴരുടെ തിണ്ടാട്ടത്തിൽനിന്നു കേരളീയൎക്ക് ഒരു കനകക്കട്ടകിട്ടുമെന്നു കരുതുന്നതുതന്നെ ഭോഷത്വമാണ്. ദ്രാവിഡഭാഷകളുടെ അഭിവൃദ്ധിക്കായി നടത്തിവരുന്ന സൎവ്വകലാശാലപ്രസംഗങ്ങൾ മദിരാശിയിൽവെച്ചു് കഴിച്ചുകൂട്ടാറുള്ളതിൽ മലയാളത്തിന്നുണ്ടായിവരുന്ന പ്രോത്സാഹനം ഒന്നുകണ്ടുതന്നെ അറിയേണ്ടതാണ്. ഈ പ്രസംഗങ്ങൾ എന്തിന്നാണ് മദിരാശിയിൽവെച്ചു നടത്തുന്നതു്? കേരളീയൎക്കാണെങ്കിൽ അതു കേരളത്തിൽ വെച്ചാണ് ചെയ്യേണ്ടത്. എന്നാൽ മാത്രമെ അതു അധികജനങ്ങൾക്കു ഉപകാരപ്രദമായിരിക്കയുള്ളൂ. ഒരു മലയാള പ്രാസംഗികൻ ഒരിക്കൽ പ്രസംഗിക്കാനുദ്ദേശിച്ച സ്ഥലത്തുചെന്ന് ഒരൊററ ജീവജാലമില്ലാത്ത ആ മുറി നോക്കിത്തിരിച്ചുപോയ കഥയും കേട്ടിട്ടുണ്ട്. ജൎമ്മനിയിൽ ചെന്ന് ചെന്തമിഴിൻെറ മാഹാത്മ്യത്തെക്കുറിച്ച് സംസാരിപ്പാൻ തുടന്നാൽ ഇതിലുമധികം പ്രോത്സാഹനമുണ്ടാകുന്നതാണ്. മദിരാശിയിൽ മലയാളസാഹിത്യത്തെക്കുറിച്ചുള്ള പ്രസംഗത്തിന്നു അത്രപോലും യുക്തിയില്ല. തമിഴരുടെ മദിരാശി സൎവകലാശാലകൊണ്ടു് തമിഴുനിഘണ്ഡുവല്ലാതെ ഒരു മലയാളനിഘണ്ഡു വല്ലകാലവും ഉണ്ടാകുമെന്നു മോഹിക്കുന്നുണ്ടെങ്കിൽ അതു വെറും ഒരു വങ്കത്തരമായിരിക്കും. ഇതൊക്കെ എന്തിന്നാണ് പറയുന്നത്. കേരളീയരുടെയും കേരളഭാഷയുടെയും കേരളസംസ്കാരത്തിൻെറ അഭിവൃദ്ധിക്കു ഒരു പ്രത്യേകകലാശാല അത്യാവശ്യമാണെന്നത് അവിതൎക്കിതമാണ്. എന്നാൽ രങ്കനാഥകക്ഷിയുടെ വിധി നേരെ മറിച്ചാണ്. പോരെങ്കിൽ ആ കമീഷണനിൽ ഒരൊററമലയാളിയുമില്ലതന്നെ. തമിഴരുടെ കയ്യിൽനിന്നു നമുക്കു വല്ലതും ലഭിക്കുമെന്നു കരുതുന്നതു് സാഹസമല്ലെ. ഇതിന്നു നമുക്കു ഒരു ആശ്വാസം അവർ തരുന്നത്, "ഞങ്ങൾ തമിഴൎക്കും ഒരു കലാശാല കൊടുക്കുന്നില്ലല്ലൊ" എന്നാണ്. എ

ന്തൊരു വിഡ്ഢിത്വം! എന്തൊരു സൂത്രം! ഒരാളുടെ വിശപ്പ് വേറൊരാൾക്കു കൂടി ചോറു കൊടുക്കുന്നില്ലെന്നു പറഞ്ഞതുകൊണ്ടു തീരുമൊ? വിദ്യാഭ്യാസംകൊണ്ടും ജ്ഞാനംകൊണ്ടും പരിപൂർണ്ണതയെ പ്രാപിച്ച് സർവ്വജ്ഞപീഠത്തിൽ ഒരു കാലൂന്നിയ കമീഷൺമെമ്പർമാരുടെ ഈ മൊഴി പക്ഷെ ഒരു വിഡ്ഢിത്വമല്ല; ഒരു സൂത്രമാണ്. കേരളീയർക്കു ബുദ്ധിയില്ല; അവരെ ഇങ്ങിനെ പറഞ്ഞു ചതിക്കാമെന്നായിരിക്കാം അവരുടെ ആലോചന. തമിഴർക്കു ഒരു കലാശാലയുടെ ആവശ്യമെവിടെയാണ്? മദിരാശി കലാശാല ഇപ്പോൾ ആർക്കാണ്? ആന്ധ്രദേശക്കാർക്കല്ല എന്നു തീർച്ചയാണല്ലൊ. മലയാളികൾക്കുമല്ല. പിന്നെ തമിഴർക്കല്ലാതെ ആർക്കാണ്? അതുപോരാ. ചിദംബരത്ത് വേറൊരു തമിഴകലാശാല സ്ഥാപിച്ചുകഴിഞ്ഞു. ഇതുകൊണ്ടും തൃപ്തിപ്പെടാതെ ചിലർ മുറവിളി കൂട്ടുന്നും ഉണ്ട്. തമിഴർക്കു മൂന്നാമതൊരു കലാശാല കൊടുക്കുന്നില്ല; അതുകൊണ്ട് കേരളകലാശാല തരികയില്ല എന്നാണത്രെ വാദം. കേരളത്തിൻെറ സ്ഥിതി നോക്കുക. കേരളീയർ ഇനിയും കൊങ്ങരുടെയും തമിഴരുടെയും നാട്ടിൽ പോയി പഠിച്ചുകൊള്ളണം. എന്നാണ് രങ്കനാഥൻെറയും തമിഴരായ അകമ്പടിക്കാരുടെയും നിശ്ചയം. എണ്ണമററ ദണ്ഡങ്ങൾ അനുഭവിച്ചു കേരളീയർ വിദ്യാഭ്യാസം സമ്പാദിക്കുന്നതിലും ബിയെക്കാരാകുന്നതിലും ഉള്ള കണ്ണുകടികൊണ്ടല്ല ഈവണ്ണം നിർണ്ണയിച്ചത് എന്നും സംശയിക്കേണ്ടിയിരിക്കുന്നു.

കേരളീയരെ! സത്യമൂർത്തി പ്രഭൃതികളുടെ ഈ വിധി നിങ്ങൾ സഹിച്ചു അടങ്ങിയിരിക്കുവാനാണൊ ഓർക്കുന്നത്? അഞ്ചുകൊല്ലത്തിനപ്പുറം വേറൊരു കമീഷൺ വരാനിടയായാൽ, ആ തമിഴരായ കമീഷണരൊക്കെ ദയവിചാരിച്ചു നമുക്കു ഒരു കലാശാല വേണമെന്നു തീരുമാനിച്ചാൽ, അതിന്നു മദിരാശി(യിലെ തമിഴരുടെ) സർവ്വകലാശാലക്കാർ അനുകൂലിച്ചാൽ, അതിന്നു ഗവർമ്മേണ്ടിന്നു ദയതോന്നിയാൽ മദിരാശിയിലെ(തമിഴരുടെ) നിയമസഭയിൽ അതിന്നു ഭൂരിപക്ഷമായ ആനുകൂല്യമുണ്ടായാൽ, ഗവർണ്ണരുടെയും തമിഴരായ അന്തെവാസികളുടെയും സമ്മതമുണ്ടായാൽ പക്ഷെ ഒരു കലാശാല കേരളത്തിന്നു സിദ്ധിച്ചേക്കാം. എന്തൊരു ഭഗീരഥപ്രയത്നം! അങ്ങിനെ സർവ്വഗ്രഹങ്ങളും തെളിഞ്ഞുവരുവാൻ മോഹിക്കുന്നതുതന്നെ അബദ്ധമാണ്. കുടിയാൻകാര്യത്തിൽ അശ്രാന്തം പരിശ്രമിച്ചവരോടു ചോദിച്ചാൽ അറിയാം, അതിൻെറ സ്ഥിതി. കേരളീയരായ നാം എന്താണ് വേണ്ടത്? ഒന്നുകിൽ നാം ശക്തി പ്രയോഗിക്കണം. അല്ലെങ്കിൽ നമ്മുടെ ശക്തിയില്ലായ്മ വെളിപ്പെടുത്തണം. ശക്തിയുള്ളവർ രാജാ സേർ അണ്ണാമലചെട്ടിയാരുടെ ഔദാര്യശീലത്തെ ഒന്നുനോക്കി മനസ്സിലാക്കട്ടെ. ശക്തിയില്ലാത്തവർ കരയട്ടെ, "കരയുന്നകുട്ടിക്കെ ചോറുള്ളു" കേരളസർവ്വകലാശാലക്കായി ഒരു വമ്പിച്ചസംഖ്യ പിരിക്കുകയാണ് ഒന്നാമതായി ശക്തി

യുള്ളവർ ചെയ്യേണ്ടത്. തിരുവിതാംകൂർ, കൊച്ചി എന്നീ ഗവൎമ്മെണ്ടുകളുടെ ഗണനീയമമായ ധനസഹായത്തെയും, തിരുവിതാങ്കൂർ, കൊച്ചി, മലബാർ എന്നീ ദിക്കുകളിലെ ജന്മികളുടെയും ഔദാൎയ്യനിധികളുടെയും വിദ്യാഭ്യാസസഹായികളുടെയും മനം തെളിഞ്ഞു കൈനിറഞ്ഞ സംഭാവനയേയും ശേഖരിക്കുന്നതായാൽ അണ്ണാമല രാജാവു കൊടുത്തതിലും ഒരു വലിയ സംഖ്യ കേരളകലാശാലക്കു കൊടുപ്പാൻ നമുക്കു സാധിക്കുന്നതാണ്. അതിന്നു ഒരു പ്രബലപ്പെട്ട കമ്മിററിയെ നിശ്ചയിച്ച് ആ കമിററി ഇവരുടെ വാഗ്ദത്തത്തെ രേഖപ്പെടുത്തുവാൻ ശ്രമിക്കുകയാണ് ആദ്യം വേണ്ടതു്.

നിയമസഭാസമാജികന്മാരുടെ ശ്രദ്ധയെ ഞങ്ങൾ ഈ കാൎയ്യത്തിലേക്കു ക്ഷണിക്കുന്നതോടുകൂടി, കേരളീയരായ നാം ഓരോരുത്തരും ഈ രങ്കനാഥവിധിയുടെ അസാധുതയെ രേഖപ്പെടുത്തി കേരളകലാശാലക്കുവേണ്ടി പ്രയത്നിക്കേണ്ടതാണെന്നു പറഞ്ഞുകൊള്ളട്ടെ.

# വിമൎശവീഥി.

## "തച്ചോളി ഒതേനൻ"

ശ്രീമതി കടത്തനാട്ട് മാധവിയമ്മ.

വില 1 ക.

കേരളീയരുടെ കണ്ണും കരളും പടിഞ്ഞാട്ടേക്ക് തിരിഞ്ഞിട്ട് കുറച്ചുകാലമായി. ഹാനിബാൾ മുതല്ക്കു് ഏതാനും ദിവസങ്ങൾക്കുമുമ്പ് കാലധൎമ്മം പ്രാപിച്ച മാൎഷൽഫോക്ക് വരെയുള്ള പാശ്ചാത്യവീരന്മാരെല്ലാം അവൎക്ക് അടുത്തുള്ളവരെപ്പോലെ പരിചയപ്പെട്ടവരാണ്. ആവക രണശൂരന്മാരെപ്പററി എഴുതീട്ടുള്ള മിക്ക ഗ്രന്ഥങ്ങളും അവർ വായിച്ചിട്ടുമുണ്ടായിരിക്കും. തങ്ങൾക്ക് രണ്ടു തലമുറ മുമ്പുണ്ടായ കാരണവന്മാരെപ്പററിയൊ, അവർ ലോകരുടെ ബഹുമാനത്തിന്നു് പാത്രമാകത്തക്കവണ്ണം ചെയ്ത പരാക്രമങ്ങളെപ്പററിയോ അവരോടു വല്ല അന്വേഷണവും ചെയ്താൽ അതിന്നു മറുവടി നെററിച്ചുളിക്കൽ മാത്രമായിയെന്നു വന്നേക്കാം. പോരെങ്കിൽ ഈ കാരണവന്മാരുണ്ടാക്കിയ മരുമക്കത്തായവും കുണ്ടാമണ്ടികളും നിലനില്ക്കുന്ന കാലത്തോളം, മലയാളത്തിന്നു് മുന്നോട്ട് ഗതിയില്ലെന്നു് ഒരഭിപ്രായവും ഒരുതരം അവീൽ ഭാഷയിൽ ഉടനെത്തന്നെ പുറപ്പെട്ടുവെന്നു വരാം. രണ്ടു തലമുറക്കിപ്പുറമുള്ള അവസ്ഥ ഇങ്ങിനെ ഇരിക്കുമ്പോൾ ആയിരം തലമുറക്കപ്പുറമുള്ള കാൎയ്യത്തെപ്പററി ചോദിക്കതന്നെ വേണമെന്നില്ല. അന്വേഷ

ണംചെയ്തിട്ടോ ചെയ്യാതേയോ പഴയ കാലമെല്ലാം അന്ധവിശ്വാസത്തിന്നും, അജ്ഞാനത്തിന്നും വിളനിലമായിരുന്നുവെന്ന് മഹാസഭയിൽ വെച്ച് പ്രസംഗിക്കുവാനും മടിയില്ലാതായിരിക്കുന്നു. കാലക്കേടുകൊണ്ടോ, കാലാനുകൂല്യംകൊണ്ടോ ദേശീയപ്രസ്ഥാനങ്ങൾക്കുള്ള പ്രചാരംകൊണ്ടോ, (അമ്മയെ തച്ചാലും രണ്ടു പക്ഷമുണ്ടല്ലോ) ഇപ്പോൾ തലയൊന്നു തിരിഞ്ഞിട്ടുണ്ട്. സാമൂതിരിക്ക് മഹാരാജാ എന്ന സ്ഥാനം നൽകിയപ്പോൾ ഏകദേശം 400 കൊല്ലംമുമ്പെ ഒരു സാമൂതിരി വാസവകോടികാമന്ന് (Vascode Gama) ചെയ്ത ആതിഥ്യം നമുക്ക് ഓൎമ്മവന്നു. സൈമൺ കമ്മീഷന്റെ ആഗമനസമയം കലഹങ്ങളൊതുക്കുവാനായി മലബാർ സ്പെഷ്യൽ പോലീസ്സുകാരെ ക്ഷണിച്ചു കൊണ്ടുപോകുന്നതു കാണുമ്പോൾ തച്ചോളി ഒതേനൻ മുതലായ വീരാഗ്രഗണ്യന്മാരെ—മാനം രക്ഷിക്കാൻ ജീവനെ തൃണപ്രായം കളഞ്ഞിരുന്ന നമ്മുടെ കാരണവന്മാരെ—ചൊടിയും ചൂണയും കൊഴുത്ത്, കയ്യും മെയ്യും ഉറപ്പിച്ച് കണ്ണിമയാട്ടുന്ന ക്ഷണത്തിൽ കോട്ടയും കൊത്തളവും കയ്യിലാക്കാൻ സാധിച്ചിരുന്ന അത്ഭുതപരാക്രമികളായിരുന്ന നമ്മുടെ പൂൎവ്വികന്മാരെ—നമുക്ക് സ്മരിക്കാതെ തരമില്ലെന്നായി.

ഈ അവസരത്തിൽ "തച്ചോളി ഒതേന"ന്റെ ആവിർഭാവം ആൎക്കും കൌതുകം ജനിപ്പിക്കാതിരിക്കയില്ല. തന്റെ മാനവും മററുള്ളോരുടെ മാനവും ഒരുപോലെ കാത്തുരക്ഷിക്കാൻ സന്നദ്ധനായിരുന്ന ആ പുരുഷകേസരിയുടെ വിശാലമനസ്കതയേയോ, "തേടിക്കയത്തുപടയിൽപലർകൂടിവന്നാൽ കൂടിക്കരുത്തുടയ കയ്യിലുകൂസലുകില്ല" എന്നതു വാക്കിലല്ലാതെ പ്രവൃത്തിയിൽതന്നെ പലതവണയും പ്രത്യക്ഷമാക്കിയ ആ മഹാരഥന്റെ പരാക്രമങ്ങളേയോ; കുളക്കടവിൽ താളിപാടത്തിന്റെ നടുക്ക് അരിവാൾ എന്നിങ്ങിനെ കണ്ടസാധനങ്ങളിൽകൂടി പ്രേമബാധയുണ്ടാക്കാൻ കഴിഞ്ഞിരുന്ന ആ ശൃംഗാരമാന്ത്രികന്റെ ലീലാചാതുരിയേയോ തന്നെ ചതിച്ചവനെ കണ്ടറിഞ്ഞു് അവൻ തിരിഞ്ഞുനോക്കുന്നതിന്നുമുമ്പായി അവന്റെ കഥകഴിച്ചുവന്ന് കാലം കഴിക്കുവാൻ മുട്ടില്ലാതാകത്തക്കവണ്ണം വല്ലതും കൊടുക്കേണമെന്ന് ജ്യേഷ്ഠനോട് അപേക്ഷിച്ചു, ആ ഔദാൎയ്യമൂൎത്തിയുടേ ഉപകാരസ്മരണയേയോ ഏതൊന്നിനെയാണ് അധികം പുകഴ്ത്തേണ്ടതെന്ന് ഇയ്യുള്ളവൎക്കോ, ആ വക ഗുണങ്ങളെ സരസമായും, സാരവത്തായും വിവരിച്ച ഗ്രന്ഥകൎത്രിക്കോ, തീൎച്ചപ്പെടുത്താൻ പ്രയാസമായിട്ടാണിരിക്കുന്നതു.

ഒരു മഹാപരാക്രമിയുടെ അത്ഭുതകൃത്യങ്ങൾ വിഷയം,—അദ്ദേഹത്തിന്റെ ഉജ്വലതേജസ്സിന്റെ പ്രതിച്ഛായയെന്നപോലെ ജീവസ്സ് വഴിഞ്ഞൊഴുകുന്ന ഭാഷയിൽ പ്രതിപാദനം—ഇതു രണ്ടുംകൂടിയപ്പോളുറിയ സാഹിത്യരസം അനുഭവിക്കേണമെന്ന് ആഗ്രഹമുള്ളവരോട് ശ്രീമതി മാധവിയമ്മയുടെ തച്ചോളി ഒതേനനെ ശരണം പ്രാപിക്കേണമെന്നാണ് ഞങ്ങൾക്കുള്ള അപേക്ഷ.

ഇത് വെറും കഥപോലെ എഴുതിയിട്ടുണ്ടെന്നല്ലാതെ, അതിൽ വിവരിച്ച സംഭവങ്ങളുടെ യാഥാത്ഥ്യം പരിശോധിക്കുകയൊ, ഒരു ജീവചരിത്രമെന്ന നിലയിൽ അവക്ക് ആസ്പദമായ രേഖകളെപ്പററി ഉപന്യസിക്കയൊ ഇതിൽ ചെയ്തിട്ടില്ലെന്ന എടുത്തുപറയേണ്ട സംഗതിയാണ്. ഒതേനനെപ്പററിയുള്ള പാട്ടുകളും ഐതിഹ്യങ്ങളും അവലംബമാക്കി ആ ചരിത്രവീരൻെറ കഥ ആധുനികന്മാരുടെ രുചിക്ക് അനുസരിച്ച് പ്രതിപാദിക്കുകയും തന്നിമിത്തം ആ മഹാനെപ്പററിയുള്ള ബഹുമാനം ജനങ്ങളുടെ ഇടയിൽ വദ്ധിപ്പിക്കുകയും വേണമെന്നെ ഗ്രന്ഥകർത്രിക്കു ഉദ്ദേശമുള്ളു. ആ ഉദ്ദേശം സ്തുത്യഹമാംവണ്ണം നിവ്ഹിച്ചിട്ടുണ്ടെന്നതിലേക്ക് യാതൊരു സംശയവുമില്ല—ഇതിൽ വിവരിച്ചിട്ടുള്ള സംഭവങ്ങൾക്ക് ആധാരമായ പാട്ടുകളിൽനിന്ന് (ഇപ്പോൾ നാട്ടുകാരുടെ മനോദൃഷ്ടിയിൽനിന്നുപോലും മറഞ്ഞിരിക്കുന്ന ആ പാട്ടുകളിൽനിന്ന്) സന്ദഭോചിതം കുറെ വരികൾ ഉദ്ധരിക്കുകയും, അക്കാലത്തെ സമുദായമയ്യാദകളെപ്പററിയും ആചാരങ്ങളെപററിയും ഒരു ചച്ചചെയ്ത് ഒതേനൻെറ സ്വഭാവത്തെപ്പററി ഒന്നു നിരൂപിക്കയുംകൂടി ചെയ്തിരുന്നുവെങ്കിൽ ഈ ഗ്രന്ഥത്തിന്ന് എല്ലാം തികഞ്ഞുവെന്നുതന്നെ പറയാം. ഈ ന്യൂനത അടുത്ത പതിപ്പിൽ പരിഹരിക്കുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു.

രസശൂന്യമായ തജ്ജമകൾ, ആക്കും വേണ്ടാത്ത നിരൂപണങ്ങൾ എന്നിവകൊണ്ടു് നാനാവിധമായി കിടക്കുന്ന ഭാഷോദ്യാനത്തിൽ നിസർഗ്ഗസുന്ദരമായ ഇത്തരം കൃതിതല്ലജങ്ങൾ സ്വയമേവ വളൎന്നുകാണുമ്പോൾ മരുഭൂമിയിൽകൂടി സഞ്ചരിക്കുന്ന വഴിപോക്കന്നു് വെള്ളവും വീടും പ്രത്യക്ഷമാകുമ്പോളുണ്ടാകുന്ന ആനന്ദംപോലെയുള്ള ഒരനുഭവം സഹൃദയന്മാക്ക് ഉണ്ടാവുന്നതാണ്.

പ്രഥമപരിശ്രമംതന്നെ ഇത്രത്തോളം വിജയകരമാക്കിത്തീക്കുവാൻ സാധിച്ച ഗ്രന്ഥകർത്രിക്ക് ഭാഷാസാഹിത്യത്തിൽ ശോഭനമായ ഭാവി ഞങ്ങൾ ആശംസിക്കുകയും, "ഒതേനന്ന്" താമസിയാതെ ചില സോദരന്മാരുണ്ടായിക്കാണുവാൻ ജഗദീശ്വരനെ പ്രാത്ഥിക്കയും ചെയ്യുന്നു.

# വിജ്ഞാനസൌധം.

## ക്രിസ്തുമതത്തിലുള്ള വിശ്വാസം.

അവരവരുടെ മതാവലംബികളുടെ എണ്ണം വദ്ധിപ്പിച്ചാൽ അവരവരുടെ മതത്തിന്നും ഈശ്വരന്നും വേണ്ട സഹായങ്ങൾ ചെയ്തു

വെന്ന് വിചാരിക്കുന്നവരാണല്ലോ മുഹമ്മദുമതക്കാരും ക്രിസ്തുമതക്കാരും. വെറും മതം മാറിയതുകൊണ്ട് മോക്ഷം കിട്ടുന്നതല്ലെന്നും, ക്രിസ്തുമതാവലംബികളുടെയിടയിൽതന്നെ അവിശ്വാസികൾ സീമയില്ലാതെയുണ്ടെന്നും ജ്ഞാനശൂന്യരായ ഹിന്തുക്കളെ അറിയിക്കുന്നതായാൽ മേലാലെങ്കിലും അനാവശ്യമായും അന്യായമായും ഹിന്തുമതം വിട്ടു ക്രിസ്തുമതം സ്വീകരിക്കുന്നവരുടെ സംഖ്യ കുറയുമെന്നു തോന്നുന്നു. ഇംഗ്ലാണ്ടിൽ "നേഷ്യൻ", "ഡെയിലിന്യൂസ്" എന്ന രണ്ടു പ്രധാനപത്രക്കാർ അവരുടെ വായനക്കാരുടെയിടയിൽ എത്രപേർക്ക് ക്രിസ്തുമതത്തിൽ വിശ്വാസമുണ്ടെന്ന് അതതുവായനക്കാരോട് എഴുതിച്ചോദിച്ചു് അവരുടെ തെളിവു ശേഖരിച്ചിട്ടുണ്ട്. സൃഷ്ടിയായ ഒരു ഈശ്വരനുണ്ടെന്നു 100-ൽ 60 പേർക്കും വിശ്വാസമില്ലത്രെ! യേശുക്രിസ്തുവിന്നു ഈശ്വരശക്തിയുണ്ടെന്നു 100-ൽ 70 പേർക്കും വിശ്വാസമില്ല! ബൈബിൾ ഈശ്വരദത്തമായ ഒരു വേദപുസ്തകമാണെന്ന് 100 ക്രിസ്തുമതക്കാരിൽ 71പേർക്കും വിശ്വാസമില്ല എന്നുമാത്രമല്ല, 100-ൽ 48പേർക്കും ക്രിസ്തുമതത്തിൽ യാതൊന്നിലും യാതൊരുവിധത്തിലും യാതൊരു വിശ്വാസവുമില്ലത്രെ! അതായത് ക്രിസ്ത്രീയരെന്നു പറയുന്നവരിൽ നേർപകുതി ജനങ്ങൾക്കു ആ മതത്തിൽ ഒരു അണുവും വിശ്വാസമില്ല. മുഹമ്മദുമതത്തിൻെറ ഇന്നത്തെ പ്രധാനകേന്ദ്രം തുൎക്കിയാണല്ലോ. അവിടുത്തെ ഒരു വൎത്തമാനപത്രത്തിൻെറ അന്വേഷണഫലം എന്താണെന്നു നോക്കുക. "ലവലേശം ആലോചനയുള്ള തുൎക്കിക്കാരനാണ് ഒരാൾ എങ്കിൽ അയാൾ ഇന്ന് ഒരു മുഹമ്മദമതക്കാരനായിരിക്കയില്ല". യൂറോപ്പ് ഭൂഖണ്ഡത്തിൽ പെട്ട തുൎക്കിരാജ്യത്തിൽ 100ന്ന് 75 പേരെങ്കിലും ആലോചനയുള്ളവരായിരിക്കുമല്ലോ. എന്നാൽ മുക്കാൽ ഭാഗം തുൎക്കിക്കാൎക്കും മുഹമ്മദുമതത്തിൽ വിശ്വാസമില്ലെന്നാണല്ലോ വരുന്നത്. ഇങ്ങിനെയുള്ള മതത്തെ കണ്ണും ചിമ്മി അംഗീകരിക്കുന്ന ഹിന്തുക്കൾ ഇതൊന്നു ഓൎക്കുമോ?

## ജീവദാനം.

മരുന്നുകളുടെ പ്രയോഗത്തിൽ പല നൂതനവിദ്യകളും കണ്ടുപിടിപ്പാൻ ശാസ്ത്രജ്ഞന്മാർ സദാ പ്രയത്നിക്കുന്നുണ്ട്. അങ്ങിനെയുള്ള പരിശ്രമത്തിൽ ചിലപ്പോൾ ശാസ്ത്രമൂൎത്തിയുടെ തൃപ്പടിയിന്മേൽ പല ശാസ്ത്രജ്ഞന്മാൎക്കും അവരുടെ ജീവനെ ബലികഴിക്കേണ്ടിവരുന്നു. ഇതു ചിലപ്പോൾ അറിയാതെ വരുന്നതാണ്. മററു ചിലപ്പോൾ, ലോകത്തിൽ രോഗാതുരരായി കഷ്ടപ്പെടുന്നവരുടെ വേദനകണ്ടു സഹിക്കാതെ അവരുടെ രോഗനിവാരണാൎത്ഥമുള്ള ശ്രമത്തിൽ ജീവനെ സ്വന്തമനസ്സാലെ ബലികഴിക്കുകയും ചെയ്യുന്നുണ്ട്. ദേഹം മരവിച്ചു വേദന അറിയാതെകണ്ടു് ഇരിക്കുന്ന ഒരു സ്ഥിതിയിൽ ചിലപ്പോൾ രോഗിക്കു പ്ര

ഞതയുണ്ടായിരിക്കും. ഈ സ്ഥിതി കുറെ അധികംനേരം നീട്ടിക്കൊണ്ടു പോവാൻ പല മരുന്നുകളും പരീക്ഷിച്ച് ഒടുവിൽ സുപ്രസിദ്ധശസ്ത്ര ശാസ്ത്രജ്ഞനായ ഡോക്ടർ വിൽസൺ ഒരു വായു കണ്ടുപിടിച്ചു. ഇതു അദ്ദേഹം തൻെറ മുഖത്തുതന്നെ ഒരു സഞ്ചിയിൽ കെട്ടിനിർത്തുകയും, ശ്രമം സഫലമാണെന്നു വെളിപ്പെടുത്തി ജീവനെ ദാനം ചെയ്കയുംചെയ്തു. എട്ടുകാലി മുതലായ വിഷജന്തുക്കളുടെ വിഷം എത്രകണ്ട് ഒരു സാധാരണമനുഷ്യനു സഹിക്കാമെന്നും, എത്രകണ്ട് അധികരിച്ചാലാണ് അതു ജീവാപായം വരുത്തുന്നതെന്നും പരീക്ഷിക്കേണ്ടതിലേക്ക്, അമേരിക്കയിലെ ഒരു മെഡിക്കൽ കോളേജിലെ അമ്പതു വിദ്യാർത്ഥികൾ ഈ വിഷം അളന്ന് അളന്ന് കുടിക്കുവാൻ തയ്യാറായി. ആറുമാസകാലം അളവ് ക്രമത്തിൽ വർദ്ധിപ്പിച്ചുകൊണ്ട് അവർ വിഷം കുടിക്കുകയും എത്രകണ്ടു വിഷം ഒരാളുടെ വയററിൽ ചെന്നാൽ അയാൾ മരിക്കുകയില്ലെന്നു അവർ കണ്ടുപിടിക്കുകയും ചെയ്തു. പക്ഷവാതത്തിനുള്ള ചികിത്സകൾ കണ്ടുപിടിപ്പാൻ സെർ. ഹെൻറി ഹൈൻഡ് തൻെറ സ്വന്തം ഇടത്തെക്കയ്യിലെ നരവുകൾ മുറിച്ചുകളഞ്ഞതും, പല മരുന്നുകളും കുത്തിച്ചെലുത്തി പത്തിരുപതു കൊല്ലത്തോളം ആ മരുന്നുകളുടെ ഫലം എന്താണെന്നു ഡോക്ടർമാരെ കാണിച്ച് ഒടുവിൽ ജീവൻ ഉപേക്ഷിച്ചതും പ്രസ്താവയോഗ്യമാണ്. മലമ്പനി എന്നത് ശീതോഷ്ണസ്ഥിതിക്കനുസരിച്ചു വരുന്നതല്ലെന്നും അതു കൊതുകിൻെറ കടിയിൽനിന്നു ജനിക്കുന്നതാണെന്നും മലമ്പനി ജീവഹാനികരമാണെന്നും, വിഷവാഹികളായ കൊതുക്കളെക്കൊണ്ടു തന്നെത്തന്നെ കടിപ്പിച്ചു കഷ്ടപ്പെട്ട് സേർ പാററിക്ക് മാൻസൺ കാണിച്ചുകൊടുത്തിരിക്കുന്നു. ജനങ്ങളുടെ കഷ്ടതകൾക്കും നരകതുല്യമായ അനുഭവത്തിന്നും ശമനം തേടി എത്ര എത്ര ശാസ്ത്രജ്ഞരാണ് അവരവരുടെ ജീവനെ തന്നെ ബലി കഴിച്ചിട്ടുപോലും പരിശ്രമിച്ചിട്ടുള്ളത്!.

മീനങ്കം.

ആളങ്കം, കോഴിയങ്കം മുതലായ മത്സരങ്ങളെപ്പററി നാം ധാരാളം കേട്ടിട്ടുണ്ടെങ്കിലും മീനങ്കം നമുക്കു ഒരു പുതുമയാണ്. സയാം എന്ന രാജ്യത്തുള്ള ഒരുതരം മീനുകൾക്ക് ഇങ്ങിനെ മത്സരയുദ്ധത്തിൽ ഏർപ്പെടുവാൻ വലിയ ആഗ്രഹമാണത്രെ. ഒരു വിശാലമായ മുറിയുടെ നടുവിൽ കെട്ടിത്തൂക്കിയ ഒരു വലിയ പളുങ്കുപാത്രത്തിൽ വെള്ളം നിറച്ചു അതിൽ ഈ മീനുകളെ ഇടുകയാണ് സാധാരണ ചെയ്യുന്നത്. ആ മുറിയിൽ നിറയെ കാണികൾ ഇവയുടെ യുദ്ധം കാണുവാൻ വന്നിരിക്കുന്നു. അവർ ഇന്നിന്ന മീനാണ് ജയിക്കുക എന്നു ധാരാളം പന്തയം വെക്കുകയും അങ്ങിനെ ഒരു സഞ്ചിയിൽനിന്നു പണം മുഴുവനെ വേറെ സഞ്ചിയിൽ മാററുകയും ചെയ്യാറുണ്ടത്രെ. അങ്കം വെട്ടുന്ന മീനുകളുടെ പരാക്രമം ഗാലറിയിലിരുന്നു കണ്ടു രസിക്കാം. ഇവയുടെ അങ്കം

അത്ര രസകരവുമാണ്. എന്നാൽ അങ്കത്തിന്റെ പരിണാമം അതിൽ ഒരു മത്സ്യത്തിന്റെ മരണമായിട്ടാണ് സാധാരണ കാണാറു പതിവ്. ഒരു മത്സ്യം മരിക്കുന്നതുവരെ അവർ അങ്കം വെട്ടും. ഈ മത്സ്യങ്ങൾ ആ പളുങ്കുപാത്രത്തിന്റെ അകത്തുനിന്ന് പുറത്തുനില്ക്കുന്ന മനുഷ്യരെപ്പോലും തുറിച്ചുനോക്കുകയും, വാ തുറന്നു കടിക്കുവാൻ ശ്രമിക്കുകയും ചെയ്യുന്നത് കണ്ടാൽ അങ്കം വെട്ടുക എന്നതു് അവരുടെ ജാതിസ്സ്വഭാവമാണെന്നു തോന്നും.

---

# അന്യസഹജീവികൾ.

"ശശാങ്കചരിതം."

കെ. വി.

3 മാസത്തോടു തുല്യമായ ദിവസം.

വേലിയേററത്തെപ്പററിയും ഇറക്കത്തെപ്പററിയും ഇപ്പോൾ എല്ലാവൎക്കും ഒരു സാധാരണജ്ഞാനമുണ്ടു. അവരിൽ ചിലൎക്കു ഈ വേലിയേററവും ഇറക്കവും ചന്ദ്രോദയത്തെയും ചന്ദ്രാസ്തമയത്തെയും അനുസരിച്ചിരിക്കുമെന്നും അറിയാം ദുർല്ലഭം ചിലൎക്കു മാത്രമേ അവ എങ്ങിനെയാണു ചന്ദ്രന്റെ ഗതിയെ അനുസരിക്കുന്നതു എന്നു നിശ്ചയമുണ്ടായിരിക്കയുള്ളു. ചന്ദ്രൻ ഭൂമിയെ ചുററിത്തിരിയുന്നതിന്ന് അനുസരിച്ചു സമുദ്രത്തിൽ ഉണ്ടാകുന്ന ഏററഇറക്കംപോലെതന്നെ ഭൂമി സൂൎയ്യനെ ചുററിത്തിരിയുമ്പോഴും അതിന്നനുസരിച്ചു ഒരു ഏററഇറക്കം കടലിലുണ്ടാകുന്നുണ്ടു. ഇതിനെപ്പററി അതിലും എത്രയോ ചുരുക്കംപേൎക്കു മാത്രമെ വിവരമുള്ളു.

സേർഐസാക്ക് ന്യൂട്ടൺ എന്ന ശാസ്ത്രജ്ഞനാൽ നിൎണ്ണയിക്കപ്പെട്ട പരസ്പരാകൎഷണതത്വത്തെ അനുസരിച്ചു സൂൎയ്യനും ഭൂമിക്കും അന്യോന്യവും, ചന്ദ്രനും ഭൂമിക്കും തമ്മിലും ഒരു ആകൎഷണശക്തിയുണ്ടു. ഈ ശക്തിക്കനുസരിച്ചു ഈ ഗോളങ്ങളിൽ ഘനം കുറഞ്ഞതു ഘനമേറിയതിന്നു അടുത്തേക്കു വലിക്കപ്പെടുന്നുണ്ടു. എന്നാൽ ഈ ശക്തിക്കു വമ്പിച്ച ഗോളങ്ങളെ ആകെ വലിച്ചെടുപ്പിക്കുവാൻ സാധിക്കാറില്ലെങ്കിലും ഭൂമിയിൽ ഇളകുന്ന വസ്തുക്കളെ കഴിയുന്നതും സൂൎയ്യനും ചന്ദ്രനും അവരുടെ ഗോളത്തിന്നു നേരെ ആകൎഷിക്കാറുണ്ടു. അങ്ങിനെ ആകൎഷിക്കപ്പെടുമ്പോഴാണു സമുദ്രത്തിലെ ജലം കുറെ അധികം ഉയൎന്നുവരുന്നതു. ചന്ദ്രൻ ഭൂമിക്കുനേരെ ഉപരിഭാഗത്തു എത്തുമ്പോൾ സമുദ്രത്തിലെജലം ചന്ദ്രനാൽ ആകൎഷിക്കപ്പെട്ടു കഴിയുന്നത്ര ഉയൎന്നു വരുമ്പോഴാണു നാം വേലിയേററമുണ്ടെന്നു പറയുന്നതു്. ഇതിന്നനുസരിച്ചു ചന്ദ്രൻ ഭൂമിയുടെ നേരെ എതിർഭാഗത്തു എത്തുമ്പോഴും ഒരു വേലിയേററമുണ്ടാകുന്നു. രണ്ടു

ഭാഗങ്ങളിലും സ്ഥിതിചെയ്യുമ്പോൾ സമുദ്രജലം കിഴക്കോട്ടൊ പടിഞ്ഞാറോട്ടൊ ആകർഷിക്കപ്പെടുന്നതിനാൽ ആ ദിക്കുകളിൽ വേലിയേററമുണ്ടാവുകയും അതുനിമിത്തം നമുക്കും, നമുക്കു നേരെ ഭൂമിയുടെ എതിർഭാഗത്തു പാർക്കുന്നവർക്കു വേലിഇറക്കം ഉണ്ടാവുകയും ചെയ്യുന്നു. ഇങ്ങിനെയാകുന്നു ചന്ദ്രനെ അപേക്ഷിച്ചേടത്തോളം രണ്ടു ഏറേറവും ഇറക്കവും ഉണ്ടാകുന്നതു.

സൂര്യന് ചന്ദ്രനേക്കാൾ എത്രയൊ ഇരട്ടിവലിപ്പമുള്ളതുകൊണ്ടുസൂര്യനാണു സമുദ്രജലത്തെ അതിലും അധികം ഉയരത്തിൽ പോക്കുവാൻ സാധിക്കുന്നതു. എന്നാൽ ചന്ദ്രനും ഭൂമിക്കും ഉള്ള ദൂരത്തിൽ എത്രയൊ ഇരട്ടിദൂരം സൂര്യനും ഭൂമിക്കും തമ്മിൽ ഉണ്ടാകയാൽ ചന്ദ്രനു സാധിക്കുന്നത്രപോലും സൂര്യന്നു ജലത്തെ പൊക്കി സൂര്യൻെറ വകയായി ഒരു വേലിയേററവും ഇറക്കവും ഉണ്ടാക്കുവാൻ കഴിയാതെയാണു വരുന്നതു. സൂര്യൻെറ ഗതിക്കനുസരിച്ചു വേലിയേററവും ഇറക്കവും ഇല്ലെന്നും പറവാൻ പ്രയാസമാണ്. അതു അല്പമാത്രമാകയാൽ ആ വ്യത്യാസം നമുക്കു കാണ്മാൻ കഴിയുന്നില്ല എന്നു മാത്രമേയുള്ളു. സൂര്യൻ യഥാൎത്ഥത്തിൽ ഒരു ഏറേറവും ഇറക്കവും ഭൂമിയുടെ ഉപരിഭാഗത്തുണ്ടാക്കുന്നുണ്ടു്. ഇതിന്നുദാഹരണം, സൂര്യനും ചന്ദ്രനും ഉച്ചസ്ഥരായാലുണ്ടാവുന്ന വേലിയേററം സാധാരണ വേലിയേററത്തിൽ കുറെ വൎദ്ധിച്ചും, രണ്ടുപേരും ഒരേസമയം ഉദയത്തിലൊ അസ്തമയത്തിലൊ വരികയാണെങ്കിൽ അപ്പോളുണ്ടാകുന്ന വേലിയിറക്കം സാധാരണയിൽ കവിഞ്ഞും ആണെന്നുള്ളതു തന്നെയാണ്.

സമുദ്രജലം ഇങ്ങിനെ അങ്ങട്ടുമിങ്ങട്ടും പ്രയാണം ചെയ്യുമ്പോൾ എത്രയോ ശക്തി നഷ്ടപ്പെട്ടു പോകുന്നുണ്ടു്. ഇങ്ങിനെ സമുദ്രജലത്തെ അങ്ങുമിങ്ങും വഹിപ്പാനുപയോഗിക്കുന്ന ശക്തി ഭൂമിക്കു നഷ്ടപ്പെട്ടുവരുമ്പോൾ, ആ നഷ്ടം അതിന്നു അതിൻെറ ചുററിത്തിരിവിൽ വെളിപ്പെടുന്നു. ഒരു പ്രാവശ്യം ഭൂമിക്കു അതിൻെറ അച്ചുതണ്ടിൽതന്നെ ചുററിത്തിരിയുവാനുള്ള ശക്തിയിൽനിന്നു ഒരു ശിഥിലമായ—വളരെ, വളരെ ശിഥിലമായ—ഭാഗം നഷ്ടപ്പെടുന്നതുകൊണ്ടു, അതിൻെറ ദ്രുതഗതിക്കു ഭംഗം വരുന്നു. അതിനാൽ 24 മണിക്കൂർ കൊണ്ടു ചുററിത്തിരിയേണ്ട ഭൂഗോളം 24 മണിക്കൂറും ഒരു സെക്കണ്ടിൻെറ അല്പം ഭാഗവുംകൊണ്ടാണു ചുററിത്തിരിയുന്നതു്. ഇങ്ങിനെ ദിവസം അല്പം ദീൎഘമായിത്തീരുന്നു. ഈ ദൈൎഘ്യം എത്രയോ ചെറുതാണ്. ഇതിന്നനുസരിച്ചു ചന്ദ്രൻ ഭൂമിയെ ചുററിത്തിരിയുന്ന വേഗത്തിന്നുഅല്പമൊരു വേഗത വൎദ്ധിക്കുകയും ചെയ്യുന്നുണ്ടു്. ഈ വേഗതനിമിത്തം ചന്ദ്രൻ ഭൂമിക്കുചുററും ചുററുന്ന ആ വൃത്തത്തിന്നു പ്രതിദിനം വിസ്താരംകൂടി വരുന്നു. അതായതു അതിന്നു ചുററിത്തിരിയുവാനുള്ള വഴി

നീണ്ടുവരികയും തന്നിമിത്തം ചന്ദ്രൻ ഒരു വട്ടം ഭൂമിയെ ചുററിത്തിരിയേണ്ടുന്ന സമയം, അല്ലെങ്കിൽ സാധാരണ നാം പറയുന്ന ഒരുമാസം കുറച്ചുകൂടി വലുതായിത്തീരുകയും ചെയ്യുന്നു. ഇവിടെ വലുതെന്നും ചെറുതെന്നും പറയുന്നതു എത്രയോ ശിഥിലമാണെന്നും അതു ഒരു സെക്കണ്ടിൻെറയോ മിനിട്ടിൻെറയൊ ഭാഗമാണെന്നും വിസ്മരിക്കരുത്.

മേൽകാണിച്ചപ്രകാരം ഇന്നു ഇന്നലെത്തെയക്കാൾ വലുതാണ്. ആ വ്യത്യാസം ഒരു സെക്കണ്ടിൻെറ ഇരുപതുകോടിയിൽ ഒരു ഭാഗമാണ്. എന്നാൽ എത്രയോകോടി കൊല്ലങ്ങളെ ഒന്നായി ഗണിക്കുമ്പോൾ ഈ വ്യത്യാസം നല്ലപോലെ വ്യക്തമാവുന്നതാണ്. പ്രതിദിനം ദൂരദൂരെ അകന്നകന്നു വരുന്ന ചന്ദ്രൻ ഒരുകാലം ഭൂമിക്കു വളരെ അടുത്തടുത്തായിരുന്നുവെന്നും, അപ്പോൾ അതിന്നു എത്രയോ വേഗത്തിൽ സ്വല്പസമയത്തിന്നുള്ളിൽ ഭൂമിയെ ചുററിത്തിരിവാൻ കഴിഞ്ഞിരുന്നുവെന്നും വരുമ്പോൾ, ചന്ദ്രൻ ഒരിക്കൽ ഭൂമിയെ ചുററിത്തിരിയുന്ന കാലമായി നാം ഗണിക്കുന്ന മാസം വളരെ ചെറുതായിരുന്നുവെന്നും ഗണിക്കാം. അങ്ങിനെതന്നെ പ്രതിദിനം ഭൂമിയുടെ ചുററിത്തിരിയുന്ന വേഗതക്കും കുറവു വരുന്നതുകൊണ്ടു, വളരെ കോടി വർഷങ്ങൾക്കുമുമ്പു ഭൂമി ഇതിലും എത്രയോ വേഗതയിൽ ചുററിത്തിരിഞ്ഞിരുന്നുവെന്നും, ഭൂമി ഒരിക്കൽ അതിൻെറ അച്ചുതണ്ടിൽതന്നെ ചുററിത്തിരിയുന്ന സമയമായി നാം ഗണിക്കുന്ന ദിവസവും വളരെ ചെറുതായിരുന്നുവെന്നും ഗണിക്കാം. എന്നുമാത്രമല്ല, ഒരു കാലത്തു മാസവും ദിവസവും തുല്യവലിപ്പമുള്ളവയായിരുന്നു. ഓരോന്നും അയ്യഞ്ചു മണിക്കൂർ സമയമായിരുന്നു. 24 മണിക്കൂർ=1 ദിവസം, 30 ദിവസം=1 മാസം എന്നിങ്ങിനെയുള്ള കണക്കുകൾ ഇക്കാലത്തെ കണക്കാണ്. അതുതന്നെ ഓർത്തും വിശ്വസിച്ചും വരുന്ന നമുക്കു ഈ വസ്തുതയിൽ വിശ്വാസം വരികയില്ല. ദിവസത്തിന്നും മാസത്തിന്നും എന്താണു ശരിയായ അർത്ഥം എന്നു മേൽ കാണിച്ചിട്ടുണ്ടല്ലൊ. ആ അർത്ഥം കല്പിച്ചുകൊണ്ടു ആലോചിക്കുന്നതായാൽ ഇവ വിശ്വാസയോഗ്യമായിത്തീരും.

## II

## "ഹിന്ദുമതം."

(1104 കുംഭം 2-ാംനു- കോഴിക്കോട്ട് ബ്രഹ്മസമാജശതവർഷോത്സവത്തോടുചേർത്തു നടന്ന സർവ്വമതസമ്മേളനത്തിൽ ശ്രീജിത്ത് ആഗമാനന്ദസ്വാമി [ശ്രീരാമകൃഷ്ണനിരഞ്ജനാശ്രമം ഒററപ്പാലം] പ്രസംഗിച്ചതിൻെറ ചുരുക്കം.)

സഹോദരരെ,

ആദ്യമായി എനിയ്ക്കുമുമ്പ് ഇവിടെ പ്രസംഗിച്ച ക്രിസ്തുമതപ്രതിനിധികൾക്കും മഹമ്മദുമതപ്രതിനിധിയ്ക്കും എനിയ്ക്കു പറയാനുള്ള ചില ആശയങ്ങളേയും പ്രകാശിപ്പിച്ചതിന് നന്ദിപറയുന്നു. എൻെറ

ന്നാൽ ക്രസ്തുമതം, മഹമ്മദുമതം എന്നീ പേരിൽ അവർ പ്രകാശിപ്പി ച്ചിട്ടുള്ളതു് സനാതനമായ ഹിന്ദുമതത്തിൻെറ തത്വങ്ങൾതന്നെയാണ്. വിശ്വവിഖ്യാതനായ ധീരസന്യാസി ശ്രീ വിവേകാനന്ദസ്വാമികൾ പ്ര സ്താവിച്ചിട്ടുള്ളതുപോലെ ക്രസ്തുമതവും മഹമ്മദുമതവും ഹിന്ദുധമ്മത്തി ൻെറ കിളുന്നുകളും ബുദ്ധമതം അതിൽനിന്നുണ്ടായി അതിനോട്ട് പി ണങ്ങിപ്പിരിഞ്ഞ ഒരു ചെറിയ കുട്ടിയും മാത്രമാണ്. അതിനാൽ ഇന്ന് എൻെറ മുൻഗാമികൾ ഇവിടെ പ്രകാശിപ്പിച്ച ഉൽകൃഷ്ടങ്ങളും ഉദാര ങ്ങളും ആയ തത്വങ്ങളെല്ലാം ഹിന്ദുധമ്മത്തിൻേറതാണെന്നു ഞാൻ സ സന്തോഷം പ്രസ്താവിയ്ക്കുയും അവയെ എടുത്തുപറഞ്ഞു് എൻെറ ഭാരം ചുരുക്കിയതിന് തൽപ്രകാശകന്മാരോട്ട് വീണ്ടും നന്ദി പ്രകാശിപ്പിയ്ക്കു യും ചെയ്യുകൊണ്ട് വിഷയത്തിലേക്കു പ്രവേശിയ്ക്കുന്നു.

ചരിത്രാതീതകാലത്തു് ആരംഭിച്ചു് ഇന്നുവരെ നിലനിന്നുപോ രുന്ന മഹാമതങ്ങൾ മൂന്നാണ്. ഇവ ജൂതമതവും പാഴ്സിമതവും ഹി ന്ദുമതവും അത്രെ. ഇവയെല്ലാം പലപ്പോഴും വലിയ അടികൾ ഏറ്റ ററിട്ടുണ്ട്. എങ്കിലും അവ ഇന്നും നിലനില്ക്കുന്നതുകൊണ്ട് അവയുടെ കരുത്തു മുഴുവൻ ക്ഷയിച്ചിട്ടില്ലെന്നു കാണുന്നു. എന്നാൽ ഇവയിൽത ന്നെ ജൂതമതം പുത്രിയായ ക്രസ്തുമതത്തിൻെറ മദ്ദനത്തെ സഹിയ്ക്കാൻ ശക്തിയില്ലാതെ നാടുവിട്ടു് ഓടി തൻെറ അനുയായികളെ നാനാദിക്കു കളിലും വിട്ടിരിയ്ക്കുന്നു. പാഴ്സിമതത്തിൻെറ അനുഗാമികളായി ഇന്നു ലോകത്തു കാണാനുള്ളതു് ഭാരതീയരുടെ ആശ്രിതവാത്സല്യത്തിൻെറ പ്രത്യക്ഷലക്ഷ്യമായി ഇൻഡ്യയിൽ ജീവിയ്ക്കുന്ന ഒരുലക്ഷം ജനങ്ങൾ മാ ത്രമാണ്. ഹിന്ദുമതമോ? ചാവ്വാകന്മാർ, ബൌദ്ധന്മാർ, ജൈനന്മാർ തുടങ്ങിയ നാസ്തികന്മാരുടേയും അനാസ്തികന്മാരുടേയും യുക്തിവാദങ്ങ ളോടു പൊരുതുജയിച്ചു് ഭാരതത്തിന് വെളിയിൽനിന്നു വന്ന ബാക്ട്രി യന്മാർ, പാത്ഥിയന്മാർ, ഗ്രൂണന്മാർ മുതലായ ക്ഷുദ്രദേവതോപാസക ന്മാരുടെ കരബലത്തിന്നും സേവാബലത്തിന്നും അടിമപ്പെടാതെ തത്സം സർഗ്ഗജങ്ങളായ കാപാലികപാശുപതാദി ദുഷ്ടോപാസനാബാധകളേയും ജയിച്ചു് മഹമ്മദീയരുടെ വാളുകളാകുന്ന ഘോരരാക്ഷസികളുടെ ഭയങ്ക രനൃത്തത്തെയും കൂസാതെ, നാനാവിധ പ്രലോഭനോപായങ്ങളോടുകൂടി വേണ്ടിടത്തും വേണ്ടാത്തിടത്തും ഭേരിയുംമുഴക്കി അട്ടഹസിയ്ക്കുന്ന ക്രി സ്ത്യൻ മിഷണറിമാരുടെ ചതുരുപായപ്രയോഗങ്ങളാലും വ്യാമോഹിത മാകാതെ, വളരെകാലം ശാന്തമായിക്കിടന്നശേഷം അതിശക്തിയോടു കൂടി പൊട്ടുന്ന അഗ്നിപവ്വതംപോലെ തൻെറ ദിവ്യസന്ദേശങ്ങളെ ലോ കത്തിൻെറ എല്ലാ ഭാഗങ്ങളിലും വ്യാപിപ്പിയ്ക്കുന്നു. "ഭാരതീയധമ്മ മായ ഹിന്ദുമതത്തിൻെറ ഉപദേശവാണികൾക്കു മാത്രമെ ഭൂമണ്ഡല ത്തെ അടുത്തിരിയ്ക്കുന്ന ആപത്തുകളിൽനിന്നു രക്ഷിയ്ക്കാൻ ശക്തിയുള്ളൂ" വെന്നു് പാശ്ചാത്യചിന്തകന്മാരിൽപോലും പ്രബലമായ അഭിപ്രായം

അങ്കുരിപ്പിച്ചിരിയ്ക്കുന്നു. ഇതിൻെറ രഹസ്യം എന്ത്? ഹിന്ദുക്കൾ ഉദ്ദേശതത്വംകൊണ്ടു സമാധാനം പറയുന്നു. ഈ ലോകത്തു് ഓരോ സാധനവും ഉണ്ടായിട്ടുള്ളതും ഉണ്ടാകുന്നതും ഓരോ ഉദ്ദേശ(purpose)ത്തോടുകൂടിയാണ്; ഓരോ ചുമതല നിവ്വഹിയ്ക്കാനാണ്. ആ ചുമതല നിവ്വഹിച്ചു കഴിയുമ്പോൾ അതിൻെറ ഉള്ളിലുള്ള ശക്തി അന്തരിക്ഷത്തിലോ മററു വസ്തുക്കളിലോ സംക്രമിയ്ക്കുയും അതു നശിയ്ക്കുയും ചെയ്യുന്നു. ഈ തത്വത്തിൽ വിശ്വസിക്ക നിമിത്തമാണ് അവർ അന്യന്മാരോടു മത്സരിയ്ക്കാൻ പുറപ്പെടാത്തതു്; ഒന്നിനേയും ദൂഷിയ്ക്കാത്തതു്. ഈ ലോകത്തു് എല്ലാ മതവും ഓരോ ഉദ്ദേശം നിവ്വഹിയ്ക്കാനുണ്ടായി. ജന്മോദ്ദേശ്യം നിവ്വഹിച്ചുകഴിഞ്ഞ മതങ്ങളെല്ലാം ഭൂമണ്ഡലത്തിൽനിന്നു അസ്തമിച്ചു. ഇന്നുള്ള മതങ്ങളും അവയുടെ ജന്മോദ്ദേശ്യം നിവ്വഹിച്ചുകഴിഞ്ഞാൽ തനിയെ അസ്തമിയ്ക്കും. അവയോടു യുദ്ധംചെയ്തു് ഇല്ലാതാക്കേണ്ടയാവശ്യമില്ല. എന്നാൽ ലോകത്തിലെ ഏററവും പ്രാചീനമതമായ ഹിന്ദുമതത്തിൻെറ ജന്മോദ്ദേശ്യം ഇനിയും പൂത്തിയായികഴിഞ്ഞിട്ടില്ല. അതിൻെറ ജീവശക്തി ഇനിയും ക്ഷയിച്ചിട്ടില്ല. എന്നുമാത്രമല്ല അന്യമതങ്ങളിൽനിന്ന് അവയുടെ ജന്മോദ്ദേശ്യങ്ങളായി നില്ക്കുന്ന തത്വങ്ങളെ മനസ്സിലാക്കി ആ ഉദ്ദേശ്യങ്ങളെക്കൂടി സ്വയം നിവ്വഹിയ്ക്കുന്നതിന് തയ്യാറാകുന്നതിനുള്ള ശക്തിയും അതിനുണ്ട്. ഈ ശക്തികളെല്ലാം ഉള്ള കാലത്തോളം ഹിന്ദുമതത്തിന് കേടുവരികയില്ലെന്നും ഹിന്ദുക്കൾ വിശ്വസിയ്ക്കുന്നു. ഇതിനാൽ ഹിന്ദുക്കൾ അവരുടെ മതത്തെ സനാതനമതം എന്നു വിളിച്ചുവരുന്നു.

സനാതനമതം വേദങ്ങളിൽനിന്നുത്ഭവിയ്ക്കുന്നു. വേദങ്ങൾ അനാദികളാകുന്നു. വേദം എന്നാൽ ഒരു പുസ്തകമല്ല; അതു് ഏതാനും പ്രത്യേകജാതിക്കാക്കോ വഗ്ഗക്കാക്കോ മാത്രമുള്ളതല്ല. 'വേദം' എന്ന വാക്ക് 'ജ്ഞാനം' എന്നത്ഥമുള്ള വിദ് ധാതുവിൽനിന്നുണ്ടാകുന്നു. വേദം എന്നത് അനാദിയായ സൃഷ്ടിയുടെ രഹസ്യത്തെക്കുറിച്ചുള്ള അറിവാകുന്നു. അതു് ആദ്യം അവ്യക്തമായി സ്രഷ്ടാവിൽ ഇരുന്നു. പിന്നീട് അതിനെ അറിയുന്നതിനുവേണ്ടി തപസ്സുചെയ്ത ഋഷിമാക്ക് വെളിപ്പെട്ടു. അവർ രേഖപ്പെടുത്തിയ പുസ്തകത്തിനും 'വേദം' എന്ന് അതുകൊണ്ടു പേരുണ്ടായി. വേദം എഴുതിയതു് ചില ചരിത്രകാരന്മാർ പറയുന്നതുപോലെ കുറെ പുരോഹിതന്മാരല്ല; ഋഷികളാണ്. ഋഷികളെന്നാൽ തത്വദ്രഷ്ടാക്കൾ; പ്രകൃതിരഹസ്യം അറിഞ്ഞവർ. വേദത്തിൽ ലൌകികങ്ങളും വൈദികങ്ങളും ആയ എല്ലാ ശാസ്ത്രങ്ങളുടേയും ബീജം അടങ്ങിയിരിയ്ക്കുന്നു. മീമാംസ, ന്യായം, പുരാണം, ധമ്മശാസ്ത്രം (സ്മൃതി), ശിക്ഷാ, വ്യാകരണം, ഛന്ദസ്സ്, ജ്യോതിഷം, കല്പം, നിരുക്തം, ആയുവ്വേദം, ധനുവ്വേദം, ഗാന്ധവ്വവേദം, അത്ഥവേദം എന്നീ മററു പതിനാലു വിദ്യ

കളും ഹിന്ദുക്കൾക്ക മതഗ്രന്ഥങ്ങളാണെങ്കിലും,—കാവ്യം, നാടകം, ഇതിഹാസം മുതലായി ലോകത്തു് സകല ജാതിക്കാരുടെ ഇടയിലുമുള്ള സകലവിധ ഗ്രന്ഥങ്ങളും ഒരുപക്ഷത്തിൽ ഹിന്ദുക്കളുടെ മതഗ്രന്ഥങ്ങളാണെങ്കിലും അവരുടെ ശരിയായ പ്രമാണഗ്രന്ഥങ്ങൾ വേദങ്ങൾ മാത്രമാണ്. "ശ്രുതിപ്രാമാണ്യതോ വിദ്വാൻ സ്വധൎമ്മനിവിശേതവൈ, ധൎമ്മം ജിജ്ഞാസമാനാനാം പ്രമാണം പരമം ശ്രുതി." എന്നാണ് സ്മൃതികാരന്മാരിൽ പ്രമാണിയായ മനു പറയുന്നതു്. "ശ്രുതിസ്മൃതിപുരാണാനാം വിരോധൊ യത്ര ദൃശ്യതെ। തത്ര ശ്രൌതം പ്രമാണം സ്യാൽ തയോദ്വൈധെ ശ്രുതിവരാ" എന്നും സ്മൃതികാരന്മാർ പറയുന്നു. വേദങ്ങൾ മാത്രമാണ് "സ്വതഃപ്രമാണങ്ങൾ" മറവുള്ള ഗ്രന്ഥങ്ങൾ പരത്പ്രമാണങ്ങളാണ്—അതായതു് ശ്രുതിയോടു യോജിയ്ക്കുന്നിടത്തോളം മാത്രം പ്രാമാണ്യമുള്ളവയാണ്. ശ്രുതി രാജാവും മറവുള്ളവയെല്ലാം രാജാംഗങ്ങളുമാണ്.

വേദങ്ങളിൽ കൎമ്മകാണ്ഡവും ജ്ഞാനകാണ്ഡവും അടങ്ങിയിരിയ്ക്കുന്നു, ജ്ഞാനകാണ്ഡത്തെ വേദാന്തം, ഉപനിഷത്തു് എന്നും പറയുന്നു. കൎമ്മകാണ്ഡവും ജ്ഞാനകാണ്ഡവും വിരുദ്ധമല്ല. കൎമ്മകാണ്ഡം സാധനവും ജ്ഞാനകാണ്ഡം സാധ്യവുമാകുന്നു. കൎമ്മകാണ്ഡത്തിൽ പറഞ്ഞിട്ടുള്ള നിത്യനൈമിത്തികകൎമ്മങ്ങളുടെ നിഷ്കാമാനുഷ്ഠാനത്താൽ ശുദ്ധസത്വന്മാരും, കാമ്യകൎമ്മാനുഷ്ഠാനത്തിന്റെ ആവശ്യത്തെ വിവേകവൈരാഗ്യങ്ങളെക്കൊണ്ട് അതിക്രമിച്ചവരും ആയവൎക്കാണു ജ്ഞാനകാണ്ഡം. അവൎക്കേ ജ്ഞാനകാണ്ഡം പഠിക്കാവു എന്നില്ല. അവൎക്കേ അതിലെ ഉപദേശങ്ങൾ ഫലപ്പെടുകയുള്ളൂവെന്നുമാത്രം. എന്നാൽ ജ്ഞാനകാണ്ഡത്തിൽ അടങ്ങിയിരിക്കുന്ന മിക്ക ഉപദേശങ്ങളും കൎമ്മകാണ്ഡഗ്രന്ഥത്തിലും ചിതറിക്കിടപ്പുണ്ട്. എള്ളും എണ്ണയും തമ്മിലുള്ള സംബന്ധമാണ് വേദത്തിനും വേദാന്തത്തിനും തമ്മിലുള്ളതെന്നു പൂൎവന്മാർതന്നെ പറയുന്നു. "തിലേഷുതൈലവദ്വേദെവേദാന്തഃ സുപ്രതിഷ്ഠിതഃ". കൎമ്മകാണ്ഡത്തിൽ ഉൽകൃഷ്ടതത്വങ്ങൾ അവ്യക്തങ്ങൾ. ജ്ഞാനകാണ്ഡത്തിൽ സുവ്യക്തങ്ങൾ. കൎമ്മകാണ്ഡത്തിൽ അവ മറവു പല സംഗതികളുടേയും ഇടയിൽ ഒളിഞ്ഞുകിടക്കുന്നു. ജ്ഞാനകാണ്ഡത്തിൽ അവ നേരേ തെളിഞ്ഞു നില്ക്കുന്നു; അതിനാൽ ജ്ഞാനകാണ്ഡത്തെ 'ശ്രുതിശിരസ്സ്' എന്നു ആചാൎയ്യന്മാർ ഘോഷിയ്ക്കുന്നു. ഉപനിഷത്തുകൾ സൎവശ്രേഷ്ഠങ്ങളായ പ്രമാണങ്ങളാകയാലാണ് ആചാൎയ്യന്മാർ കൎമ്മകാണ്ഡത്തെ വിട്ടു് ഉപനിഷത്തുകളെ ഭാഷ്യനിൎമ്മാണത്തിനെടുത്തതു്. ഇങ്ങിനെ ഹിന്ദുമതഗ്രന്ഥങ്ങൾ വേദങ്ങളും വേദസാരം ഉപനിഷത്തുമാകുന്നു.

എന്നാൽ ഇവിടെ ഒരു കാര്യം ഓർക്കണം. ഉപനിഷത്തുകളാണു ഹിന്ദുക്കളുടെ പ്രമാണഗ്രന്ഥങ്ങളെങ്കിൽ അവയുടെ അർത്ഥം അറിയുന്നതെങ്ങിനെ? ദ്വൈതികളും വിശിഷ്ടാദ്വൈതികളും അദ്വൈതികളും ആയ ആചാര്യന്മാർ ഉപനിഷത്തുകളെ മൂന്നുതരത്തിൽ വ്യാഖ്യാനിച്ചിരിക്കുന്ന സ്ഥിതിക്കു ഹിന്ദുമതം മനസ്സിലാക്കാൻ പ്രയാസമുള്ളതല്ലേ? അല്ല; ഏതെങ്കിലും ഒരു ഭാഷ്യകാരന്റെ മതം സ്വീകരിച്ചാൽ മതിയാകും. ദ്വൈതവും വിശിഷ്ടാദ്വൈതവും അദ്വൈതവും മൂന്നു നിലയിൽ ഒരുവന്നുതന്നെയുണ്ടാകുന്ന അനുഭവത്തെ ആസ്പദമാക്കിയിട്ടുള്ളവയാണ്. ഹനുമാൻ പറയുന്നു.

"ദേഹഭാവെതുദാസോ * ഹം. ജീവഭാവെത്വദംശക
ആത്മഭാവെത്വമേവാഹമിതിമേനിശ്ചിതാമതിഃ"

ദേഹബുദ്ധിയുള്ളപ്പോൾ അല്പശക്തനായ ജീവന്ന് സർവ്വശക്തനായ ഈശ്വരനോ ഈശ്വരന്റെ അംശംതന്നെയോ ആണെന്നു പറവാൻ അവകാശമില്ല. അപ്പോൾ ഈശ്വരൻ യന്ത്രിയും, ജീവനും ജഗത്തും യന്ത്രവും മാത്രമാണ്. എന്നാൽ ജീവബുദ്ധി ലഭിച്ച് ശരീരബുദ്ധി മാറുമ്പോൾ ആത്മാവിന്ന് ഈശ്വരന്റെ അംശമാണെന്ന ബോധമുണ്ടാകുന്നു. ജീവന്ന് തന്റെ യഥാർത്ഥരൂപമായ ആത്മബുദ്ധി വരുമ്പോൾ താനും സർവ്വവ്യാപിയായ പരചൈതന്യവും ഒന്നാണെന്നും തിരയും കടലുംപോലെയുള്ള സംബന്ധമാണ് തനിക്കും ഈശ്വരനും തമ്മിലുണ്ടായിരുന്നതെന്നും ബോധം വരുന്നു. "ജ്ഞാനജ്ഞാതൃജ്ഞേയശൂന്യമനന്തംനിർവ്വികല്പകം" എന്ന ആ അവസ്ഥയിലെ അനുഭവത്തെ അടിസ്ഥാനമാക്കിയാണ് അദ്വൈതം പുറപ്പെട്ടിട്ടുള്ളത്. വ്യാവഹാരികാവസ്ഥയിൽ ഈ ലോകം മിത്ഥ്യയാണെന്നോ താൻതന്നെ ബ്രഹ്മമാണെന്നോ അദ്വൈതാചാര്യനായ ശ്രീശങ്കരൻപോലും ഒരിക്കലും പറഞ്ഞിട്ടില്ല. അതിനാൽ ഹിന്ദുക്കളുടെ മതത്രയങ്ങൾ പരസ്പരവിരുദ്ധങ്ങളാണെന്നു കരുതുന്നവർ ആഴത്തിൽ നോക്കാത്തവരും ആത്മാനുഭൂതിയെപ്പററി അറിഞ്ഞിട്ടില്ലാത്തവരുമാണ്.

(തുടരും)

* കർമ്മകാണ്ഡത്തിൽ ജ്ഞാനകാണ്ഡഭാഗതത്വങ്ങൾ ഗ്രഹിക്കത്തക്ക വിധത്തിൽ പല പ്രാർത്ഥനകളിലും ഐതിഹ്യങ്ങളിലും കലർത്തിവച്ചിരിക്കുന്നുവെന്ന് അർത്ഥം.